കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

സത്യജ്വാല മാസിക

117

Vol. 09 Issue 10 | June 2022 | Price Rs. 30.00

- ബിഷപ്പ് ധർമ്മരാജ് റസാലം ഇരുട്ടിന്റെ മറവിൽ കാട്ടിയ കന്നംതിരിവ് !
- വത്തിക്കാൻ രാഷ്ട്രവും മാർപാപ്പാസ്ഥാനവും യേശുവിന്റെ സഭയും
- ദേവസഹായം പിള്ളയെ വാഴ്ത്തുന്നവരോട്
- സ്വന്തം പരാജയം ഏറ്റുപാടുന്ന തൃശ്ശൂർ ആർച്ചുബിഷപ്പ് !

സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

അക്കൗണ്ടുവഴിയോ, QR കോഡ് വഴിയോ പണം ട്രാൻസ്ഫർ ചെയ്യുന്നവർ സർക്കുലേഷൻ മാനേജരുടെ വിലാസത്തിൽ കത്തയച്ചോ ഫോണിൽ ബന്ധപ്പെട്ടോ വിലാസവും മറ്റുവിവരങ്ങളും നൽകേണ്ടതുണ്ട് എന്നറിയിക്കുന്നു.

ജൂൺ 2022 | പുസ്തകം 09 | ലക്കം 10

രചനകൾ അയയ്ക്കാൻ:
ജോർജ് മൂലേച്ചാലിൽ
എഡിറ്റർ
വള്ളിച്ചിറ പി.ഒ., കോട്ടയം–686574
ഫോൺ: 9497088904
e-mail: geomoole@gmail.com

വരിസംഖ്യ അയയ്ക്കേണ്ട വിലാസം:
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം– 686 575
ഫോൺ: 9400961610, 9495188610
e-mail: almayasabdam@gmail.com

Bank: Canara Bank, Pala
A/C No: 0829201000633
A/C Name : Kerala Catholic Church Reformation movement
IFSC Code: CNRB0000829

പത്രാധിപസമിതി: പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം-9495897122, ആന്റോ മാങ്കൂട്ടം-9447136392, ഡോ. എം.കെ. മാത്യു-9447112718, ജോസഫ് കാലായിൽ-തൊടുപുഴ 9447663433, ചാക്കോ കളരിക്കൽ-USA (001) 5866015195, അലക്സ് കാവുംപുറം-USA (001) 5165039387.

ഈ ലക്കത്തിൽ

വത്തിക്കാൻ രാഷ്ട്രവും മാർപാപ്പാസ്ഥാനവും യേശുവിന്റെ സഭയും
എഡിറ്റർ 03

സഭാനേതൃത്വത്തെ എന്തിന് വിമർശിക്കുന്നു?
ആന്റോ മാങ്കൂട്ടം 06

സ്വന്തം പരാജയം ഏറ്റുപാടുന്ന തൃശ്ശൂർ ആർച്ചുബിഷപ്പ്!
പ്രതികരണം ഷൈജു ആന്റണി 09

സിംഹാസനത്തിനിളക്കംതട്ടിയെന്ന തിരിച്ചറിവിന്റെ വേവലാതി!
ഷൈജു ജോസ് താക്കോൽക്കാരൻ 11

കൊഴിയുന്ന ക്രൈസ്തവരെയോർത്തു കരയുന്ന തൃശൂർ മെത്രാപ്പോലീത്തയോട്
ജോബ്സൺ ജോസ് 12

ദേവസഹായം പിള്ളയെ വാഴ്ത്തുന്നവരോട്
ഡോ. ടി.പി. ശങ്കരൻകുട്ടിനായർ 13

നാണം കെടുത്തിയ മാർപാപ്പാമാർ
ബോസ് ഈപ്പൻ പുഞ്ഞാർ 15

ഇണപിരിയാത്ത അവിശുദ്ധ കൂട്ടുകെട്ട് 18

ജോമോന്റെ ' വെളിപാടുകളിൽ കേരളം പ്രകമ്പനംകൊള്ളും
ഡോ. കെ.ടി. ജലീൽ 18

യേശുവിന്റെ കൊലയ്ക്കുപിന്നിൽ ആര്? – ഒരു പുനരന്വേഷണം
ഷൈജു താക്കോൽക്കാരൻ, ലൂക്കോസ് ചുള്ളിക്കര 21

താമരശ്ശേരി രൂപതയിലെ പുഷ്പഗിരി ക്വാറി സംബന്ധിച്ച് ഇഘഅയ്ക്ക് പറയാനുള്ളത്
എം.എൽജോർജ്ജ് 23

കാസയുടെ ലക്ഷ്യമെന്ത്?
ഗീവർഗ്ഗീസ്, പെരുമ്പാവൂർ 25

'കാസ'യുടെ വർഗീയവിദ്വേഷ പ്രചാരണത്തിനെതിരെ നിയമപോരാട്ടം!
സിറ്റിസൺസ് ഫോർ ഡെമോക്രസി 26

ഫാ ജയിംസ് ഏർത്തയിലിനെതിരേയുള്ള കുറ്റപത്രം റദ്ദുചെയ്തു! 27

മലയാറ്റൂർ മലയിൽനിന്നുള്ള പൊൻപണമിറക്കം! 28

മത്തായി ദുർവ്യാഖ്യാനിച്ച പ്രവചനങ്ങൾ (4)
പ്രൊഫ. പി.എൽ. ലൂക്കോസ് 29

മതപഠനവും വിശ്വാസപരിശീലനവും സീറോ–മലബാർസഭയും
സണ്ണി മാത്യു കുന്നേൽപ്പുരയിടം 31

ഡിസംബർ ലക്കം മുഖക്കുറി – ഒരു വീക്ഷണം (ഭാഗം 4)
റവ. ഡോ. വത്സൻ തമ്പു 32

ഓർമ്മക്കുറിപ്പുകൾ
ഫാദർ സെബാസ്റ്റ്യൻ കാപ്പൻ 36

ദൈവചിന്തയിലെ പൊരുത്തക്കേടുകൾ
വി. എം. ഫ്രാൻസീസ് വിലങ്ങുപാറ 38

ബിഷപ്പ് ധർമ്മരാജ് റസാലം ഇരുട്ടിന്റെ മറവിൽ കാട്ടിയ കന്നംതിരിവ്!
'i 2 i News' 40

പുന്നയ്ക്കൽ സ്കൂൾ വിഷയത്തിൽ സർക്കാർ ഉത്തരവിന് ഹൈക്കോടതി സ്റ്റേ!
എം.എൽ ജോർജ് മാളിയേക്കൽ 41

കെ സി ആർ എം പ്രതിമാസപരിപാടി–ജൂൺ 43

കെ സി ആർ എം പ്രോഗ്രാം റിപ്പോർട്ട് 44

സത്യജ്വാല മാസിക–വരിസംഖ്യാ നിരക്ക്

വരിസംഖ്യ	ഇൻഡ്യയിൽ	വിദേശത്ത്
ഒറ്റപ്രതി	30 രൂപാ	300 രൂപാ
ഒരു വർഷം	300 രൂപാ	3000 രൂപാ
5 വർഷം	1200 രൂപാ	12000 രൂപാ

കവർ ചിത്രം: 'ചർച്ച് ഓഫ് സൗത്ത് ഇന്ത്യ' മോഡറേറ്റർ ബിഷപ്പ് ധർമ്മരാജ് റസാലം, ഗണ്ടായിസത്തിലൂടെ കൈയേറി സ്വന്തം കത്തീഡ്രലാക്കിയ തിരുവനന്തപുരത്തെ എംഎം സിഎസ്ഐ ചർച്ച്.

(രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്)
(പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്)

സത്യജ്വാല
ജൂൺ 2022 പുസ്തകം 09 ലക്കം 10

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മർ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ!" *(എഫേ. 6: 11- 12).*

മുഖക്കുറി

വത്തിക്കാൻ രാഷ്ട്രവും മാർപാപ്പാസ്ഥാനവും യേശുവിന്റെ സഭയും

മാർപാപ്പ ഇന്ന് ഒരേസമയം, കത്തോലിക്കാസഭയുടെ പരമോന്നത ആദ്ധ്യാത്മികാചാര്യനും വത്തിക്കാൻ രാഷ്ട്രത്തിന്റെ പരമോന്നത ഭരണാധികാരിയുമാണ്. ഉള്ളടക്കംകൊണ്ട് ആദ്ധ്യാത്മികം, ലൗകികം എന്നീ വിരുദ്ധ ഊന്നലുകളുള്ള ഈ രണ്ടു സ്ഥാനങ്ങൾ ഒരേസമയം വഹിക്കാൻ ഏതെങ്കിലും മനുഷ്യനു കഴിയുമോ? 'ദൈവത്തെയും മാമോനെയും ഒപ്പം സേവിക്കാൻ നിങ്ങൾക്ക് സാധ്യമല്ല' (മത്താ. 6: 24) എന്ന് യേശു പറയുമ്പോൾ, അധികാരഭരണവും ആദ്ധ്യാത്മികശുശ്രൂഷയും ഒന്നിച്ചു നിർവ്വഹിക്കാൻ സാധ്യമല്ല എന്നല്ലേ അർത്ഥമാകുന്നത്? 'സീസറിന്റേതു സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക' (മത്താ. 22: 22) എന്നു പറയുമ്പോഴും, ഇവ രണ്ടിനെയും വേർതിരിച്ച് നിർത്തണം എന്നാണല്ലോ അർത്ഥമാകുന്നത്. കൂടാതെ യേശു, "വിജാതീയരുടെമേൽ അവരുടെ ഭരണാധികാരികളെന്നു വച്ചിട്ടുള്ളവർ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെ മേൽ അധികാരം നടത്തുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഇത് നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ഭൃത്യനാകണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും അടിമയാകണം. കാരണം, മനുഷ്യപുത്രൻപോലും വന്നിരിക്കുന്നത് സേവിക്കപ്പെടാനല്ല, സേവിക്കാനാണ്; അനേകർക്കുവേണ്ടി സ്വജീവൻ വീണ്ടെടുപ്പുവിലയായി നൽകാനാണ്" (മർക്കോ.10: 42- 45) എന്നു വ്യക്തമാക്കിക്കൊണ്ട്, അധികാരഭരണത്തെ പൂർണ്ണമായി വിലക്കുന്നതിൽനിന്ന്, മാർപാപ്പയുടെ ഇന്നത്തെ വത്തിക്കാൻ രാഷ്ട്രഭരണം അക്രൈസ്തവമാണെന്ന് വരുന്നില്ലേ എന്നും ആലോചിക്കുക.

തലചായ്ക്കാൻ ഇടമില്ലാത്തവനായിരുന്നു, യേശു (മത്താ. 8: 20). ആദ്യ മാർപാപ്പ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പത്രോസിനും ഭൗതിക സമ്പത്ത് - വെള്ളിയും പൊന്നും - ഇല്ലായിരുന്നു (അപ്പോ. പ്രവ. 3: 6). എന്നാൽ അതേ പത്രോസിന്റെ പിൻഗാമിയായ ഇന്നത്തെ പാപ്പാ ഒരു രാഷ്ട്രത്തിന്റെ പരമാധികാരിയാണ് എന്നു വരുമ്പോൾ, അവിടെ അടിസ്ഥാനപരമായി ഒരു പ്രശ്നമുണ്ടെന്ന് തോന്നുന്നില്ലേ? കൂടുതൽ നിരീക്ഷിച്ചാൽ, സഭയിൽ നിലവിലുള്ള എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം തന്നെ മാർപാപ്പാസ്ഥാനിയുടെ ഈ 'സീസർ വിളയാട്ടം' ആണെന്ന് കാണാൻകഴിയും. 'ആശാന് ഒന്നു പിഴച്ചാൽ.....' എന്നു പറയുന്നതുപോലെ, സീസർ ഭരണമെന്ന മാർപാപ്പയുടെ ഈ പിഴവാണ്, കർദ്ദിനാൾമാർതൊട്ട് കൊച്ചച്ചന്മാർ വരെ പടർന്നുപന്തലിച്ച്, സഭയെ ഒരു അധികാരസാമ്രാജ്യം ആക്കിയിരിക്കുന്നത്; ആദ്ധ്യാത്മികമരുഭൂമിയാക്കിയിരിക്കുന്നത്.

ചരിത്രപരമായ കാരണങ്ങളാൽ പരിണമിച്ച് ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരിക്കുന്ന അതിശക്തമായ പേപ്പസിക്കെതിരെ ഇങ്ങനെ വിരൽചൂണ്ടുന്നത് അസംബന്ധവും പ്രയോജനരഹിതവും ആത്മഹത്യാപരവുമാണെന്ന് ചിന്തിക്കുന്നവരാണ് അധികവും എന്നറിയാം. അങ്ങനെയെങ്കിൽ, അതുപോലെ സ്ഥിരപ്രതിഷ്ഠ നേടിയതായിരുന്നു, ചക്രവർത്തി സ്ഥാനവും യഹൂദമതത്തിലെ മഹാപുരോഹിത സ്ഥാനവും ഒക്കെ; എല്ലാം കടപുഴകി വീണില്ലേ? കാലഹരണപ്പെട്ടിട്ടും വീഴാതെ ഇന്നും നിലനിൽക്കുന്നത് വത്തിക്കാൻ ആസ്ഥാനമായുള്ള ആധ്യാത്മിക - ഭൗതിക ചക്രവർത്തിഭരണമാണ്. യേശുവിന്റെ പ്രതിനിധിയും ആധ്യാത്മികാചാര്യനും എന്ന നിലയിൽ ഒരു ദൈവിക പരിവേഷം ആ സ്ഥാനത്തെ പൊതിഞ്ഞു നിൽക്കുന്നു

എന്നതാണ് അതിന്നും നിലനിൽക്കുന്നതിന് കാരണം. ഈ പരിവേഷത്തിന്റെ മായാവലയത്തിൽനിന്ന് പുറത്തുകടന്നു നോക്കിയാൽ, അത് കേവലം മണലിൽ പണിത ഒരു സൗധമാണെന്ന് കാണാനാകും. ഈ മായിക പരിവേഷത്തിൽനിന്ന് പുറത്തുകടക്കാൻ യേശുവിന്റെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ സഭാചരിത്രം കൂടി പരിശോധിക്കുന്നത് സഹായകമായേക്കാം.

ആദിമസഭയിൽ ചില പ്രദേശങ്ങളിലെങ്കിലും പരസ്പര സേവനത്തിലൂടെ യും പങ്കുവയ്ക്കലിലൂടെയും, പരസ്പരാനന്ദത്തിലും ഉദാരമനസ്കതയിലും മുഴുകി ജീവിച്ച കൂട്ടായ്മാ സമൂഹങ്ങൾ നിലവിൽ വന്നിരുന്നുവെന്ന കാര്യം അപ്പോസ്തോല പ്രവർത്തനങ്ങൾ വിവരിക്കുന്നതിന്റെ ആദ്യഭാഗത്ത് നാം കാണുന്നുണ്ട് (2: 42-47; 4: 32-35). അവിടെ എല്ലാ വസ്തുക്കളുംമാത്രമല്ല, എല്ലാവരുടെയും എല്ലാ കഴിവുകളും അധ്വാനഫലങ്ങളും ആ സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കും ഉയർച്ചയ്ക്കുമായി പങ്കുവയ്ക്കപ്പെട്ടു. ധാർമികാധികാരമല്ലാതെ, ലൗകികമായ ഒരധികാരവും അവിടെയാർക്കും ആരുടേയുംമേൽ ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ, യേശു പ്രസംഗിച്ച ദൈവരാജ്യത്തിന്റെ ഉദ്ഘാടനമായിട്ടായിരുന്നു, ആദിമസഭ രൂപപ്പെട്ടത്.

എന്നാൽ നാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സഭ റോമാ സാമ്രാജ്യവുമായി സന്ധി ചെയ്തതോടെ, എല്ലാം കീഴ്മേൽ മറിഞ്ഞു. റവ. ഡോ. സേവ്യർ കൂടപ്പുഴ തന്റെ 'തിരുസഭാചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുന്നു: 'ക്രൈസ്തവ മതം റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി അംഗീകരിക്കപ്പെട്ടപ്പോൾത്തന്നെ സഭാഭരണവും രാജഭരണവുമായി ഉറ്റബന്ധമുണ്ടായി. റോമൻ ഭരണകൂടത്തിൽ നിലവിലിരുന്ന ഭരണരീതി സഭാനേതാക്കളും സ്വീകരിച്ചു' (പേജ്, 244). റോമൻ സാമ്രാജ്യമതമായിത്തീർന്ന നിമിഷംതന്നെ അധികാരം സംബന്ധിച്ച യേശുവിന്റെ പരമപ്രധാനമായ കല്പന ക്രിസ്തുമതം തള്ളിക്കളഞ്ഞുവെന്നാണ് ഇവിടെ നമുക്ക് കൃത്യമായി മനസ്സിലാകുന്നത്.

ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇറ്റലിയുടെ രാഷ്ട്രീയരംഗത്ത് മാർപാപ്പ തന്റെ സ്വാധീനം ഗണ്യമായി ഉറപ്പിച്ചു. 1073 മുതൽ 1085 വരെ മാർപാപ്പയായി വാണ ഗ്രിഗറി ഏഴാമന്റെ കാലംമുതൽ, പാശ്ചാത്യരാജ്യങ്ങൾ പൊതുവേ മാർപാപ്പയുടെ നേതൃത്വം അംഗീകരിച്ചു. എല്ലാ അധികാരങ്ങളും റോമിലെ മാർപാപ്പയിൽ കേന്ദ്രീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1215-ൽ നാലാം ലാറ്ററൻ സൂനഹദോസ് നടത്തിയത്. വിശുദ്ധരുടെ നാമകരണ നടപടികളും, മതദ്രോഹികളെന്ന് സഭാധികാരം കരുതുന്നവരെ വിചാരണചെയ്യുന്ന ഇൻക്വിസിഷൻ (inquisition) നടപടികളും റോമിൽ കേന്ദ്രീകരിച്ചു. 1118 വരെ മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നത് അതാത് പ്രൊവിൻസിലെ മെത്രാന്മാരും സന്ന്യാസമേലധികാരികളും ഭദ്രാസന ദേവാലയത്തിലെ വൈദികസമൂഹവും (Cathedral Chapter) അല്മായ പ്രതിനിധികളും അവിടുത്തെ രാഷ്ട്രീയാധികാരികളുടെ പ്രതിനിധികളും ചേർന്നായിരുന്നത്, 1122-ലെ വേംസ് ഉടമ്പടി (Concordat of Worms) യോടെ Cathedral Chapter ഏറ്റെടുത്തു. അതുവഴി മെത്രാന്മാരെ തിരഞ്ഞെടുക്കാനുള്ള അധികാരവും മാർപാപ്പയുടേതായി.

റവ ഡോ. കൂടപ്പുഴ എഴുതുന്നു: "എട്ടാം നൂറ്റാണ്ട് ആയപ്പോൾ സഭാകാര്യങ്ങളിൽമാത്രം ഒതുങ്ങിനിൽക്കാതെ

നിഷ്പക്ഷമായ നിരീക്ഷണത്തിൽ, ഇന്നും നിലനിൽക്കുന്ന ഈ പേപ്പസി സമ്പ്രദായം അതിൽത്തന്നെ മനുഷ്യവിരുദ്ധവും തന്മൂലം, മതവിരുദ്ധവും ആണെന്നു കാണാം. അത് യേശുക്രിസ്തുവിന്റെയും ദൈവത്തിന്റെയും മേൽവിലാസത്തിൽ മാമോൻസേവ നടത്താനുള്ള കപട സംവിധാനത്തിന്റെ രാജസ്ഥാനമാണ്. ഈ രാജകീയ മാമോൻ സംവിധാനത്തിന്റെ, ഈ പുരോഹിതരാജത്വത്തിന്റെ കീഴിലായതാണ്, സത്യത്തിനും നീതിക്കുംനേരെ കണ്ണടച്ചുകൊണ്ട് കേരളസഭയും അധാർമികതയുടെ പടുകുഴിയിലേക്ക്, ആ ഇരുണ്ട നൂറ്റാണ്ടുകളിലേക്ക് ആധികാരികമായിത്തന്നെ നയിക്കപ്പെടാൻ കാരണം.

മാർപാപ്പാ സ്വതന്ത്രമായ ഒരു രാഷ്ട്രത്തലവൻ എന്ന നിലയ്ക്കുള്ള തന്റെ അവകാശങ്ങളുടെ അംഗീകാരത്തിനായി പ്രതിനിധികളെ മറ്റു രാജ്യങ്ങളിലേക്കും രാജസദസ്സുകളിലേക്കും അയയ്ക്കുവാൻ തുടങ്ങി" (മുൻഗ്രന്ഥം, പേജ് 461). ഒരു പാപ്പാ സാമ്രാജ്യം സ്ഥാപിച്ച് ക്രിസ്തുവിന്റെ വികാരിയെന്നപേരിൽ അതിന്റെ ചക്രവർത്തിയായി ലോകത്തെ ഭരിക്കണമെന്ന മാമോനിക വ്യഗ്രതയിൽ പേപ്പസി ആണ്ടുപോകുന്ന കാഴ്ചയാണ് തുടർന്നും നമുക്ക് കാണാൻ കഴിയുന്നത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ കാനോൻ നിയമം ക്രോഡീകരിച്ചതും അതേ അധികാര- സാമ്പത്തികവ്യഗ്രത മൂലമായിരുന്നു. ഈ കാലയളവിലൊന്നും ആധ്യാത്മികാചാര്യത്വം പ്രകടമാകുന്നതോ വിശ്വാസികളെ ആധ്യാത്മികതയിലേക്കും യേശു ഉപദേശിച്ച സ്നേഹ ജീവിതത്തിലേക്കും നയിക്കുന്നതോ ആയ യാതൊന്നും മാർപാപ്പമാർ ചെയ്തതായി കാണുന്നില്ല. പകരം, പാപ്പാസാമ്രാജ്യത്തിന്റെ പുരോഹിതകേന്ദ്രീകൃത ഘടന ഊട്ടിയുറപ്പിക്കാനുദ്ദേശിച്ചുള്ള ദൈവശാസ്ത്രസിദ്ധാന്തങ്ങൾക്കും വിശ്വാസസത്യങ്ങൾക്കും അനുഷ്ഠാനക്രമങ്ങൾക്കും രൂപംകൊടുക്കുകയാണ് ചെയ്തത്. അതൊക്കെയാണ് ക്രൈസ്തവവിശ്വാസമെന്നും പുണ്യപ്രവൃത്തികളെന്നും തോന്നിപ്പിച്ചുകൊണ്ട് വിശ്വാസികളുടെമേൽ ആധ്യാത്മികതലത്തിലും ലൗകികതലത്തിലും രാജകീയശൈലിയിൽ അധികാരഭരണം നടത്തുകയായിരുന്നു മാർപാപ്പമാരും പേപ്പസിയുടെ അധീനതയിലുള്ള പുരോഹിത – മഹാപുരോഹിതശ്രേണിയും. ഇതോടൊപ്പം, ഇറ്റലിയിൽ ഏതാണ്ട് 16000 ചതുരശ്ര മൈൽ വിസ്തീർണമുള്ള ഒരു 'പേപ്പൽ രാജ്യം' സ്ഥാപിച്ച്, എ ഡി 756 മുതൽ 1870 വരെ നേരിട്ട് രാജഭരണം നടത്തുകയും ചെയ്തു, മാർപാപ്പമാർ.

ഇപ്രകാരം രാജ്യവും ശക്തിയും ആർജ്ജിച്ചും സ്വയം മഹത്വംപ്രഖ്യാപിച്ചും മാർപാപ്പാമാർ സഭയുടെ സർവ്വാധിപതികളായി. അതോടെ, 'അധികാരം ദുഷിപ്പിക്കും, പരമാധികാരം പരമമായി ദുഷിപ്പിക്കും' എന്ന പ്രമാണം വെച്ച്, പേപ്പസി ദുഷിച്ചുതുടങ്ങുകയും അധാർമ്മികതകളുടെ കൂത്തരങ്ങും ക്രൂരതയുടെ പര്യായവുമായി മാറുകയും ചെയ്തു. റോമൻ ചക്രവർത്തിമാരെ തിരഞ്ഞെടുക്കുന്നതിൽ പ്രഭുക്കന്മാർ തമ്മിൽ നടന്ന യുദ്ധങ്ങളെയും കലാപങ്ങളെയും ഓർമ്മിപ്പിക്കുന്ന വിധത്തിൽ, മാർപാപ്പയാകാൻ വേണ്ടി പ്രഭുക്കന്മാർ പരസ്പരം മത്സരമായി. അതിന്റെ ഒരു ചെറിയ ചിത്രം ഇതാ: 'സമ്പന്നനും പേപ്പൽ അധികാരിയും സെനറ്ററുമായ തിയോഫിലാക്റ്റ് അധികാരം കവർന്നെടുത്തു. ഇയാളും ഭാര്യ തെയഡോറായും പെൺമക്കളായ തെയഡോറായും മ റോസിയയുംചേർന്ന് രണ്ടു തലമുറ റോമിൽ ആധിപത്യം സ്ഥാപിച്ചു. മറോസിയ അവളുടെ സൗന്ദര്യം കൊണ്ട് സെർജിയൂസ് മാർപാപ്പായെ കീഴടക്കി ആ കുടുംബത്തിന്റെ അധികാരം ഉറപ്പിച്ചു..... മറോസിയയുടെയും സെർജിയൂസ് മാർപാപ്പായുടെയും പുത്രനായിരുന്നു, ജോൺ പതിനൊന്നാമൻ മാർപാപ്പാ (931 935). അദ്ദേഹം റോമിലെ ഭരണത്തിന്റെ കടിഞ്ഞാൺ തന്റെ അമ്മയ്ക്ക് പൂർണ്ണമായും വിട്ടുകൊടുത്തു' (History of Catholic Church, Milwaukee, 1957 page, 169 സ്വതന്ത്ര തർജമ).

പൗരോഹിത്യം നട്ടുവളർത്തിയ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കെട്ടിയിടപ്പെട്ടിരുന്ന വിശ്വാസിസമൂഹത്തിന്, സ്വാഭാവികമായും പ്രതികരണശേഷി കഷ്ടിയായിരുന്നു. പ്രതികരിച്ചവരെ മതദ്രോഹികൾ എന്നാരോപിച്ച്, കഠിനമായ പീഡനങ്ങൾക്കിരകളാക്കിയും പച്ചയ്ക്കു ചുട്ടും സഭാധികാരം കൊന്നുതള്ളി. നൂറ്റാണ്ടുകൾ നീണ്ട മതദ്രോഹവിചാരണക്കൊലപാതകങ്ങളിലൂടെ ലക്ഷക്കണക്കിന് വിശ്വാസികളെയാണ് സഭ കൊന്നൊടുക്കിയത്. ഏതു വിഷയത്തിലും മെത്രാന്മാരുടെ മുമ്പിൽ നാവടക്കി ഓച്ഛാനിച്ചുനിന്നു പിന്തുണയ്ക്കുന്ന ഇന്നത്തെ രാഷ്ട്രീയനേതാക്കളെപ്പോലെതന്നെ, മാർപാപ്പാമാരുടെ രാഷ്ട്രീയശക്തിക്കുമുമ്പിൽ അന്നത്തെ രാജാക്കന്മാരും കുമ്പിട്ട് നിന്ന് അവർക്ക് പിന്തുണ നൽകുകയുമാണ് ചെയ്തുപോന്നിരുന്നത്.

1870-ൽ ഇറ്റാലിയൻ പട്ടാളം പോപ്പിൽനിന്ന് റോമിനെ മോചിപ്പിക്കുകയും ഇറ്റലിയുടെ തലസ്ഥാനമാക്കുകയും ചെയ്തു. 1920-ൽ ലാറ്ററൻ ഉടമ്പടി പ്രകാരം 109 ഏക്കർമാത്രം വിസ്തീർണ്ണമുള്ള വത്തിക്കാൻ സിറ്റി മാർപാപ്പയുടെ അധികാരത്തിൻകീഴിലാക്കി നൽകുകയും അതിനെ മാർപാപ്പയ്ക്ക് പരമാധികാരമുള്ള ഒരു രാഷ്ട്രമായി അംഗീകരിക്കുകയും ചെയ്തു. എങ്കിലും, രാഷ്ട്രാധിപതി എന്ന സ്ഥാനമൊഴിഞ്ഞ്, തികച്ചും ഒരു ആദ്ധ്യാത്മിക നേതാവും ആചാര്യനുമാകാൻ ഒരു മാർപാപ്പയും തുടർന്നും തയ്യാറായിട്ടില്ല. അങ്ങനെ റോമൻ സാമ്രാജ്യവുമായി ഇണചേർന്നുണ്ടായ ഇന്നത്തെ ക്രിസ്തുമതത്തിന്റെ 'ജന്മപാപ'മായി തുടരുകയാണ് മാർപാപ്പയുടെ വത്തിക്കാൻ രാഷ്ട്രതലവൻ എന്ന പദവി. മാത്രമല്ല, ആ പദവി ദുരുപയോഗിച്ച് വത്തിക്കാൻ മതരാഷ്ട്രത്തിന്റെ ഭരണഘടനയായ കാനോൻ നിയമം എല്ലാ രാജ്യങ്ങളിലെയും കത്തോലിക്കരുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ രാജഭരണം നടത്തുകയുമാണ് മാർപാപ്പാസ്ഥാനി. മറ്റൊന്ന്, 109 ഏക്കർമാത്രമേ വത്തിക്കാൻ രാഷ്ട്രത്തിന് പ്രത്യക്ഷത്തിൽ ഉള്ളൂവെങ്കിലും, കാനോൻ നിയമമനുസരിച്ച് ലോകത്തെവിടെയുമുള്ള സഭാസ്വത്തുക്കളുടെ പരമോന്നത ഭരണാധികാരി മാർപാപ്പയാണ്. അങ്ങനെ നോക്കിയാൽ, മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ (16000 ചതുരശ്ര മൈൽ) എത്രയോ മടങ്ങ് വിസ്തൃതിയോടുകൂടിയ പേപ്പൽ സ്റ്റേറ്റാണ് ഇന്ന് മാർപാപ്പയ്ക്കുകീഴിൽ പരോക്ഷമായി നിലനിൽക്കുന്നത് എന്നോർത്ത് നമുക്ക് അൽഭുതം കൂറേണ്ടിവരും.

നിഷ്പക്ഷമായ നിരീക്ഷണത്തിൽ, ഇന്നും നിലനിൽക്കുന്ന ഈ പേപ്പസി സമ്പ്രദായം അതിൽത്തന്നെ മനുഷ്യവിരുദ്ധവും തന്മൂലം, മതവിരുദ്ധവും ആണെന്നു കാണാം. അത് യേശുക്രിസ്തുവിന്റെയും ദൈവത്തിന്റെയും മേൽവിലാസത്തിൽ മാമോൻസേവ നടത്താനുള്ള കപട സംവിധാനത്തിന്റെ രാജസ്ഥാനമാണ്. ഈ രാജകീയ മാമോൻ സംവിധാനത്തിന്റെ, ഈ പുരോഹിതരാജത്വത്തിന്റെ കീഴിലായതാണ്, സത്യത്തിനും നീതിക്കുംനേരെ കണ്ണടച്ചുകൊണ്ട് കേരളസഭയും അധാർമികതയുടെ പടുകുഴിയിലേക്ക്, ആ ഇരുണ്ട നൂറ്റാണ്ടുകളിലേക്ക് ആധികാരികമായിത്തന്നെ നയിക്കപ്പെടാൻ കാരണം.

ചുറ്റും ഒന്ന് കണ്ണോടിച്ചാൽ, ഇവിടെയുള്ള എല്ലാ സഭകളുടെയും മേലധികാരികൾ റോമൻ മോഡലിലുള്ള അധികാരസിംഹാസനം മോഹിക്കുന്നവരാണ് എന്നും, അതിനുവേണ്ടി എന്തു ചെയ്യാനും മടിക്കാത്തവരാണ് എന്നും കാണാൻ കഴിയും. CSI ബിഷപ്പ് ധർമ്മരാജ് റസാലം ഗുണ്ടാവിളയാട്ടം നടത്തി തിരുവനന്തപുരത്തെ എം എം ചർച്ച് തന്റെ കത്തീഡ്രൽ ആക്കിയത് ഒരു ഉദാഹരണംമാത്രം

(കാണുക, പേജ്-40). യാക്കോബായ സഭയിലും ഓർത്ത ഡോക്സ് സഭയിലും എന്തെല്ലാം അതിക്രമങ്ങളും ആഭാസത്തരങ്ങളുമാണ് പുരോഹിതശ്രേഷ്ഠന്മാർ ചെയ്തു കൂട്ടുന്നത്! അതിന്റെകൂടെയാണ്, ഒരു കൂട്ടരുടെ പള്ളികൾ പിടിച്ചടക്കാനുള്ള മറുകൂട്ടരുടെ യുദ്ധം. 1992-ൽ കേരളത്തിലെ 'സീറോ' സഭകളിൽ കാനോൻ നിയമം നടപ്പിലാക്കിയതിനേത്തുടർന്ന്, അന്നുവരെ കാണാത്ത വിധം പത്തിവിടർത്തി വിഷം ചീറ്റിത്തുടങ്ങിയ കത്തോലിക്കാപൗരോഹിത്യത്തിന്റെ സ്വേച്ഛാധിപത്യമാതൃകയാണ് ഇവയ്ക്കെല്ലാം ഉത്തേജകമായിത്തീർന്നത്.

ഇതിൽനിന്ന് ഇവിടുത്തെ ക്രൈസ്തവർ മനസ്സിലാക്കേണ്ടത്, യൂറോപ്പിനെ നിരവധി നൂറ്റാണ്ടുകാലം അന്ധവും ബധിരവുമാക്കിയ അതേ ഇരുണ്ട നൂറ്റാണ്ടുകളിലേക്കാണ് നമ്മളും അറിവുമാടുകളെപ്പോലെ മാർച്ചു ചെയ്തുകൊണ്ടിരിക്കുന്നത് എന്നാണ്. അതിന്റെ അടിസ്ഥാനകാരണം മാർപാപ്പയുടെ ഭൗതിക രാജത്വം പ്രകടമാക്കുന്ന വത്തിക്കാൻ രാഷ്ട്രമാണെന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. അതേ രാജത്വത്തിന്റെ അധികാരസുഖം ആസ്വദിച്ചുകൊണ്ടാണ്, അതിന്റെ ചെറുമാതൃകകളായാണ് ഓരോ മെത്രാനും ഓരോ വികാരിയും ഇവിടെ വാഴുന്നത്. എല്ലാവരും തങ്ങൾ ദൈവസേവ നടത്തുകയാണെന്ന വ്യാജേന അധികാരത്തെയും ധനത്തെയും, അതായത് മാമോനെ, സേവിക്കുകയാണ്.

ദൈവസേവയെന്നാൽ മനുഷ്യരെ സേവിക്കലാണ് എന്ന്, മത്തായി എഴുതിയ സുവിശേഷം 25: 34 – 40 വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അതായത്, വിശക്കുന്നവനും ദാഹിക്കുന്നവനും പരദേശിക്കും നഗ്നനും തടവറയിൽ അടയ്ക്കപ്പെട്ടവനുംവേണ്ടി സേവനം നടത്തുമ്പോഴൊക്കെ മനുഷ്യർ സേവിക്കുന്നത് ദൈവത്തെത്തന്നെയാണ് എന്നതാണ് ആ പാഠം. യേശുവിന്റെ സുവിശേഷംതന്നെ, മനുഷ്യസേവയെന്ന ദൈവസേവയിലൂടെ മനുഷ്യജീവിതത്തെ ഐശ്വര്യപൂർണമാക്കാൻ സാധിക്കുമെന്നും, ഈ ലോകത്തെ സ്വർഗ്ഗീയാനന്ദത്തിലേക്ക് നയിക്കാനാകും എന്നുള്ള സന്ദേശമാണ്. ഈ സന്ദേശം ലോകമെമ്പാടും വിളംബരംചെയ്തു മനുഷ്യരെ ഉണർത്തി ലോകത്തെ ദൈവരാജ്യമാക്കാനുള്ള ദൗത്യമാണ് യേശു ശിഷ്യർക്ക് നൽകിയതും.

അതുകൊണ്ട് യേശുവിനെ, യേശുവിന്റെ സ്നേഹസന്ദേശത്തെ, നമുക്ക് സഭയിലേക്ക് ആനയിക്കേണ്ടതുണ്ട്; സഭയെ അതിന്റെ ആദിമ വിശുദ്ധിയിലേക്ക്, ശുശ്രൂഷാസംവിധാനത്തിലേക്ക് പരിവർത്തിപ്പിക്കേണ്ടതുണ്ട്. അതിന് റോമൻ സാമ്രാജ്യത്വത്തിന്റെ അവശിഷ്ടമായി നിലനിൽക്കുന്ന വത്തിക്കാൻ രാഷ്ട്രത്തലവന്റെ സിംഹാസനം ഒരു തടസ്സമാണ്. അധികാരസിംഹാസനമെന്ന മാമോൻ തടവറയിൽനിന്ന് മാർപാപ്പയെ ഉൾപ്പെടെ മുഴുവൻ സഭയെയും രക്ഷിക്കേണ്ടതുണ്ട് എന്ന ചിന്ത ഉണരാൻ, ഉണർത്താൻ കാലമായിരിക്കുന്നു. **-ജോർജ് മൂലേച്ചാലിൽ** (എഡിറ്റർ)

ഖേദപൂർവ്വം!

'ആലഞ്ചേരി കേസ് ജസ്റ്റീസ് പി സോമരാജന്റെ വിധി' എന്ന കഴിഞ്ഞ ലക്കം മുഖക്കുറിയുടെ രണ്ടാം ഭാഗം ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. അത് അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ***എഡിറ്റർ***

സഭാനേതൃത്വത്തെ

ആന്റോ മാങ്കൂട്ടം
ഫോൺ: 9447136392

കത്തോലിക്കാ സഭാനേതൃത്വവും സന്ന്യസ്തരും പൗരോഹിത്യവും ഇന്ന് അധഃപതനത്തിന്റെ അടിത്തട്ടിലെത്തിയിരിക്കുകയാണ്. ഈ അരാജകത്വത്തിന്റെ ആഴക്കടലിൽനിന്ന് കരകയറണമെങ്കിൽ, കഠിനമായ, വേദനയേറിയ ശസ്ത്രക്രിയതന്നെ വേണ്ടിവരും. വേരിനും തായ്ത്തടിക്കും ശിഖരങ്ങൾക്കും ഇലകൾക്കും ഗുരുതരമായി ക്യാൻസർ ബാധിച്ചുകഴിഞ്ഞു. അതിന്റെ ദുർഗന്ധം സമീപവാസികളിലേക്കും പടർന്നുതുടങ്ങിയിരിക്കുന്നു.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ മനസ്സിലേക്ക് കടന്നുവന്ന കേരളചരിത്രത്തിലെ ഒരു ചെറിയ ഏട് കുറിക്കണമെന്നു തോന്നി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽപ്പോലും ബ്രാഹ്മണസമൂഹം അങ്ങേയറ്റത്തെ ജീർണ്ണതയിലായിരുന്നു. കടുത്ത മാനസിക പീഡനങ്ങൾ, സ്ത്രീപക്ഷ ലൈംഗികതയുടെ അടിച്ചമർത്തൽ എന്നിങ്ങനെ സ്ത്രീകളുടെമേൽ പുരുഷമേധാവിത്വം കാട്ടിക്കൂട്ടിയ അതിക്രമങ്ങളൊക്കെക്കൊണ്ട്, ബ്രാഹ്മണസമുദായത്തിന് പൊതുസമൂഹത്തിൽ പൊതുവേ സ്വീകാര്യത കുറവായിരുന്നു. മറ്റു സമുദായങ്ങളിലെ സാംസ്കാരിക നവോത്ഥാനപ്രവർത്തകർക്ക് വെറും കാഴ്ചക്കാരായി നോക്കിനിൽക്കാനേ സാധിച്ചുള്ളൂ. ബ്രാഹ്മണസമൂഹത്തിലെ സാധാരണ ജനങ്ങൾക്കും, നിസ്സഹായരായി അനുസരിക്കാനേ കഴിയുമായിരുന്നുള്ളൂ.

ഈ കാലഘട്ടത്തിലാണ് ആ സമുദായത്തിൽ ചില വിപ്ലവനായകൻമാർ ഉയിർക്കൊണ്ടത്. അവരിൽ പ്രധാനികളെ കേരള സമൂഹം ഒരിക്കലും മറക്കില്ല. വി. ടി ഭട്ടതിരിപ്പാട്, എം. ആർ ഭട്ടതിരിപ്പാട്, പ്രേംജി എന്നീ 3 സാമൂഹിക പരിഷ്കർത്താക്കളുടെ പേരുകൾ പ്രത്യേകം പരാമർശിക്കാതെ വയ്യ. അവരുടെ തൂലികയിൽനിന്ന് വീണ മൂന്നു നാടകങ്ങളുടെ പേരുകൾ മലയാള സാഹിത്യമണ്ഡലത്തിൽ എന്നും ജ്വലിച്ചു നിൽക്കും - 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', 'ഋതുമതി' - ഈ മൂന്ന് സാഹിത്യകൃതികൾ അന്നത്തെ കേരളസമൂഹത്തിൽ, പ്രത്യേകിച്ച് ബ്രാഹ്മണസമുദായത്തിൽ വരുത്തിയ വ്യതിയാനം വളരെ വലുതായിരുന്നു. അവ ബ്രാഹ്മണസമുദായത്തിലെ സ്ത്രീകളുടെ, പ്രത്യേകിച്ച് ചെറുപ്പത്തിൽത്തന്നെ വിധവകളായ പെൺകുട്ടികളുടെ, മാഗ്നാകാർട്ടാ വിരചിച്ചു എന്നുതന്നെ പറയാം. ബ്രാഹ്മണസമുദായത്തിലെ വിധവയായ ഒരു സാധു പെൺകുട്ടിയുടെ രണ്ടാം വിവാഹത്തിൽ പങ്കെടുത്തു എന്നുപറഞ്ഞ്, പിൽക്കാലത്ത് കേരളത്തിന്റെ മുഖ്യമന്ത്രിയായ ഇഎംഎസ് നമ്പൂതിരിപ്പാടിന്

എന്തിന് വിമർശിക്കുന്നു?



തന്റെ മാതാവിന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് സമുദായം വിലക്കുകല്പിച്ചു എന്നത് ചരിത്രത്തിൽ തീരാക്കളങ്കമായി ഇന്നും നിലനിൽക്കുന്നു.

ഇത്തരം കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കുന്നത്, നമ്മുടെ ക്രിസ്ത്യൻ സമുദായത്തിലെ, പ്രത്യേകിച്ച് സീറോ - മലബാർസമൂഹത്തിലെ അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും പുരോഹിതാതിക്രമങ്ങളോടും പ്രതികരിക്കാൻ ഈയുള്ളവനെപ്പോലുള്ളവർ കടപ്പെട്ടിരിക്കുന്നു എന്ന് പറയുവാനാണ്. യഥാർത്ഥത്തിൽ, ഓരോ വിശ്വാസിക്കും പുരോഹിതനേതൃത്വത്തിന്റെ തെമ്മാടിത്തരങ്ങളെ പച്ചയ്ക്ക് എതിർക്കാനുള്ള ഉത്തരവാദിത്വമുണ്ട്. ഈ ലേഖകനോട് ശുദ്ധമനസ്ക്കരായ ചില വിശ്വാസികൾ ചോദിക്കാറുണ്ട്, ഇങ്ങനെ മെത്രാന്മാരെയും വൈദികരെയും വിമർശിച്ചാൽ സഭ നന്നാകുമോ, എന്ന്. തീർച്ചയായും നന്നാവും; നന്നായേതീരൂ. ഉറപ്പായിട്ടും സഭയിലെ മെത്രാന്മാരുടെയും ഭരണകർത്താക്കളുടെയും ദുർഭരണത്തിന് മാറ്റം വരും. ഇന്നല്ലെങ്കിൽ നാളെ നല്ലൊരു ഭാവിയുണ്ടാകും എന്ന് വിശ്വസിക്കാനാണ് ഈ ലേഖകന് ഇഷ്ടം.

സീറോ - മലബാർസഭ അതിഭീകരമായ ആർഭാടത്തിന്റെയും ധൂർത്തിന്റെയും ധാർഷ്ട്യത്തിന്റെയും അധികാരവടംവലിയുടെയും താന്തോന്നിത്തത്തിന്റെയും കേളീരംഗമായി മാറിക്കഴിഞ്ഞു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കരിസ്മാറ്റിക് കോപ്രായങ്ങളും ദുർന്നടപ്പുകളും എവിടെയും കൊടികുത്തി വാഴുന്നു.

40 വർഷം മുമ്പുവരെ കേരളസഭയിൽ ചെറിയ തോതിലെങ്കിലും ജനാധിപത്യം പുലർന്നിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? പരമദയനീയം എന്നേ പറയാനാകൂ.

പൗരോഹിത്യം കെട്ടിയിറക്കിയ കാനോൻ നിയമവകുപ്പുകൾ ചൂണ്ടിക്കാട്ടി സാദാ വിശ്വാസികളെ പീഡിപ്പിക്കുകയാണ്. വടവാതൂർ സെമിനാരിയിൽനിന്ന് പഠിച്ചിറങ്ങിക്കൊണ്ടിരിക്കുന്ന വൈദികരിൽ ഏറിയ പങ്കും തെമ്മാടിക്കൂട്ടങ്ങളാണെന്ന് പറയാൻ യാതൊരു മടിയുമില്ല. എഴുപതും എൺപതും വയസ്സുകഴിഞ്ഞ വൈദിക ശ്രേഷ്ഠന്മാർ ഈയുള്ളവനോട് പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണിത്. പുതുതലമുറ വൈദികർ ഭൃത്യരോടെന്നപോലെയാണ് അല്മായരോട് പെരുമാറുന്നത്. ഈ വൈദികകോമാളികളെ ഇത്തരത്തിൽ വാർത്തെടുക്കുന്നതിൽ നടുനായകത്വം വഹിച്ചത്, ചങ്ങനാശ്ശേരി മെത്രാനായിരുന്ന ജോസഫ് പൗവ്വത്തിലാണ്. അദ്ദേഹത്തെ കേരളസഭയിലെ ക്യാൻസറെന്നാണ് വിശേഷിപ്പിക്കേണ്ടത്. എറണാകുളം - അങ്കമാലി അതിരൂപതയിൽ ഇന്ന് നടക്കുന്ന കുർബാനക്രമവിവാദത്തിന്റെ പ്രസുദേന്തിയും അദ്ദേഹംതന്നെ. അദ്ദേഹത്തിന്റെ കൽദായ മൗലികവാദ ചിന്തകളാണ് സീറോ-മലബാർ സഭയ്ക്ക് ഇന്ന് ശാപമായിരിക്കുന്നത്.

സഭയിന്ന് സ്ഥാപനവൽക്കരണത്തിന്റെ ദൂഷിതവലയത്തിൽപ്പെട്ടിരിക്കുകയാണ്. രൂപതകളും ഇടവകകളും സന്ന്യാസഭവനങ്ങളും സമ്പത്ത് കുന്നുകൂട്ടുകയാണ്. കോടികളുടെ ഷോപ്പിംഗ് കോംപ്ലക്സുകളും മാളുകളും പണിയുന്നതിലാണിന്ന് സഭയ്ക്ക് താല്പര്യം. പണം കുന്നുകൂടുമ്പോൾ അരാജകത്വം ഉറപ്പാണ്. പണത്തോടുകൂടി അധികാരവും ഒത്തുചേരുമ്പോൾ അഴിമതിയും ആർഭാട-ആഭാസജീവിതവും വന്നുചേരും. സീറോ സഭയുടെ എത്ര മെത്രാന്മാരുടെപേരിലാണിപ്പോൾ സാമ്പത്തികത്തട്ടിപ്പു കേസുകൾ ഉണ്ടായിരിക്കുന്നത്! ലൈംഗികാതിക്രമ ക്കേസ് ഫ്രാങ്കോയുടെപേരിൽ മാത്രമല്ലല്ലോ ഉള്ളത്. കേരളത്തിലും പുറത്തുമുള്ള നിരവധി മെത്രാന്മാർക്ക് വെപ്പാട്ടിമാരും മക്കളും മരുമക്കളും ഉണ്ടെന്ന കഥകൾ നാട്ടിൽ പാട്ടാണല്ലോ. (ആവശ്യമെങ്കിൽ പേരുകൾ വെളിപ്പെടുത്താം.) വൈദികരുടെ ബാല-ബാലികാ-കന്യാസ്ത്രീ പീഡനകഥകൾ വിവരിക്കാൻ ഒരു പുസ്തകംതന്നെ എഴുതേണ്ടിവരും.

സഭയിലാകമാനം വിവിധതരത്തിലുള്ള അതിക്രമങ്ങൾ പെരുകുകയാണ്. ഈ അതിക്രമങ്ങളെ നിയന്ത്രിക്കാൻ ആരുമില്ല. തിരുത്തൽശക്തിയാകേണ്ട ശ്രേഷ്ഠപുരോഹിതരും ശ്രേഷ്ഠ മെത്രാപ്പോലീത്തയും നോക്കുകുത്തികളായിത്തീർന്നിരിക്കുന്നു. ബൈബിൾ വ്യാഖ്യാതാക്കൾ എന്ന് പറഞ്ഞുവരുന്ന ധ്യാനഗുരുക്കന്മാർ തെറ്റായ പഠനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

970-കളിൽ ആരംഭിക്കുകയും എൺപതുകളിൽ തഴച്ചു വളരുകയും കോവിഡ് കാലംവരെ പടർന്ന് പന്തലിക്കുകയും ചെയ്ത കരിസ്മാറ്റിക് പ്രസ്ഥാനം എന്ന ആഭാസമാണ് കേരളസഭയെ ഇത്രമാത്രം അധഃപതനത്തിലേക്ക് കൂപ്പുകുത്തിച്ചത്. ആദ്യകാലത്ത് നല്ല ഉദ്ദേശ്യത്തോടെ പ്രവർത്തിച്ചു തുടങ്ങിയെങ്കിലും, പണം കുന്നുകൂടിയപ്പോൾ കുട്ടിദൈവങ്ങളും പ്രവാചകവീരന്മാരും രോഗശാന്തി വൈദ്യന്മാരും കൂണുപോലെ മുളച്ചുപൊന്തി. ഓരോ ആഭാസ കരിസ്മാറ്റിക്



പ്രവചനക്കാരും പ്രസംഗിച്ച മഠയത്തരങ്ങൾ, ഇന്ന് അവർക്കെതിരെ തിരിച്ചടിച്ചുതുടങ്ങിയിരിക്കുന്നു. ഇത്തരം പ്രസംഗമല്ലന്മാരുടെ പിന്നാലെ അടിമവിശ്വാസികൾ ഇന്നും ഓടിക്കൂടുന്നുണ്ട്. ഈ മല്ലന്മാരിൽ ചിലരോട് ദൈവം നേരിട്ട് സംസാരിച്ച കാര്യവുംമറ്റും അവർ വിശദീകരിക്കുന്നത് കേട്ടാൽ ആർക്കാണ് ചിരി വരാത്തത്! മഞ്ഞാക്കൽ എന്ന വൈദികൻ സ്വർഗ്ഗത്തിലെ കാഴ്ചകൾ - സീറോ മലബാർ മലയാളം കുർബാന കണ്ടതുൾപ്പെടെ - നേരിട്ട് കണ്ടുവത്രേ! വട്ടായിയെ ദൈവം സംബോധനചെയ്യുന്നത് 'വട്ടായിലച്ചാ' എന്നാണുപോലും! ഓട്ടിസം എന്ന രോഗത്തിന്റെ കാരണം വിശദീകരിക്കുന്ന വളമ്നാലിന്റെ വിദേശപരിപാടികൾ കേസിൽപ്പെട്ടു മുടങ്ങിയ കാര്യം എല്ലാവർക്കും അറിയാം. മെത്രാന്മാരുടെ യും പുരോഹിതരുടെയും തെറ്റുകൾ പുതപ്പിട്ടു മൂടണമെന്ന് പറയുന്ന പൂവണ്ണനും ശശിയായി. 'കൃപാസനം' പത്രം പുതച്ചുകിടന്നാൽ ഗർഭിണിയാകുമെന്ന വിഡ്ഢിത്തം പുലമ്പുന്ന ജോസഫ് കത്തനാരും തഥൈവ. സിസ്റ്റർ അഭയയെ ആരും കൊന്നതല്ലെന്ന് ദർശനം കിട്ടിയ നായ്ക്കൻപറമ്പിലെന്ന കേരള പോപ്പും, മെത്രാൻവേഷധാരിയായ ബലാൽസംഗവീരൻ ഫ്രാങ്കോയെ എഴുന്നള്ളിച്ചു നടക്കുന്ന പനയ്ക്കലച്ചനും എന്ത് സന്ദേശമാണ് വിശ്വാസികൾക്ക് നൽകുന്നത്? ഒന്നു വിശദീകരിക്കാമോ, മെത്രാന്മാരേ?

ഈ കരിസ്മാറ്റിക് തമ്പുരാക്കന്മാരെ നിലയ്ക്കുനിർത്താൻ മെത്രാൻസമിതിക്ക് സാധിക്കില്ല. ഈ വൈദിക കോമാളിജല്പനങ്ങൾ ക്രൈസ്തവസമൂഹത്തെയൊന്നാകെ നശിപ്പിക്കുകയാണ്. ഇതിനെതിരെ പ്രതികരിക്കുവാൻ ഈയുള്ളവനെപ്പോലുള്ള ആയിരങ്ങൾ രംഗത്തുവരണം. ധ്യാനകേന്ദ്രങ്ങൾ ക്രിസ്തുവിനെ വിൽക്കുന്ന ചന്തയായി മാറി എന്ന കാര്യം എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്. സഭാപിതാക്കന്മാർ അസത്യപ്രവാചകരായി മാറിയപ്പോൾ, അതിനെതിരെ വിശ്വാസി സമൂഹം തിരിച്ചടികൾ നൽകിയിട്ടുണ്ടെന്ന ചരിത്രം നാം ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്.

സ്പെയിൻ അത്ര വലിയ രാജ്യമൊന്നുമല്ല. എട്ടാം നൂറ്റാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെ അതൊരു ഇസ്ലാം രാജ്യമായിരുന്നു. (എ ഡി 711-ൽ മുസ്ലീങ്ങൾ പിടിച്ചടക്കി ഇസ്ലാം രാജ്യമാക്കി. 1492-ലെ ഗ്രാനഡ യുദ്ധത്തോടുകൂടി വീണ്ടും ക്രൈസ്തവരാജ്യമായി.) പതിനഞ്ചാം നൂറ്റാണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ, ലോകമാസകലം ക്രൈസ്തവരാജ്യങ്ങളിൽ നടന്ന ഇൻക്വിസിഷനിൽ സ്പെയിനിൽമാത്രം ലക്ഷങ്ങളെ ക്രൈസ്തവപൗരോഹിത്യം കൊന്നൊടുക്കി. സ്പാനിഷ് ഇൻക്വിസിഷൻ എന്നാണ് ഇത് അറിയപ്പെടുന്നത്. സ്പെയിനിൽ ഈ മതവിചാരണ 400 വർഷത്തിലധികം നീണ്ടുനിന്നു. പാവപ്പെട്ട വിശ്വാസികളെ അതിക്രൂരമായി പീഡിപ്പിച്ചതിനു ശേഷമാണ്, വെട്ടിയും കുത്തിയും തലമുറിച്ചും കൈകാലുകൾ ഛേദിച്ചും പരസ്യമായി തെരുവീഥികളിൽ കെട്ടിത്തൂക്കിയും ജീവനോടെ കത്തിച്ചും കൊന്നൊടുക്കിയത്. മാർപാപ്പമാരുടെ ആഹ്വാനപ്രകാരം ഇതിന് നേതൃത്വംകൊടുത്തത് കർദ്ദിനാൾമാരും മെത്രാന്മാരും വൈദികരുമായിരുന്നു. ഈ കാലഘട്ടം ചരിത്രത്തിൽ 'ഇരുണ്ടയുഗം' എന്നാണ് അറിയപ്പെടുന്നത്.

സഭയുടെ ഈ മതവിചാരണയിൽ സ്പെയിനിലെ ജനം തകർന്നു നിസ്സഹായരായി. പക്ഷേ അവർ കാത്തിരുന്നു. 1936-ലെ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് റിപ്പബ്ലിക്കൻ വിഭാഗക്കാർ ഭരണം പിടിച്ചടക്കി. അതോടെ വിശ്വാസികൾ പ്രതികരിച്ചു തുടങ്ങി. അവർ സർക്കാർ സഹായത്തോടെ തിരിച്ചടിച്ചു. നൂറ്റാണ്ടുകളായി തങ്ങളുടെ സഹോദരങ്ങളായ അനേകലക്ഷങ്ങളെ കൊന്നൊടുക്കിയ സഭാനേതാക്കൾക്കെതിരെ ജനം ആഞ്ഞടിച്ചു. ജനകീയ വിചാരണയിൽ 13 മെത്രാന്മാർ കൊല്ലപ്പെട്ടു. ഏഴായിരത്തോളം പുരോഹിതരെ പേപ്പട്ടിയെപ്പോലെ തെരുവിലിട്ട് അടിച്ചുകൊന്നു. പതിനായിരക്കണക്കിന് പുരോഹിതർ ഒളിവിലായി. നൂറുകണക്കിന് മെത്രാന്മാർ അന്യരാജ്യങ്ങളിലേക്ക് ചേക്കേറി. 1936 മുതൽ 39 വരെ, മൂന്നുവർഷം ഈ തെരുവുയുദ്ധം തുടർന്നു. 1939-ൽ ജനറൽ ഫ്രാൻസീസ് ഫ്രാങ്കോ എന്ന പട്ടാളക്കാരന്റെ നേതൃത്വത്തിൽ നാഷണലിസ്റ്റുകൾ അധികാരം പിടിച്ചെടുത്തു. ഒളിവിൽനിന്ന് പുറത്തുവന്ന മെത്രാൻമാരും പുരോഹിതരും ഫ്രാങ്കോയുടെ ഫാസിസ്റ്റു ഭരണത്തെ പിന്താങ്ങി. ജനറൽ ഫ്രാങ്കോയുടെ കിരാതഭരണം എൺപതാം വയസ്സിൽ അദ്ദേഹം മരിക്കുന്നതുവരെ തുടർന്നുവെന്നാണ് ചരിത്രം. ഏതാണ്ട് അഞ്ചു ലക്ഷത്തോളം പേരെ കുരുതികൊടുത്ത ഫ്രാങ്കോയുടെ ദുർഭരണത്തിന് മെത്രാൻമാരും പുരോഹിതരും കൂട്ടുനിന്നുവെന്നത്, ക്രൈസ്തവചരിത്രത്തിൽ ഒരു കറുത്ത പാടായി അവശേഷിക്കുന്നു.

കേരളത്തിന്റെ 12 ഇരട്ടി വലുപ്പവും നാലരക്കോടി ജനങ്ങളും ഉള്ള ഇന്നത്തെ സ്പെയിൻ ഒരു ക്രൈസ്തവ രാജ്യമായാണ് അറിയപ്പെടുന്നതെങ്കിലും, അതിന്റെ വിശ്വാസ-ആചാരരീതികൾ പിന്തുടരുന്നവരുടെ എണ്ണം തീരെ കുറവാണ് ഇന്നവിടെ. അവരെ മതചിന്തയിൽനിന്നും മതാചാരങ്ങളിൽനിന്നും മാറാൻ പ്രേരിപ്പിച്ചത് പൗരോഹിത്യത്തിന്റെ ക്രൂരപീഡനങ്ങളായിരുന്നുവെന്ന് ഇന്ന് വിലയിരുത്താനാവും. ഫ്രാൻസിലെ സ്ഥിതിയും സമാനമാണ്. 1789-ഓടുകൂടിയാണ് അവിടെനിന്ന് ക്രിസ്തുമതം പറിച്ചെറിയപ്പെട്ടത്.

കേരളത്തിൽ പുരോഹിതമേലാളന്മാരുടെ പീഡനമുറകൾ വിശ്വാസികളുടെമേൽ ഇനിയും തുടർന്നാൽ, യൂറോപ്പിലേതുപോലെ ഇവിടെയും സംഭവിച്ചേക്കാം. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ, പുരോഹിത ധാർഷ്ട്യവും സഭയുടെ ജീർണ്ണതയും അതിന്റെ കൊടുമുടിയിലെത്തുന്നതുവരെ നോക്കിയിരിക്കാതെ, ഇപ്പോൾത്തന്നെ വിശ്വാസികൾ സത്യസന്ധമായി സഭാവിമർശനം നടത്തിത്തുടങ്ങേണ്ടിയിരിക്കുന്നു.

●

സ്വന്തം പരാജയം ഏറ്റുപാടുന്ന തൃശ്ശൂർ ആർച്ചുബിഷപ്പ്!

[അടുത്ത കാലത്ത് ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് നടത്തിയ പ്രഭാഷണത്തിലെ ഏതാനും ഭാഗങ്ങളാണ് താഴെ കൊടുക്കുന്നത്. തുടർന്ന്, ശ്രീ ഷൈജു ആന്റണിയുടെ വീഡിയോയിലെ പ്രതികരണവും കൊടുത്തിരിക്കുന്നു.]

ആർച്ചുബിഷപ്പ് താഴത്ത് പറയുന്നു:

"...സഭയെ നശിപ്പിക്കാനായി ആദ്യംതന്നെ സഭാവിശ്വാസത്തിനെതിരായി, ത്രിത്വത്തിനെതിരായി പ്രവർത്തനങ്ങൾ നടന്നു; പിന്നെ, വൈദികർക്കെതിരായി, കന്യാസ്ത്രീകൾക്കെതിരായുള്ള, മെത്രാന്മാർക്കെതിരായി പ്രവർത്തനങ്ങൾ. ഇപ്പോൾ സഭയെ തകർക്കുന്നത് കുടുംബങ്ങളെ തകർത്തുകൊണ്ടാണ്. കുടുംബത്തെ രക്ഷിക്കാതെ സഭയെ, സമൂഹത്തെ, ലോകത്തെ രക്ഷിക്കാനാവില്ല...."

"...4 ദിവസംമുമ്പ് സ്പെഷ്യൽ പോലീസ് എന്നോട് പറഞ്ഞു, പുതിയൊരു പ്രസ്ഥാനം ശക്തമായി നടക്കുന്നുണ്ട്; കേരളം മുഴുവൻ അതിന്റെ നെറ്റ്വർക്ക് ഉണ്ട്. എത്തീസ്റ്റ് ഗ്രൂപ്പ് എന്നുപറഞ്ഞ്, വിശ്വാസമില്ലാത്തവരെ ഒരുമിച്ചു കൂട്ടുന്ന ഒരു ഗ്രൂപ്പ്; അതിലേക്ക് വിശ്വാസമുള്ളവരെ വിളിക്കുന്നു. കുറെയേറെ പെൺകുട്ടികൾ - നിങ്ങളുടെ രൂപതയിലെ പെൺകുട്ടികളും - അതിൽപെട്ടുപോയിട്ടുണ്ട്. ചെറിയ ചെറിയ ഗ്രൂപ്പുകളാണ്. അവർ പള്ളിയിലേക്കാണു പോകുന്നത്. പക്ഷേ ഇങ്ങനെയുള്ള ഗ്രൂപ്പിലെത്തും..."

"തൃശൂർ മെത്രാനായശേഷം പതിനെട്ടു വർഷമായി. 50000-ത്തോളം പേർ കുറഞ്ഞു. സഭ വളരുകയോ തളരുകയോ? 10000-ത്തിനും 15000-ത്തിനുമിടയ്ക്ക് 35 കഴിഞ്ഞ യുവാക്കൾ കല്യാണം കഴിക്കാതെ നിൽപ്പുണ്ട്. വിവാഹമോചനം തേടിവരുന്നവർ അനേകായിരങ്ങളായി...."

പ്രതികരണം

ഷൈജു ആന്റണി

തൃശൂർ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് തന്റെ പതിനെട്ടു വർഷത്തെ ആത്മീയ സേവനത്തിന്റെ ബാലൻസ് ഷീറ്റ് പുറത്തുവിട്ടു. തന്റെ ക്രെഡൻഷ്യൽസ് എണ്ണിയെണ്ണി അദ്ദേഹം പറയുന്നുണ്ട്.

റിയൽ എസ്റ്റേറ്റ് കച്ചവടങ്ങൾ നടത്തിയത്, അനധികൃത കരിങ്കൽ ക്വാറി നടത്തിയത്, കുർബാനപ്പണം വകമാറ്റിയത്, റോബിനച്ചനെ പിന്തുണച്ചത്, ഫ്രാങ്കോയുടെ വക്കാലത്തെടുത്തത്, വൈദിക വ്യഭിചാരങ്ങളെ ന്യായീകരിച്ചത്, കമാന്റോകളുടെ അകമ്പടിയിൽ കുർബാന നടത്തിയത്, കൽദായ രീതികൾ അടിച്ചേൽപ്പിച്ചത് - ഇവയൊന്നും വിശ്വാസത്യാഗത്തിന് കാരണമായിട്ടില്ലത്രേ!

ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അധ്യായം മൂന്ന് ഉപമകളാണ് പറയുന്നത്. കാണാതായ ആടിന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ, കാണാതായ മകന്റെ (അതായത് ധൂർത്ത പുത്രന്റെ) ഉപമ. ഈശോ ഈ മൂന്ന് ഉപമകൾക്കുംകൂടി പറയുന്നത് ഒരു സൊലൂഷൻമാത്രമാണ്. അന്വേഷിച്ചു ചെല്ലുക എന്നതാണത്. തൊണ്ണൂറ്റി ഒമ്പത് ആടുകളുള്ളപ്പോഴും കാണാതായ ഒരാടിനെ അന്വേഷിച്ചു പോകണമെന്നും, 10 നാണയം കൈയിലുള്ളപ്പോഴും കാണാതായ ഒരു നാണയം തേടിപ്പോകണമെന്നുമാണ് ക്രിസ്തു പഠിപ്പിച്ചത്.

അമ്പതിനായിരം പേരുടെ വിശ്വാസം നഷ്ടപ്പെട്ടു, അവിവാഹിതരായ യുവാക്കൾ പതിനയ്യായിരത്തോളമായി, വിവാഹമോചനം തേടി വരുന്നവർ അനേകായിരം!

ബിഷപ്പ് ആൻഡ്രൂസ് താഴത്ത് മെത്രാനായതിനുശേഷം വിശ്വാസത്തിന്റെ ഒരു കണികപോലും വളർത്താനായില്ല എന്നല്ലേ ഇതിനർത്ഥം?മാതൃകയാക്കാനാവുന്നതൊന്നും അദ്ദേഹത്തിൽനിന്നുണ്ടായിട്ടില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്? പിടിവാശിയും ധാർഷ്ട്യവും താന്തോന്നിത്തവും കൊണ്ട് നേടിയെടുത്തതെല്ലാം ക്രിസ്തുസഭയ്ക്ക് നഷ്ടമായിഭവിച്ചു എന്നാണർത്ഥം.

ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്നു പറഞ്ഞ ക്രിസ്തുവിന്റെ പിൻഗാമിയിൽനിന്ന് പ്രകാശകിരണങ്ങൾ പുറപ്പെട്ടിട്ടില്ല; ജീവജലത്തിന്റെ അരുവികൾ ഒഴുകിയിട്ടില്ല. അനുസരണത്തിന്റെ വടിവാളുയർത്തി വിശുദ്ധരായ സഹവൈദികരെ പീഡിപ്പിച്ചപ്പോൾ ജയിച്ചത് മെത്രാനാണ്; എന്നാൽ, ക്രിസ്തുവാണ് തോറ്റത്. ക്രിസ്തുസഭയിൽ നിന്നാണ് വിശ്വാസികളകന്നു പോയത്. വിശ്വാസികൾ കണക്കുപുസ്തകത്തിലെ അക്കങ്ങളുടെ ഗുണനവും സങ്കലനവുംമാത്രമല്ല. അവർ ദൈവത്തിന്റെ ജനമാണ്. അവരുടെ ആഗ്രഹങ്ങൾക്കും ആശകൾക്കും അഭിലാഷങ്ങൾക്കും ആചാരങ്ങൾക്കുംമേൽ എപ്പിസ്കോപ്പൽ അധികാരത്തിന്റെ ധാർഷ്ട്യനിലപാടുകൾ അടിച്ചേൽപ്പിച്ചപ്പോൾ തല കുനിച്ചു തോറ്റുതന്നത് ക്രൂശിതനാണ്. തൃശൂരിലെ സഭയുടെ പാരമ്പര്യവും തനിമയും ഉപേക്ഷിച്ച്, ജനാഭിമുഖ കുർബാന നിർത്തലാക്കി കൽദായ ആചാരങ്ങളെ പുൽകാൻ തീരുമാനിച്ചപ്പോൾ, ആസന്നമായ പതനവും പൂർത്തിയായി. ജയിച്ചത് മെത്രാനാണെങ്കിൽ തോറ്റത് ക്രിസ്തുവാണെന്ന് മറക്കരുത്. നസ്രാണിമാഹാത്മ്യം പറഞ്ഞ് നസ്രായനെ തോല്പിക്കുന്ന പണിയാണ് നിങ്ങൾ ചെയ്യുന്നത്.

നിങ്ങൾ ബിഷപ്പുമാർ പഴയ നിയമത്തിലെ ആദത്തിന്റെ റോളാണ് കളിക്കുന്നത്. സ്വന്തം തെറ്റുകൾ ഒരിക്കലും സമ്മതിക്കാത്ത കളി. ആ സ്ത്രീ പഴം തന്നു; ഞാൻ തിന്നു. അതേ വാദമാണ് ബിഷപ്പുമാർ മുന്നോട്ട് വയ്ക്കുന്നത്.

യുക്തിവാദികൾ നെറ്റ് വർക്കുണ്ടാക്കുന്നു, ജിഹാദികൾ പെൺകുട്ടികളെ തട്ടിക്കൊണ്ടു പോകുന്നു, നാർകോട്ടിക് ജിഹാദുണ്ടാക്കുന്നു, ലൗ ജിഹാദുണ്ടാക്കുന്നു. അതാണത്രെ, സഭയുടെ കുഴപ്പം! അല്ലാതെ, ഞങ്ങൾക്കിതിൽ പങ്കില്ല എന്നാണ് പറയുന്നത്.

റിയൽ എസ്റ്റേറ്റ് കച്ചവടങ്ങൾ നടത്തിയത്, അനധികൃത കരിങ്കൽ ക്വാറി നടത്തിയത്, കുർബാനപ്പണം വകമാറ്റിയത്, റോബിനച്ചനെ പിന്തുണച്ചത്, ഫ്രാങ്കോയുടെ വക്കാലത്തെടുത്തത്, വൈദിക വ്യഭിചാരങ്ങളെ ന്യായീകരിച്ചത്, കമാന്റോകളുടെ അകമ്പടിയിൽ കുർബാന നടത്തിയത്, കൽദായ രീതികൾ അടിച്ചേൽപ്പിച്ചത് - ഇവയൊന്നും വിശ്വാസത്യാഗത്തിന് കാരണമായിട്ടില്ലത്രേ!

നിങ്ങൾ ബിഷപ്പുമാരായത് ഭൂമി കച്ചവടം നടത്താനല്ല, കരിങ്കൽ ക്വാറി നടത്താനല്ല, വ്യഭിചാരങ്ങൾ പുതപ്പിട്ട് മൂടാനല്ല... ഞങ്ങൾ വിശ്വാസികൾ അങ്ങനെയാണ് ധരിച്ചിരിക്കുന്നത്. ചുറ്റുമുള്ള സ്തുതിപാഠകർക്കപ്പുറമുള്ള അസംഖ്യം വിശ്വാസികളെ നിങ്ങൾ സഭയിൽ നിന്നകറ്റുകയാണ്.

ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അധ്യായം മൂന്ന് ഉപമകളാണ് പറയുന്നത്. കാണാതായ ആടിന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ, കാണാതായ മകന്റെ (അതായത് ധൂർത്ത പുത്രന്റെ) ഉപമ. ഈശോ ഈ മൂന്ന് ഉപമകൾക്കുംകൂടി പറയുന്നത് ഒരു സൊലൂഷൻമാത്രമാണ്. അന്വേഷിച്ചു ചെല്ലുക എന്നതാണത്. തൊണ്ണൂറ്റി ഒമ്പത് ആടുകളുള്ളപ്പോഴും കാണാതായ ഒരാടിനെ അന്വേഷിച്ചു പോകണമെന്നും, 10 നാണയം കൈയിലുള്ളപ്പോഴും കാണാതായ ഒരു നാണയം തേടിപ്പോകണമെന്നുമാണ് ക്രിസ്തു പഠിപ്പിച്ചത്. കാണാതായ മകനെ തിരിച്ചു കിട്ടിയാൽ, ആടിനെ കൊന്ന് ഉൽസവമാക്കി ആഘോഷിക്കണമെന്നും അവൻ പറഞ്ഞത് വെറുതെയല്ല.

അതിനാൽ, തൊലിപ്പുറമെയുള്ള ചികിൽസകൾ ഇനി ഫലിക്കില്ല. കർക്കശമായ അനുഷ്ഠാന - ആചാരങ്ങൾ അടിച്ചേൽപ്പിച്ചാൽ വരുംതലമുറ ഈ സഭയിൽനിന്ന് താനേ അകന്നുപോകും. അത്ഭുത രോഗസൗഖ്യവും, അലറി വിളിച്ച പ്രാർത്ഥനകളുംകൊണ്ട് വരുംതലമുറയെ ആകർഷിക്കാനാവില്ല. അധികാരത്തിന്റെയും അനുസരണത്തിന്റെയും വായ്പാട്ടുകൾ നടത്തി വരുംതലമുറയെ ഭയപ്പെടുത്താനാവില്ല. ശാപത്തിന്റെയും പാപത്തിന്റെയും കഥ പറഞ്ഞ് സഭ വളർത്താമെന്ന് കരുതരുത്. വിശുദ്ധ ജീവിതങ്ങൾ കണ്ടാണ് സഭ വളരേണ്ടത്.

നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ!

ക്രിസ്തുവചനങ്ങളാണ്, മറക്കരുത്.

സിംഹാസനത്തിനിളക്കംതട്ടിയെന്ന തിരിച്ചറിവിന്റെ വേവലാതി !

ഷൈജു ജോസ് താക്കോൽക്കാരൻ
ഫോൺ: 9372220215

മാർ ആൻഡ്രൂസ് താഴത്തിനെപ്പോലെ ഇത്രയും 'ഗുണ്ടായിസം' കൈമുതലായുള്ള ഒരു മെത്രാൻ കേരള ക്രൈസ്തവസഭയിൽ വേറെയില്ല. അതേക്കുറിച്ച് കൂടുതൽ കൃത്യമായി അറിയണമെങ്കിൽ ഒല്ലൂർ ഇടവകക്കാരോട് ചോദിച്ചാൽ മതി.....!

രാജഭരണവും ജന്മിത്വവും നിലനിന്നിരുന്ന കാലത്ത് അടിയാന്മാരോടും കുടിയാന്മാരോടും തമ്പ്രാക്കൻമാർ പെരുമാറിയിരുന്ന അതേ രീതിയിലാണ് ഈ മെത്രാന്റെ അരമനയിൽ ചെല്ലുന്ന വിശ്വാസികളോട് ഇദ്ദേഹവും ഇദ്ദേഹത്തിന്റെ അംഗരക്ഷകരും പെരുമാറുന്നത്!

അഹങ്കാരത്തിന്റെ അങ്ങേ തലയ്ക്കലാണ് ആൻഡ്രൂസ് മെത്രാനടക്കമുള്ള ഭൂരിപക്ഷം മെത്രാൻമാരും ഇന്ന് വിരാജിക്കുന്നത്.

സത്യത്തിൽ ഇവർ ആരാണ്? വിശ്വാസികൾ എന്ന സാധാരണ ജനങ്ങളുടെമേൽ എന്തധികാരമാണ് ഇവർക്കുള്ളത്? ഇവരുടെ ഈ വേഷവിധാനങ്ങൾക്ക് ഈ കാലഘട്ടത്തിൽ എന്ത് പ്രസക്തിയാണ് ഉള്ളത്? ഇവരുടെ പൂർവ്വികരല്ലേ 2000 വർഷംമുമ്പ് തങ്ങളുടെ ചെയ്തികളെ ചോദ്യംചെയ്തു എന്ന ഒറ്റക്കാരണത്താൽ ഒരു മനുഷ്യപുത്രനെ നിഷ്കരുണം കുരിശിൽ തറച്ച് കൊന്നത്? യഥാർത്ഥത്തിൽ ഇത്തരം ദൈവികാധികാരികളുടെ കിരാതമായ പീഡനങ്ങളിൽനിന്നുള്ള മോചനമല്ലേ യേശു തന്ന രക്ഷ ?

പാവം വിശ്വാസികളുടെ അറിവില്ലായ്മ മുതലെടുത്ത്, അവരെ വിശ്വാസത്തിൽ അന്ധരാക്കി, അവരുടെ ചിന്താശേഷി നശിപ്പിച്ച്, ഇവർ കൊട്ടുന്ന താളത്തിനും ആലപിക്കുന്ന ഹാലേലൂയ സ്ത്രോത്രങ്ങൾക്കും ഒപ്പം തുള്ളുന്ന വെറും മരപ്പാവകളാക്കി വിശ്വാസികളെ ഇവർ മാറ്റിയെടുത്ത്; അവരുടെ വിയർപ്പും അദ്ധ്വാനവും തട്ടിയെടുത്ത്; സുഖലോലുപരായി, ആർഭാടമായി കഴിയുന്നു! എന്നിട്ടും, ആശാരിച്ചിയെ കടിച്ച പട്ടിയെപ്പോലെ, ഇവർക്കു ജനങ്ങളോടു മുറുമുറുപ്പ്!

അതേസമയം, സ്വന്തം മെത്രാൻ ആഡംബരവാഹനത്തിൽ സഞ്ചരിച്ചില്ലെങ്കിൽ, അരമനയിൽ വസിച്ചില്ലെങ്കിൽ തങ്ങൾക്ക് അത് വല്ലാത്ത ഒരു കുറച്ചിലാണ് എന്ന് ചിന്തിക്കുന്ന നിലവാരത്തിലേക്കും, ഇവരില്ലെങ്കിൽ മറ്റു മതക്കാർ തങ്ങളെ ആക്രമിച്ച് നശിപ്പിച്ചുകളയും എന്ന ഭയത്തിലേക്കും വിശ്വാസികളെ ആട്ടിത്തെളിക്കാൻ ഇവർക്ക് കഴിഞ്ഞു.

ഒരു പൊതുശത്രുവിനെ ചൂണ്ടിക്കാണ്ടി മുഴുവൻ ആളുകളുടെയും ശ്രദ്ധ തിരിപ്പിച്ച്, അതിന്റെ മറവിൽ തങ്ങൾ ജനങ്ങളോട് ചെയ്യുന്ന സകല ദ്രോഹപ്രവൃത്തികളും മറച്ചുവെക്കുന്ന, ഇന്നത്തെ ചില രാഷ്ട്രീയ / ഭരണകർത്താക്കൾ ചെയ്യുന്ന, അതേ തന്ത്രംതന്നെയാണ് ഇന്ന് സഭാനേതൃത്വത്തിലെ മെത്രാൻമാരടങ്ങുന്ന ഒരു വിഭാഗം അവരുടെ നിലനിൽപ്പിനുവേണ്ടി ചെയ്യുന്നത്.

സ്വന്തം മകൾ ഒരു പുരോഹിതനാൽ വധിക്കപ്പെട്ടു എന്നു പറഞ്ഞ് ആൻഡ്രൂസ് താഴത്ത് മെത്രാനെ സമീപിച്ച ഒരമ്മയോട് ഒരല്പംപോലും കാരുണ്യം കാണിക്കുകയോ ആശ്വാസത്തിന്റെ ഒരു വാക്കുപോലും പറയുകയോ ചെയ്യാത്ത ഒരു മെത്രാനാണ്, ഇന്ന് 50000 പെൺകുട്ടികൾ യുക്തിവാദ പ്രസ്ഥാനത്തിലേക്ക് പോയി എന്നു പറഞ്ഞ് കള്ളക്കണ്ണീരൊഴുക്കുന്നത്! ഒരിക്കലും ഇളകുകയില്ല എന്ന അഹങ്കാരത്തോടെ അമർന്നിരുന്ന സിംഹാസനത്തിന് ഇളക്കംതട്ടിയെന്ന തിരിച്ചറിവിന്റെ വേവലാതിയാണ് ഈ രോദനം!

ഇവരുടെ കോട്ടക്കൊത്തളങ്ങൾ തകർന്നുവീഴുകതന്നെ ചെയ്യും; സഭയിൽ ക്രിസ്തുവിന്റെ ധാർമ്മികതയും മൂല്യങ്ങളും പ്രാവർത്തികമാവുകതന്നെ ചെയ്യും!

കൊഴിയുന്ന ക്രൈസ്തവരെയോർത്തു കരയുന്ന തൃശൂർ മെത്രാപ്പോലീത്തയോട്

ജോബ്സൺ ജോസ്
JSL (മാലിദ്വീപ്) ഫോൺ: +9607530985

ഇനി എത്ര കരഞ്ഞിട്ടും ഒരു കാര്യവുമില്ല. ആൻഡ്രൂസ് താഴത്തു മെത്രാനേ. ഈ കൊഴിഞ്ഞുപോക്കിന് തടയിടാൻ ഒരു മെത്രാനോ ഒരു പുരോഹിതനോ ഒരു കന്യാസ്ത്രീക്കോ സാധിക്കില്ല. ക്രിസ്തുവിന്റെ പേരുംപറഞ്ഞ് സഭാനേതൃത്വവും പുരോഹിതരും ചെയ്തുകൂട്ടുന്ന നെറികേടുകളെല്ലാം അവർ കാണുന്നുണ്ട്. ലോകത്ത് സംഭവിക്കുന്ന എന്തും ഇന്ന് മനുഷ്യന് വിരൽത്തുമ്പിൽ ലഭ്യമാണ്, പ്രത്യേകിച്ച് യുവതീയുവാക്കൾക്ക്.

ഈ കാസ, പീലാസ, ക്രോസ്സ്, DCF ഒക്കെ വരുന്നതിനു മുമ്പുള്ള സംഘടനാപ്രവർത്തനങ്ങളിൽ യുവതികൾക്കും യുവാക്കൾക്കും തുല്യപ്രാധാന്യമുണ്ടായിരുന്നുവെന്ന് അവകാശപ്പെടാൻ കഴിയില്ലെങ്കിലും, പെൺകുട്ടികളെ വളരെ മോശക്കാരായി ചിത്രീകരിച്ച് അവരുടെ സംരക്ഷണം ആൺകുട്ടികൾ ഏറ്റെടുക്കുന്ന പ്രവണത ഇല്ലായിരുന്നുവെന്ന് തീർത്തും പറയാൻ കഴിയും. ഇവിടെയിപ്പോൾ ഈ സംഘടനകളും അവയെ പിന്തുണയ്ക്കുന്ന പുരോഹിതരും പറയുന്നത് കേട്ടാൽ തോന്നും, ആരു കൈകാണിച്ചാലും അവർക്കൊപ്പം ഇറങ്ങിയോടാനും അടുത്ത ഫ്ളൈറ്റ് പിടിച്ച് ആടിനെ മേയ്ക്കാൻ പോകാനുംമാത്രം വിഡ്ഢികളാണ് ക്രൈസ്തവ പെൺകുട്ടികൾ എന്ന്! ഇന്ന് സ്പെയ്സിൽവരെ ജോലി ചെയ്യുന്നുണ്ട് നമ്മുടെ പെൺകുട്ടികൾ. അപ്പോഴാണ് ഇവിടെ കുറെ മതയൂളകൾ അവരെ വെറും രണ്ടാംതരം പൗരത്വംമാത്രമുള്ളവരായി ചിത്രീകരിക്കുന്നത്! സ്വാഭാവികമായും, പോയി പണിനോക്കിനെടാ എന്ന് അവർ പറയും. അതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും.

ഒരു വലിയ വിഭാഗം പെൺകുട്ടികളെ ചെറുപ്രായത്തിൽത്തന്നെ ചാക്കിട്ട് പിടിച്ച് കന്യാസ്ത്രീ മഠങ്ങളുടെ മതിൽക്കെട്ടുകൾക്കുള്ളിൽ തളയ്ക്കുന്നതും പോരാഞ്ഞിട്ടാണ്, ഇപ്പോൾ കുടുംബത്തിൽ ജീവിക്കുന്നവരെപ്പോലും അപമാനിക്കാൻ ഇക്കൂട്ടർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്!

എന്തായാലും ഒന്നുറപ്പിക്കാം; ഇതിനൊന്നും ഇനി വലിയ ആയുസ്സ് ഉണ്ടാവില്ല. ഇപ്പോഴുള്ള അടിമകളുടെ കാലം കഴിയുന്നതോടെ വെള്ളനൈറ്റി തൊഴിലാളികളൊക്കെ അപ്രസക്തരാകും; കാലക്രമേണ വംശനാശവും സംഭവിക്കും. പിന്നെ അവശേഷിക്കുന്ന മനുഷ്യർക്ക് ഇവിടെ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാം. വൈകിയായാലും, അങ്ങനെയൊരു വസന്തകാലം നമ്മുടെ വരും തലമുറകൾക്കായി വന്നണയും എന്നു പ്രത്യാശിക്കുന്നു. ●

ഇവിടെയിപ്പോൾ ഈ സംഘടനകളും അവയെ പിന്തുണയ്ക്കുന്ന പുരോഹിതരും പറയുന്നത് കേട്ടാൽ തോന്നും, ആരു കൈകാണിച്ചാലും അവർക്കൊപ്പം ഇറങ്ങിയോടാനും അടുത്ത ഫ്ളൈറ്റ് പിടിച്ച് ആടിനെ മേയ്ക്കാൻ പോകാനുംമാത്രം വിഡ്ഢികളാണ് ക്രൈസ്തവ പെൺകുട്ടികൾ എന്ന്! ഇന്ന് സ്പെയ്സിൽവരെ ജോലി ചെയ്യുന്നുണ്ട് നമ്മുടെ പെൺകുട്ടികൾ.

KCRM: ചരിത്രം, ഇടപെടലുകൾ, പഠനങ്ങൾ

വാങ്ങുക, വായിക്കുക, പഠിക്കുക;
ഊർജ്ജമുൾക്കൊണ്ടു പ്രവർത്തിക്കുക!

- കേരളത്തിലെ സഭാനവീകരണമേഖലയെയാകെ സ്പർശിച്ചുള്ള ഇത്തരത്തിലൊരു ഗ്രന്ഥം ആദ്യത്തേത്!
- KCRM-ന്റെ ചരിത്രമെന്നതിലുപരി കേരളസഭയുടെതന്നെ, കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലത്തെ നവീകരണചരിത്രം!
- എക്സ്പ്രീസ്സ്-നൺസ് അസ്സോസിയേഷൻ, AKCAAC, JSL എന്നീ കൂട്ടായ്മകളുടെ രൂപീകരണചരിത്രം!
- KCRM തനതായും മറ്റു പ്രസ്ഥാനങ്ങളോടു ചേർന്നും നടത്തിയ നിരവധി പ്രവർത്തനങ്ങളുടെയും സാഹസികസമരങ്ങളുടെയും ചരിത്രം!
- അവിസ്മരണീയമായ ചരിത്രമുഹൂർത്തങ്ങൾ ഒപ്പിയെടുത്ത 66 ഫോട്ടോകൾ, 26 പേജുകളിൽ!
- ഫ്രാൻസീസ് പാപ്പായ്ക്കുമുതൽ, പ്രധാനമന്ത്രി മോദിക്കുവരെ നൽകിയ, ഏറെ പ്രസക്തവും ആവർത്തിച്ചു നൽകേണ്ടതുമായ നിവേദനങ്ങളുടെ ഒരു സമാഹാരം!
- KCRM-ന്റെ തുടക്കത്തിലും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലും സഭാപ്രശ്നങ്ങളുടെ ആഴങ്ങൾ തിരയുന്ന, പരിഹാരങ്ങളിലേക്കു വെളിച്ചംവീശുന്ന, തിരഞ്ഞെടുത്ത 25 പഠനലേഖനങ്ങൾ!

"KCRM – നോർത്ത് അമേരിക്ക" – യുടെ പ്രസിഡന്റും പ്രമുഖ സഭാനവീകരണ ചിന്തകനും ഗ്രന്ഥകാരനുമായ ശ്രീ ചാക്കോ കളരിക്കലിന്റെ പ്രൗഢമായ അവതാരിക!
KCRM സ്ഥാപകസെക്രട്ടറിയും സത്യജ്വാല എഡിറ്ററുമായ ശ്രീ ജോർജ് മൂലേച്ചാലിൽ വർഷങ്ങളെടുത്തു രചന നിർവ്വഹിച്ച, 332 പേജുള്ള ഈ ബൃഹത്ഗ്രന്ഥം, സഭാനവീകരണം ഈ കാല ഘട്ടത്തിന്റെ ആവശ്യമെന്നു കരുതുന്ന ഓരോരുത്തർക്കും ഒരു മുതൽക്കൂട്ടായിരിക്കും.

ഈ QR കോഡ് ഉപയോഗിച്ച് തുക അയയ്ക്കാവുന്നതാണ്.

കുറിപ്പ്: പുസ്തകത്തിന്റെ മുഖവില 350 രൂപ. എന്നാൽ, ഇപ്പോൾ പുസ്തകം 250 രൂപയ്ക്കു ലഭിക്കുന്നതാണ്.

ഈ പുസ്തകത്തെക്കുറിച്ച് ശ്രീ ഷൈജു ആന്റണി നടത്തിയ ഹ്രസ്വാവലോകനത്തിന്റെ വീഡിയോ കാണാനുള്ള ലിങ്ക്: https://youtu.be/VsG-ZlsgEI8 -KCRM ഭാരവാഹികൾ

ദേവസഹായം പിള്ളയെ വാഴ്ത്തുന്നവരോട്

ഡോ. ടി.പി. ശങ്കരൻകുട്ടിനായർ
(ചരിത്രകാരനാണ് ലേഖകൻ)

ക്രിസ്തുമതത്തോടും ഇതരമതസ്ഥരോടും അനുകമ്പയോടെ പ്രവർത്തിച്ചിരുന്ന മഹോദയപുരത്തെയും പത്മനാഭപുരത്തെയും രാജാക്കന്മാർ മതംമാറിയെന്ന കാരണത്തിന് ഒരാളെ വെടിവച്ച് കൊല്ലുകയില്ലെന്ന് സ്റ്റേറ്റ് മാനുവൽ കർത്താവായ വി. നാഗമയ്യ (രണ്ടാം വാല്യം പേജ് 130; 1906-ൽ പ്രസിദ്ധീകരിച്ചത്) പറയുന്നു.

[ദേവസഹായം പിള്ളയെ മെയ് 15-ന് മാർപാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചതോടെ, അദ്ദേഹത്തെപ്പറ്റിയുള്ള അപദാനങ്ങൾ വാഴ്ത്തിപ്പാടിക്കൊണ്ടുള്ള ലേഖനങ്ങളും ജീവചരിത്രക്കുറിപ്പുകളും എല്ലാ മാധ്യമങ്ങളിലും നിറയുകയുണ്ടായി. ക്രിസ്ത്യാനിയായി മതംമാറിയതിന്റെ പേരിൽ കൊല്ലപ്പെട്ട ധീരരക്തസാക്ഷി എന്ന പരിവേഷം ചാർത്തിയുള്ളതായിരുന്നു മിക്ക രചനകളും, നാമകരണദിവസം ചാനലുകളിലൂടെ കേട്ട റണ്ണിംഗ് കമന്ററി പ്രസംഗങ്ങളും.

കേരളത്തിലെ രാജാക്കന്മാരെല്ലാവരും ക്രൈസ്തവർക്ക് വേണ്ട സഹായങ്ങളും ഒത്താശകളും ചെയ്തുകൊടുത്തിട്ടേയുള്ളുവെന്നും, ആരും ക്രൈസ്തവർക്കെതിരെ മതപീഡനം നടത്തിയ ചരിത്രമില്ലെന്നും കേട്ടിരുന്നതിനാൽ, ഈ ബഹളങ്ങളിൽ എന്തെങ്കിലും സത്യമുണ്ടോ എന്നു സ്വാഭാവികമായും സംശയമുണ്ടായി. അപ്പോഴാണ്, മെയ് 15-ലെ 'ജന്മഭൂമി'യിൽ വന്നതും, ചരിത്രരേഖകൾ ഉദ്ധരിച്ച് ചരിത്രകാരൻ ഡോ. ടി.പി. ശങ്കരൻ കുട്ടിനായർ എഴുതിയതുമായ ഒരു ലേഖനം ശ്രദ്ധയിൽപ്പെട്ടത്. അതിലെ പ്രസക്തഭാഗങ്ങളാണ് താഴെ കൊടുക്കുന്നത്.

മതംമാറ്റംമൂലമാണ് ദേവസഹായം പിള്ളയ്ക്കു വധശിക്ഷ വിധിച്ചത് എന്ന, വർഗ്ഗീയതയെ പോഷിപ്പിക്കുന്ന നിലപാട് കേരളകത്തോലിക്കാസഭ ഔദ്യോഗികമായിത്തന്നെ എത്രയും വേഗം തിരുത്തേണ്ടത് ആവശ്യമാണ് എന്നുകൂടി പറയട്ടെ -എഡിറ്റർ]

1903-ൽ തിരുവനന്തപുരത്തെ ബ്രിട്ടീഷ് റസിഡന്റിന്റെ ഓഫീസ് മാനേജരായിരുന്ന സി.എം. ആഗൂർ തന്റെ 'ചർച്ച് ഹിസ്റ്ററി ഓഫ് ട്രാവൻകൂറി'ൽ ഇങ്ങനെ പറയുന്നു (പേജ് 280 - 284):

പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനമായ പത്മനാഭപുരത്തിന് സമീപമുള്ള ഉദയഗിരിക്കോട്ടയിലായിരുന്നു, തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ (1729-58) സൈനികർക്ക് പരിശീലനം നല്കിയിരുന്നത്. കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ തോൽപ്പിച്ചശേഷം (9-9-1741) മഹാരാജാവ് തടവിലാക്കിയ ഡിലനോയിക്കായിരുന്നു പരിശീലനത്തിന്റെ ചുമതല. പരിശീലകനായിരുന്നതിനാൽ ജനറൽ പദവിയും നല്കിയിരുന്നു. ഇദ്ദേഹത്തിന്റെ ഒപ്പം പ്രവർത്തിച്ചിരുന്ന ഒരു സീനിയർ സൈനികനായിരുന്നു നീലകണ്ഠപിള്ള എന്ന നായർ സമുദായത്തിൽപ്പെട്ട ശൂദ്രൻ. നാട്ടുനടപ്പനുസരിച്ച് ദിവസവും ക്ഷേത്രാരാധന നടത്തിയിരുന്ന നീലകണ്ഠപിള്ള തന്റെ സാമ്പത്തികപരാധീനതകൾ ഡിലനോയിയോട് പലപ്പോഴും പറയുമായിരുന്നു. ഇത്തരം വർത്തമാനങ്ങൾ ഡിലനോയി പറഞ്ഞ് പറഞ്ഞ് നീലകണ്ഠപിള്ള ക്രിസ്തുമതത്തിൽ ആകൃഷ്ടനായി ക്ഷേത്രത്തിൽ പോകാതെയായി. ജ്ഞാനസ്നാനം ചെയ്യാനായി ഡിലനോയി, നീലകണ്ഠപിള്ളയെ തിരുനൽവേലി വടക്കൻകുളം പള്ളിയിലെ റവ. ഫാദർ ആർ ബുട്ടാരിയുടെ സമീപത്തേക്കയച്ചു. ജ്ഞാനസ്നാനം ചെയ്ത പേർ ലസാറസ് എന്നായിരുന്നുവെങ്കിലും അച്ചൻ വിളിച്ചത് ദേവസഹായം പിള്ള (ദൈവത്തിന്റെ സഹായി എന്നാണ് ആഗൂർ പരിഭാഷ നല്കിയിരിക്കുന്നത്. പേജ് 281). ഈ സംഭവം നടന്നത് 1745 മെയ് പതിനേഴിനായിരുന്നു. അന്നുമുതൽ തന്റെ സുഹൃത്തുക്കളെ പലരെയും ബുട്ടാരിയുടെ അടുത്തുവിട്ട് മത പരിവർത്തനം നടത്തിയിരുന്നു, ദേവസഹായം പിള്ള. ●

ഉദയഗിരിക്കോട്ടയിലായിരുന്നു പ്രധാന ജോലിയെങ്കിലും അത് തലസ്ഥാനത്തെ (പത്മനാഭപുരത്തെ) ക്ഷേത്രങ്ങളും ഓഫീസുകളും കൊട്ടാരവുമായൊക്കെ ബന്ധപ്പെട്ടിരുന്നു. തൊട്ടുകൂടായ്മ പോലുള്ള ഇന്നത്തെ അനാചാരങ്ങൾ അന്ന് ആചാരങ്ങളായിരുന്നു. ഇത്തരം ഒരു സാഹചര്യത്തിലാണ് ദേവസഹായം പിള്ളയെ ദിവാന്റെ കൽപ്പനപ്രകാരം രാജാവിന്റെ മുൻപിൽ ഹാജരാക്കിയത്. കാലത്തിനനുസരിച്ച് കൊട്ടാരം ഉദ്യോഗസ്ഥരും തേക്കുതടി കടത്തൽ വലിയ കുറ്റമായി രാജാവിനെ ബോധ്യപ്പെടുത്തി.

ഇത്തരം അടുപ്പംകൊണ്ട് ബുട്ടാരി മറ്റൊരു സഹായം ദേവസഹായം പിള്ളയോട് ചോദിച്ചു. വടക്കൻകുളം പള്ളി പണിയുന്നതിനും അതിനുവേണ്ട തേക്കുതടി അരുവാമൊഴി വഴി കൊണ്ടുപോകുന്നതിനുമുള്ള അനുവാദം. അപേക്ഷ സർക്കാരിന് നല്കിയോ എന്ന് എങ്ങും തെളിയുന്നുമില്ല. അനധികൃതമായി തേക്കുതടി വെട്ടി അരുവാമൊഴി വഴി വടക്കൻകുളത്തേക്ക് കൊണ്ടുപോയി, ദേവസഹായം. ഇതിന്റെപേരിൽ പല പരാതികളും കൊട്ടാരം സൂപ്രണ്ടും രാജാവിന്റെ സെക്രട്ടറിയുമായിരുന്ന ശിങ്കാരം അണ്ണായ്ക്ക് ലഭിച്ചു

മതംമാറിയ ഒരാൾ ക്ഷേത്രവുമായും രാജാവുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത് അന്നത്തെ നാട്ടാചാരപ്രകാരം അഭിലഷണീയമായിരുന്നില്ല എന്ന് എല്ലാവർക്കുമറിയാം. കാനായിലെ തോമസിനുംമറ്റും പല ആനുകൂല്യങ്ങളും നല്കുകയും തരിസ്സാപ്പള്ളി ചെപ്പേട് വഴി ക്രിസ്ത്യാനികൾക്ക് പല പ്രത്യേക അവകാശങ്ങളും നല്കുകയും ചെയ്തെങ്കിലും, തന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഹിന്ദു ഒരു ക്രിസ്ത്യാനിയായി സർവ്വീസിൽ തുടരുന്നത് ക്ഷന്തവ്യമായിരുന്നില്ല. ഉദയഗിരിക്കോട്ടയിലായിരുന്നു പ്രധാന ജോലിയെങ്കിലും അത് തലസ്ഥാനത്തെ (പത്മനാഭപുരത്തെ) ക്ഷേത്രങ്ങളും ഓഫീസുകളും കൊട്ടാരവുമായൊക്കെ ബന്ധപ്പെട്ടിരുന്നു. തൊട്ടുകൂടായ്മപോലുള്ള ഇന്നത്തെ അനാചാരങ്ങൾ അന്ന് ആചാരങ്ങളായിരുന്നു. ഇത്തരം ഒരു സാഹചര്യത്തിലാണ് ദേവസഹായം പിള്ളയെ ദിവാന്റെ കൽപ്പനപ്രകാരം രാജാവിന്റെ മുൻപിൽ ഹാജരാക്കിയത്. കാലത്തിനനുസരിച്ച് കൊട്ടാരം ഉദ്യോഗസ്ഥരും തേക്കുതടി കടത്തൽ വലിയ കുറ്റമായി രാജാവിനെ ബോധ്യപ്പെടുത്തി.

ഇതോടെ ദേവസഹായം പിള്ളയെ തടവിലാക്കി കൊടുംകാട്ടിൽ ഉപേക്ഷിച്ചു. കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ മുളകുപൊടി നല്കിയെന്നാണ് ആഗൂർ പറയുന്നത്. പതിനെട്ടു മാസം തടവിലായി. ഇതിനിടയിൽ തനിക്ക് എന്ത് സംഭവിച്ചാലും ധൈര്യം വിടരുത് എന്ന് ക്രിസ്ത്യാനിയായ ഭാര്യയ്ക്ക് സന്ദേശം അയച്ചു, ദേവസഹായം. അവസാനം വെടിവച്ചു കൊല്ലാനാണ് കൽപ്പനയുണ്ടായത്. നാല്പതാം വയസിൽ കാറ്റാടിമലയിൽ വച്ച് (അരുവാമൊഴി) ദാനശീലരായ തിരുവിതാംകൂർ രാജാക്കന്മാരുടെ നാട്ടിൽ വച്ച് ഒരു

സത്യക്രിസ്ത്യാനി 1752 ജനുവരി പതിമൂന്നിന് വെടിവച്ചു കൊല്ലപ്പെട്ടു. ഭൗതികാവശിഷ്ടങ്ങൾ (കോട്ടാർ) സെന്റ് സേവ്യേഴ്സ് പള്ളിയിലാണ് സൂക്ഷിച്ചത്. തിരുവനന്തപുരം നാഗർകോവിൽ മെയിൻ റോഡിലാണ് ഈ പള്ളി നിലകൊള്ളുന്നത്.

ഗ്രന്ഥകാരനായ ആഗൂർ പറയുന്നത് ഭാവിയിൽ ചരിത്രം വളച്ചൊടിക്കാൻ സാധ്യതയുണ്ട് ; അതുകൊണ്ട്, 1858-ൽ തമിഴിൽ എഴുതിയതും (ഡോ. ബോവർ) പോണ്ടിച്ചേരിയിൽ അച്ചടിച്ചതുമായ ലഘുഗ്രന്ഥത്തെയാണ് ഈ വിവരണത്തിനായി താൻ ആശ്രയിച്ചിരിക്കുന്നത് എന്നാണ്. റവ. എഫ്.സി. ഫെർണാണ്ടസ് മറ്റൊരു ഗ്രന്ഥം രചിക്കുന്നതായി അറിവുണ്ട്. എങ്കിലും അങ്ങനെ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചോ എന്ന് തനിക്കറിയില്ലെന്നും ആഗൂർ സംക്ഷേപിക്കുന്നു.

ക്രിസ്തുമതത്തോടും ഇതരമതസ്ഥരോടും അനുകമ്പയോടെ പ്രവർത്തിച്ചിരുന്ന മഹോദയപുരത്തെയും പത്മനാഭപുരത്തെയും രാജാക്കന്മാർ മതംമാറിയെന്ന കാരണത്തിന് ഒരാളെ വെടിവച്ച് കൊല്ലുകയില്ലെന്ന് സ്റ്റേറ്റ് മാനുവൽ കർത്താവായ വി. നാഗമയ്യ (രണ്ടാം വാല്യം പേജ് 130; 1906-ൽ പ്രസിദ്ധീകരിച്ചത്) പറയുന്നു. യൂണിവേഴ്സിറ്റി കോളേജിലെ ആദ്യത്തെ ബി.എ ഡിഗ്രി ജേതാവായ നാഗമയ്യ ദിവാൻ പദവി വേണ്ടെന്നുവച്ച് സ്റ്റേറ്റ് മാനുവൽ നിർമ്മാണത്തിൽ ലയിച്ച ഒരു സത്യാന്വേഷിയായിരുന്നു. ജോലിയിൽ നിന്നു പിരിച്ചുവിടാൻ വേണ്ട കുറ്റം ദേവസഹായം ചെയ്തിരുന്നു. അനുവാദമില്ലാതെ തന്റെ അധികാരം ദുർവിനിയോഗം ചെയ്ത് വടക്കൻകുളം പള്ളി പണിയാൻ തേക്കുമരം വെട്ടി അരുവാമൊഴി വഴി എത്തിച്ച്, തന്നെ ജ്ഞാനസ്നാനം ചെയ്യിച്ച ഫാ. ബുട്ടാരിയോട് കടപ്പാട് നിർവഹിച്ചത്, അഥവാ നിറവേറ്റിയത്, തന്നെ പാലൂട്ടി വളർത്തിയ പത്മനാഭപുരം കൊട്ടാരത്തിലെ തിരുവിതാംകൂർ രാജാവിനോടും രാജ്യത്തോടും ചെയ്ത ഹീനമായ കുറ്റമെന്നവർ വിധിച്ചതിൽ കുറ്റം പറയാൻ സാധ്യമല്ല എന്ന സമീപനമാണ് നാഗമയ്യയുടേത്.

മതത്തിനുവേണ്ടി ആത്മബലി നടത്തിയതിന്റെപേരിൽ വിശുദ്ധനാക്കാൻ തക്ക മഹത്വം നീലകണ്ഠപിള്ളയെന്ന ദേവസഹായം പിള്ളയ്ക്കില്ല എന്ന് പറയേണ്ടിവരും. ഇങ്ങനെയുള്ള നിയമവിരുദ്ധ നടപടികൾ ചെയ്യുന്നവർ ഇനിയും നമ്മുടെ സമൂഹത്തിൽ കണ്ടേക്കും.

മതത്തിനുവേണ്ടി ആത്മബലി നടത്തിയതിന്റെപേരിൽ വിശുദ്ധനാക്കാൻ തക്ക മഹത്വം നീലകണ്ഠപിള്ളയെന്ന ദേവസഹായം പിള്ളയ്ക്കില്ല എന്ന് പറയേണ്ടിവരും. ഇങ്ങനെയുള്ള നിയമവിരുദ്ധ നടപടികൾ ചെയ്യുന്നവർ ഇനിയും നമ്മുടെ സമൂഹത്തിൽ കണ്ടേക്കും.

നാണം കെടുത്തിയ മാർപാപ്പാമാർ !

ബോസ് ഈപ്പൻ പൂഞ്ഞാർ,
ഫോൺ: 9447571898

സേർജിയസ് മൂന്നാമന്റെ സ്ഥാനാരോഹണത്തെത്തുടർന്ന് വേശ്യകളുടെ ഭരണകാലം ആരംഭിച്ചു. തിയഡോറയും മറോസിയയും - അമ്മയും മകളും - റോമിലെ തിയോഫിലാക്ട് എന്നപ്രഭു കുടുംബത്തിലെ അംഗങ്ങളായിരുന്നു. രണ്ടുപേരും സേർജിയസിന്റെ വെപ്പാട്ടികളും!

മണവാളൻമാർ

3 മാസൂസിന്റെ കാലത്തെ റോമാ പുരോഹിതന്മാർ അണിഞ്ഞൊരുങ്ങി മണവാളന്മാരെപ്പോലെയാണ് നടന്നിരുന്നത്. കുറേക്കാലം ദമാസൂസിന്റെ സെക്രട്ടറിയായിരുന്ന വിശുദ്ധ ജെറോമിന് അന്നത്തെ പുരോഹിതന്മാരെപ്പറ്റി വളരെ മോശമായ അഭിപ്രായമാണ് ഉണ്ടായിരുന്നത്. സ്ത്രീകൾ ഇക്കൂട്ടരുടെ മുറിയിൽ പോകരുതെന്ന് മുന്നറിയിപ്പും അദ്ദേഹത്തിന്റെ കത്തുകളിൽ നിന്ന് വായിക്കാം.

പാപ്പായുടെ മകൻ പാപ്പാ!

അനസ്തേഷ്യസ് പാപ്പായുടെ (AD 390 - 401) സ്വന്തം മകൻ ഇന്നസെൻറ് ഒന്നാമൻ മാർപാപ്പയായി (401 417) വാഴിക്കപ്പെട്ടതോടെ, പുത്രൻ പിതാവിനെ പിന്തുടരുക എന്ന പാരമ്പര്യ തത്വം പേപ്പസിയുടെ ചരിത്രത്തിൽ ആദ്യമായി നിറവേറ്റപ്പെട്ടു. പിന്നീടങ്ങോട്ട് ഇതിന്റെ നിരവധി ആവർത്തനങ്ങളുണ്ടായി.

പാപ്പാസ്ഥാനം അമ്മാനമാടിയ മാറോസിയയുടെ ഒരു കരിക്കേച്ചർ

ലിയോ ഒന്നാമനും വ്യാജരേഖ ചമയ്ക്കലും

തന്റെ മുൻഗാമിയായ സോസി മൂസ് പാപ്പാ ആഫ്രിക്കയിലെ മെത്രാന്മാരെ ഒതുക്കുന്നതിനുവേണ്ടി ഉപയോഗിച്ച കള്ളപ്രമാണങ്ങൾ, ലിയോ ഒന്നാമൻ (AD 440 -461) ഗ്രീക്ക് മെത്രാന്മാരെ നേരിടുന്നതിനു പ്രയോഗിച്ചു. പിന്നീട് കാൽസി ഡോണിൽ കൂടിയ കൗൺസിലിലെ ഗ്രീക്ക് മെത്രാന്മാർ മാർപാപ്പയെ 'സാർവ്വത്രികസഭയുടെ തലവൻ' എന്ന് സംബോധന ചെയ്യുകയുണ്ടായി എന്ന കള്ള പ്രചരണം നടത്തുന്നതിന് ലിയോ ഒന്നാമൻ തയ്യാറായി. മാർപാപ്പയുടെ പ്രബോധനങ്ങൾക്ക് നിരക്കാത്ത ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ ക്രൂരമായി പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യുന്നതിന് രാജ്യതലവനായ ചക്രവർത്തിയെ ആദ്യമായി പ്രോത്സാഹിപ്പിച്ച പാപ്പായും ലിയോ ആയിരുന്നു.

ഗ്രിഗറി ഒന്നാമന്റെ തലതിരിഞ്ഞ ചിന്തകൾ

ഗ്രിഗറി മാർപാപ്പാ ആത്മാർത്ഥതയും ഭക്തിയുമുള്ള ആളായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ പല വീക്ഷണങ്ങളും പ്രാകൃതവും ക്രൂരവും ആയിരുന്നു. മാമോദീസ മുങ്ങാതെ മരിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളെയെല്ലാം നിത്യനരകത്തിൽ തള്ളുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സന്താനോല്പാദനത്തിന് വേണ്ടിയാണെങ്കിൽപ്പോലും, സെക്സ് മ്ലേച്ഛവും പാപവും ആണെന്ന ഉറച്ച അഭിപ്രായമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്!

ലോകാവസാനം അടുത്തിരിക്കുന്നു എന്നു വിശ്വസിച്ചിരുന്ന ഗ്രിഗറി, പള്ളിക്കു പണവും ഭൂമിയും ദാനമായി നൽകി സ്വർഗ്ഗരാജ്യത്തിൽ സമ്പത്ത് സ്വരൂപിക്കാൻ ധനവാന്മാരെ പ്രേരിപ്പിച്ചു. തങ്ങളുടെ കീഴിലുള്ള വൈദികർക്കും അവൈദികർക്കും വിദ്യാഭ്യാസം നൽകുന്നതിന് നടപടി സ്വീകരിച്ച മെത്രാന്മാരെ ഗ്രിഗറി കഠിനമായി ശാസിച്ചു. വിദ്യാഭ്യാസം അപകടകാരിയാണെന്ന് അദ്ദേഹം വിശ്വസിച്ചു.

ഒരേസമയം രണ്ടു പാപ്പാമാർ!

A D 418 ൽ ഒരേസമയം രണ്ടു പാപ്പാമാർ രണ്ടിടത്തായി തിരഞ്ഞെടുക്കപ്പെട്ടു. അക്കാലത്ത് അല്മായർക്കും പാപ്പാ തിരഞ്ഞെടുപ്പിൽ പങ്കാളിത്തമുണ്ടായിരുന്നു. AD 500-ൽ അത് നിർത്തലാക്കി. ഒരേസമയം രണ്ടു പാപ്പാമാരും മൂന്നു പാപ്പാമാരും നിരവധി തവണ കസേരയ്ക്കുവേണ്ടി കടിപിടി കൂടിയ ചരിത്രമാണ് കത്തോലിക്കാസഭയ്ക്ക് പിന്നീടുണ്ടായത്.

മധ്യനൂറ്റാണ്ടുകൾ (AD 8-13 നൂറ്റാണ്ടുകൾ)

ഇരുളടഞ്ഞ മധ്യകാലഘട്ടത്തിന്റെ സൃഷ്ടിയിൽ പള്ളി വഹിച്ച പങ്ക് നിസ്സാരമല്ല. പ്രകാശഗോപുരമായിരിക്കേണ്ട

ക്രിസ്തീയസഭ, അന്ധകാരം പരത്തുന്ന ഒരു മഹാസ്ഥാപനമായി വളർന്നു. പാപ്പാ മുതൽ ഡീക്കൻ വരെയുള്ളവരിൽ ഭൂരിപക്ഷവും ക്രിസ്തീയത തൊട്ടുതീണ്ടിയിട്ടില്ലാത്ത ലൗകികരായിരുന്നു. അവർ സമ്പത്തിനും അധികാരത്തിനും നൈമിഷിക സുഖഭോഗങ്ങൾക്കുംവേണ്ടി പരക്കംപാഞ്ഞു.

വിശ്വാസികൾ തികഞ്ഞ അജ്ഞരും അന്ധവിശ്വാസികളുമായിരുന്നു. ആധ്യാത്മികത എങ്ങും ദൃശ്യമായിരുന്നില്ല. കന്യാസ്ത്രീ മഠങ്ങളിലെ സന്യാസിനിമാർ, തങ്ങളുടെ അവിഹിതവേഴ്ചയുടെ ഫലമായി ജനിച്ച പിഞ്ചുകുഞ്ഞുങ്ങളെ കൊന്നു കളയുന്നത് വി. ബോണിഫസ് പാപ്പായുടെ കത്തുകളിൽ വിവരിക്കുന്നുണ്ട്. എതിരാളികളുടെ കണ്ണുകൾ ചൂഴ്ന്നു കളയുന്നത് റോമിലെ കത്തോലിക്കരുടെ അക്കാലത്തെ ഒരു ക്രൂരവിനോദമായിരുന്നു. ഇമ്മാതിരി ക്രൂരകൃത്യങ്ങൾക്ക് ചില പാപ്പാമാരും മെത്രാന്മാരും ഇരയായിട്ടുമുണ്ട്.

പോപ്പ് ഫോർമോസസിന്റെ ദുർഗതി

സ്റ്റീഫൻ അഞ്ചാമന്റെ കാലശേഷം ജർമ്മൻ പക്ഷത്തിന്റെ പിൻബലത്തോടെ പോർട്ടോയിലെ മെത്രാനായ ഫോർമോസസ്, എതിരാളിയായ സേർജിയസിനെ തുരത്തി മാർപാപ്പയായി. ബൾഗേറിയയിൽ വിജയപൂർവ്വം മിഷനറി പ്രവർത്തനം നടത്തിയ ഫോർമോസസ് മാതൃകാപരമായ സന്ന്യാസജീവിതം നയിച്ച ആളായിരുന്നു. അദ്ദേഹത്തിന്റെ ഏക ബലഹീനത, മാർപാപ്പയാകണമെന്നുള്ള അത്യാഗ്രഹമായിരുന്നു. വയോവൃദ്ധനായ ഫോർമോസസ് തന്റെ ജീവിതാഭിലാഷം സാധിക്കുകയും 891- 96 കാലഘട്ടത്തിൽ റോമാ സിംഹാസനത്തിൽ വാണരുളുകയും ചെയ്തു.

അദ്ദേഹത്തിന്റെ കാലശേഷം റോമാക്കാരനും ഒരു മെത്രാന്റെ പുത്രനുമായ ബോണിഫസ് ആറാമൻ പാപ്പായായി. അധാർമികതയുടെപേരിൽ നേരത്തെ സഭാഭ്രഷ്ടനാക്കപ്പെട്ടിരുന്ന രോഗിയായ ബോനിഫസ് വെറും 15 ദിവസംമാത്രം അധികാരത്തിലിരുന്ന് മരണമടഞ്ഞു.

അതിനുശേഷം ഒരു പുരോഹിതന്റെ പുത്രനായ സ്റ്റീഫൻ ആറാമൻ പാപ്പായായി. ഫോർമോസസിനാൽ അനാഞ്ഞിയിലെ മെത്രാനായി വാഴിക്ക പ്പെട്ടിരുന്ന സ്റ്റീഫൻ തന്റെ തിരഞ്ഞെടുപ്പിനുശേഷം ഫോർമോസസിന്റെ ബദ്ധശത്രുവായി മാറി. അപ്പോഴേക്കും ഫോർമോസസ് മരിച്ചിട്ട് ഒമ്പതുമാസം കഴിഞ്ഞിരുന്നു.

സമാനതകളില്ലാത്ത ക്രൂരത

സ്റ്റീഫൻ പാപ്പായുടെ വൈരാഗ്യബുദ്ധിക്ക് സമാനമായൊന്ന് ചരിത്രത്തിലെങ്ങും ചൂണ്ടിക്കാണിക്കാനാവില്ല. ഫോർമോസസിന്റെ അഴുകിയ ശവശരീരം റോമൻ ബസിലിക്കയിലെ പാപ്പാമാരുടെ പോർട്ടിക്കോയിൽനിന്ന് മാന്തിയെടുത്ത്, സഭാവസ്ത്രങ്ങളോടുകൂടി സിംഹാസനത്തിലിരുത്തി വിചാരണ നടത്തി, അദ്ദേഹം കുറ്റവാളിയാണെന്നു സ്ഥാപിക്കുകയും പാപ്പാസ്ഥാനത്തിന് അർഹനല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം ശവശരീരത്തിൽനിന്ന് രണ്ടു വിരലുകൾ (ശ്ലൈഹിക ആശീർവാദം ഈ വിരലുകൾ ഉയർത്തിയായിരുന്നു) മുറിച്ചുകളഞ്ഞ്, സ്ഥാനവസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി ശവം ടൈബർ നദിയിലെറിഞ്ഞു!

ഫോർമോസസിനോട് അനുഭാവമുണ്ടായിരുന്ന ചിലർ ശവശരീരം നദിയിൽ നിന്നു വീണ്ടെടുത്ത് സംസ്കരിച്ചു. പിന്നീട് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ഔദ്യോഗികമായി സെന്റ് പീറ്റേഴ്സിലെ ശവകുടീരത്തിലേക്ക് മാറ്റി.

തന്റെ മുൻഗാമിയോട് ഇപ്രകാരം നിന്ദ്യമായും പൈശാചികമായും പെരുമാറിയ സ്റ്റീഫൻ പാപ്പായ്ക്ക് അധികനാളുകൾ അധികാരത്തിൽ തുടരാനായില്ല. മത്സരത്തിൽ ഫോർമോസസിനോട് പരാജയപ്പെട്ടിരുന്ന ശക്തനായ സേർജിയസിന്റെ വിരോധവും ജനങ്ങളുടെ അപ്രിയവും സമ്പാദിച്ച സ്റ്റീഫൻ പാപ്പാ ജയിലിലടയ്ക്കപ്പെടുകയും അവിടെവെച്ച് കഴുത്തുഞെരിച്ച് കൊല്ലപ്പെടുകയും ചെയ്തു.

പിന്നീട് 7 വർഷക്കാലം പാപ്പാമാരായി എട്ടു പേരാണ് ഉണ്ടായത്. അവരിൽ പലരും ദുരൂഹസാഹചര്യങ്ങളിൽ അപ്രത്യക്ഷരാവുകയോ കൊല്ലപ്പെടുകയോ ചെയ്തു. തുടർന്ന്, പാപ്പാസ്ഥാനം കൈയ്ക്കലാക്കുന്നതിന് ഒരു പതിറ്റാണ്ടായി പരിശ്രമിച്ചുകൊണ്ടിരുന്ന കുപ്രസിദ്ധനായ സെർജി യൂസ് സിംഹാസനത്തിലെത്തി.

വീണ്ടും ക്രൂരത!

സ്റ്റീഫൻ ആറാമൻ ചെയ്തതുതന്നെ സെർജിയസും ചെയ്തു. ഒരിക്കൽക്കൂടി ഫോർമോസസിന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്തിയെടുത്ത് വിധി ഒന്നുകൂടി ആവർത്തിച്ചു (തീയഡോർ രണ്ടാമൻ 897-ൽ ഫോർമോസസിനെ കുറ്റവിമുക്തനാക്കിയിരുന്നു). കൂടാതെ, അസ്ഥികൂടത്തിന്റെ ശിരച്ഛേദം നടത്തി വീണ്ടും ടൈബർ നദിയിൽ തള്ളുകയും ചെയ്തു! ചരിത്രത്തിൽ ഒരു മനുഷ്യനും മരണാനന്തരം ഇതുപോലെ വേട്ടയാട പ്പെട്ടിട്ടില്ല.

വേശ്യകളുടെ ഭരണകാലം

സേർജിയസ് മൂന്നാമന്റെ സ്ഥാനാരോഹണത്തെത്തുടർന്ന് വേശ്യകളുടെ ഭരണകാലം ആരംഭിച്ചു. തിയഡോറയും മറോസിയയും – അമ്മയും മകളും – റോമിലെ തിയോഫിലാക്ട് എന്ന പ്രഭുകുടുംബത്തിലെ അംഗങ്ങളായിരുന്നു. രണ്ടുപേരും സേർജിയസിന്റെ വെപ്പാട്ടികളും! പതിനഞ്ചാം വയസ്സിൽ മറോസിയാ ആരെയും ആകർഷിക്കുന്ന ഒരു മാദകത്തിടമ്പായിരുന്നു. അവൾ നാല്പത്തിയഞ്ചുകാരനായ സേർജിയസ് പാപ്പായുടെ ലാറ്ററൻ കൊട്ടാരത്തിലെ കിടപ്പറ പതിവായി പങ്കുവെച്ചു. അങ്ങനെ ജനിച്ച സന്തതിയാണ് പിന്നീട് ജോൺ പതിനൊന്നാമനായി 'പരിശുദ്ധ സിംഹാസന'ത്തിൽ എത്തിയത്.

അമ്മയെ കെട്ടിച്ച പാപ്പാ!

മാറോസിയയുടെ രണ്ടാം ഭർത്താവായ ടസ്റ്റനിയിലെ ആൽബറിക് അധികാരവടംവലിയിൽ കൊല്ലപ്പെട്ടു. ആ വിവാഹത്തിൽ ജനിച്ചതാണ് ആൽബറിക് ജൂനിയർ.

തന്റെ അർദ്ധസഹോദരനും ഇറ്റാലിയൻ രാജാവുമായ ഹ്യൂഗോയെ ഭർത്താവാക്കാൻ മറോസിയ അതിയായി ആഗ്രഹിച്ചു. എന്നാൽ ഹ്യൂഗോ നേരത്തേതന്നെ വിവാഹിതനായിരുന്നു. ഈ തടസ്സങ്ങളെല്ലാം മാറ്റി ക്കിട്ടുന്നതിന് സ്വന്തം മകൻ പാപ്പാ ആയപ്പോൾ പ്രയാസം ഇല്ലല്ലോ. അമ്മയുടെ ആഗ്രഹപ്രകാരം ജോൺ പതിനൊന്നാമൻ അവരുടെ വിവാഹം ഔദ്യോഗികമായി ആശീർവദിച്ചു.

ആൽബറിക് എന്ന വെറിയൻ

മറോസിയയുടെ രണ്ടാം വിവാഹത്തിലുള്ള പുത്രൻ ആൽബറിക് ജൂനിയർ ഈ വിവാഹത്തോടെ അമ്മയുടെ മുഖ്യശത്രുവായി മാറി. ആൽബറിക്കിനെ നേരിടാനാകാതെ

ഇണപിരിയാത്ത അവിശുദ്ധ കൂട്ടുകെട്ട്

JSL കൂട്ടായ്മ

പൗരോഹിത്യവും രാഷ്ട്രീയവും തമ്മിലുള്ള ഇണപിരിയാത്ത അവിശുദ്ധ കൂട്ടുകെട്ട് മതാധിപത്യകാല ഘട്ടത്തിലെന്നപോലെതന്നെ ഈ ജനാധിപത്യകാലത്തും നിലനിൽക്കുന്നുവെന്നത് ഒരു നഗ്നസത്യമാണ്. അത് ഖേദകരമാണ്, അങ്ങേയറ്റം പ്രതിഷേധാർഹവുമാണ്. ജനാധിപത്യത്തിൽ ജനങ്ങൾക്കാണ് പൂർണ്ണമായ അധികാരം എന്നു പറയുമ്പോഴും, മതമേലധ്യക്ഷന്മാരും സാമുദായിക നേതാക്കന്മാരും രാഷ്ട്രീയത്തിൽ അനാവശ്യമായി ഇടപെടുന്നത് നമ്മൾ നിത്യേന കണ്ടുകൊണ്ടിരിക്കുന്നതാണ്. വിശ്വാസികളുടെ വോട്ട് ഇന്നും മതമേലധ്യക്ഷന്മാരുടെ നിയന്ത്രണത്തിലാണെന്നു വിശ്വസിക്കുന്ന രാജ്യത്തെ ഒരേയൊരു വിഭാഗം ഇവിടുത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ മാത്രമാണ്. അതിന്റെ തെളിവുകൂടിയാണ് ഇലക്ഷൻ കാലത്ത് സ്ഥാനാർഥികൾ നടത്തുന്ന അരമന സന്ദർശനങ്ങൾ, പ്രീണിപ്പിക്കൽ പ്രസ്താവനകൾ മുതലായവ.

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ഓരോ ഗവൺമെന്റും ഓരോ കാലത്തും ഓരോ വിഷയങ്ങളിൽ പഠനത്തിന് കമ്മീഷനുകളെ നിയമിക്കുന്നതും കമ്മീഷനുകൾ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും.

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ഓരോ ഗവൺമെന്റും ഓരോ കാലത്തും ഓരോ വിഷയങ്ങളിൽ പഠനത്തിന് കമ്മീഷനുകളെ നിയമിക്കുന്നതും കമ്മീഷനുകൾ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും. എന്നാൽ കമ്മീഷനുകൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മതമേലധ്യക്ഷന്മാരെയോ മറ്റു പ്രമുഖ വ്യക്തികളെയോ ബാധിക്കുന്നു എന്ന് കണ്ടാൽ, അവ നടപ്പിലാക്കാൻ ഒരു ഗവൺമെന്റും തയ്യാറാകുന്നില്ല എന്നതാണ് വാസ്തവം. സിനിമാ മേഖലയുമായി ബന്ധപ്പെട്ട് ജസ്റ്റീസ് ഹേമാ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിനുമേൽ നടക്കുന്ന വിവാദങ്ങൾ നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്.

അതിനൊക്കെ വർഷങ്ങൾക്കു മുൻപേ, രാജ്യം കണ്ട ഏറ്റവും പ്രഗല്ഭനായ നിയമജ്ഞൻ യശശ്ശരീരനായ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ സർക്കാരിന് സമർപ്പിച്ചതാണ്, 'കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് & ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ 2009' എന്ന, ക്രൈസ്തവസഭകളുടെ സ്വത്തുക്കളും സ്ഥാപനങ്ങളും രാജ്യത്തിന്റെ നിയമമനുസരിച്ച് കൈകാര്യം ചെയ്യാനുദ്ദേശിച്ചു തയ്യാറാക്കിയ നിയമശിപാർശ. എന്നാൽ അത് നടപ്പിലാക്കാൻ ഇന്നേവരെ ഇവിടെ മാറി മാറി വന്ന ഒരു സർക്കാരിനും കഴിഞ്ഞിട്ടില്ല.

അവിടെയാണ്, ആ നിയമപരിഷ്ക്കരണ കമ്മീഷനിൽ ജസ്റ്റീസ് വി ആർ കൃഷ്ണയ്യർക്കൊപ്പം അംഗമായിരുന്ന ജസ്റ്റീസ് സി. എസ് രാജന്റെ വാക്കുകളുടെ പ്രസക്തി. അദ്ദേഹം പറഞ്ഞു: ' ഞാനും ചർച്ച് ആക്ട് ലോ കമ്മീഷനിൽ അംഗമായിരുന്നു. അന്നുതന്നെ ഞാൻ ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരോടു പറഞ്ഞു, ഇതു നടപ്പാക്കാനുള്ള ഇച്ഛാശക്തിയും ധൈര്യവുമുള്ള പാർട്ടികൾ ഇവിടെയില്ല, എന്ന്.'

ഇന്ന് ഇവിടെ നിലനിൽക്കുന്ന ഒരു രാഷ്ട്രീയപാർട്ടിക്കും ഇത്തരം ബില്ലുകൾ നടപ്പിലാക്കാനുള്ള ചെലവഴിച്ച് ഇത്തരം കമ്മീഷനുകളെ നിയമിക്കുന്നതും പ്രഹസനങ്ങൾ നടത്തുന്നതും? ഈ ചോദ്യം നമ്മൾ നിരന്തരം ചോദിച്ചുകൊണ്ടേയിരിക്കണം. എന്നാൽമാത്രമേ, ജാതി-മത ചിന്തകൾക്കതീതമായി ജനാധിപത്യം അതിന്റെ എല്ലാ മൂല്യങ്ങളും ഉൾക്കൊണ്ട്ജനങ്ങൾക്കുവേണ്ടി ഭരണം നിർവഹിക്കുന്ന ഒരു കാലഘട്ടം ഇവിടെ സംജാതമാകുകയും ജനോപകാരപ്രദമായ ഇത്തരം ബില്ലുകൾ നടപ്പിലാവുകയും ചെയ്യുകയുള്ളൂ. ●

ഹ്യൂഗോ പലായനംചെയ്തു. ആൽബറിക്, ജോൺ പാപ്പായെയും തന്റെ അമ്മയെയും ജയിലിലടച്ചു. നാലു വർഷത്തിനുശേഷം പാപ്പാ മൃതിപ്പെട്ടു. അമ്മ, മറോസിയ ദീർഘകാലം കാരാഗൃഹത്തിൽ കിടന്ന് നരകിച്ചു.

റോമിലെ ഭൗതികഭരണാധികാരി എന്ന നിലയിൽ ആൽബറിക്, പിന്നീട് വന്ന നാലു പാപ്പാമാരുടെയും തിരഞ്ഞെടുപ്പിൽ നിർണായക പങ്കുവഹിച്ചു. മരണാസന്നനായ ആൽബറിക് അഗാപ്പിറ്റസ് പാപ്പായുടെ സമ്മതത്തോടെ തന്റെ പുത്രനായ 16 വയസ്സുകാരൻ ഒക്ടോവിയനെ, ജോൺ പന്ത്രണ്ടാമൻ എന്നപേരിൽ പാപ്പായാക്കി (A D 955-64).

(തുടരും) ●

തിരുത്ത്

ഈ പരമ്പരയുടെ ഒന്നാം ഭാഗത്ത് (കഴിഞ്ഞ ലക്കം ഇരുപത്തിനാലാം പേജ്, എട്ടാം ഖണ്ഡികയുടെ അവസാനം), "രണ്ടാം നൂറ്റാണ്ടുമുതൽ ഷണ്ഡന്മാരായ ചിലർ..." എന്നു തുടങ്ങുന്ന വാചകം, "പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ..." എന്ന് തിരുത്തി വായിക്കണം എന്ന് അപേക്ഷിക്കുന്നു.

- എഡിറ്റർ

ജോമോന്റെ 'വെളിപാടുകളിൽ' കേരളം പ്രകമ്പനംകൊള്ളും

ഡോ. കെ.ടി. ജലീൽ

പണവും പദവികളും നിരന്തരം തേടിയെത്തിയിട്ടും ജോമോനെ ആർക്കും വിലയ്ക്കെടുക്കാനായില്ല. ഉള്ള സമ്പാദ്യം വിറ്റ് നിയമപോരാട്ടത്തിന് ഇറങ്ങിത്തിരിച്ച അദ്ദേഹത്തെ സഹായിക്കാൻ നാനാതുറകളിൽനിന്നും സന്മനസ്സുള്ളവർ എത്തി.



[ശ്രീ ജോമോൻ പുത്തൻപുരയ്ക്കലിന്റെ 'ദൈവത്തിന്റെ സ്വന്തം വക്കീൽ' എന്ന പുതിയ പുസ്തകത്തിന്റെ ആസ്വാദനമായി, 'കലാകൗമുദി' മെയ് 8 - 15 (2436) ലക്കത്തിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖനം]

ധർമ്മവിജയത്തിന്റെ പ്രതിരൂപമെന്നാണ് ജോമോൻ പുത്തൻപുരയ്ക്കലിനെ ഡോ. സുകുമാർ അഴീക്കോട് വിശേഷിപ്പിച്ചത്. 'ഇത്ര നീണ്ട കാലത്തിനുശേഷം ഔദ്യോഗികരൂപത്തിലുള്ള സമസ്ത പ്രതിബന്ധങ്ങളെയും അതിലംഘിച്ചുകൊണ്ട് ഈ കേസ് പുനരുദ്ധരിച്ച ജോമോൻ, സത്യത്തിൽ അപമൃത്യുവിന് ഇരയായ സിസ്റ്റർ അഭയയ്ക്കുതന്നെ പുനർജീവിതം കൊടുത്തിരിക്കുകയാണ്' എന്നും അഴീക്കോട് മാഷ്

ജോമോനെ അഭിനന്ദിച്ചെഴുതിയ കത്തിൽ പറയുന്നുണ്ട്.

കേസ് നടത്തി മതിയാകാത്ത വ്യവഹാരി എന്നാണ് ഞാനാദ്യം ജോമോനെ കരുതിയിരുന്നത്. വ്യക്തിവിരോധം തീർക്കുന്നതിന് സാത്വികന്മാരായ പുരോഹിതരെ അപമാനിക്കാൻ ഇറങ്ങിത്തിരിച്ചയാൾ എന്നും വിചാരിച്ചിരുന്നു. അതുകൊണ്ടുതന്നെ പരിചയം ഒരു ചിരിയിൽ ഒതുക്കാനാണ് ആദ്യമൊക്കെ ഇഷ്ടപ്പെട്ടത്. 28 വർഷത്തെ നിരന്തര നിയമപോരാട്ടങ്ങൾക്കൊടുവിൽ അഭയാക്കേസിന്റെ ചുരുളഴിച്ച് പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുത്തതോടെ ജോമോനെ സംബന്ധിച്ച എന്റെ ധാരണകൾ അടിമുടി മാറി. പിന്നെ അദ്ദേഹം ശരിക്കും എന്റെ ഹീറോയായി. ഓരോ പൊതുപ്രവർത്തകനും നിയമവിദ്യാർത്ഥിയും നീതിക്കായി കൊതിക്കുന്നവരും അറിഞ്ഞിരിക്കേണ്ട ജീവിതമാണ് ജോമോൻ പുത്തൻപുരയ്ക്കൽ എന്ന ആറാം ക്ലാസ്സുകാരന്റേത്.

ദൈവത്തിന്റെ മണവാട്ടിയെന്നാണ് കന്യാസ്ത്രീകൾ അറിയപ്പെടുന്നത്. എന്നാൽ ചില പുരോഹിതന്മാർ അവരെ സ്വന്തം മണവാട്ടികളാക്കി മാറ്റാൻ നടത്തുന്ന ശ്രമങ്ങൾ പുറത്തറിയാതിരിക്കാനാണ് അഭയ എന്ന പാവം കന്യാസ്ത്രീയെ കോടാലികൊണ്ട് തലക്കടിച്ച് കൊന്ന് കിണറ്റിലെറിഞ്ഞത്. ഒരു സാധാരണ മരണവും ആത്മഹത്യയുമാക്കി അതിനെ മാറ്റാൻ പത്രങ്ങളും സഭാനേതൃത്വവും ബോധപൂർവ്വം ശ്രമിച്ചു. എണ്ണിയാലൊടുങ്ങാത്ത എത്രയോ ദുർമരണങ്ങളുടെ പട്ടികയിലേക്ക് അഭയയുടെ മരണവും വലിച്ചെറിയാനുള്ള നീക്കത്തിന് തടയിട്ടത് ജോമോനാണ്. ഒന്നുമല്ലാതാകും എന്ന് കരുതിയിടത്തുനിന്നാണ് പ്രതികൾ സമൂഹമദ്ധ്യത്തിൽ തുറന്നുകാട്ടപ്പെട്ടത്.

1968-ൽ ക്നാനായ സഭാവിശ്വാസികളായ ഒരു ദരിദ്ര കുടുംബത്തിലാണ് ജോമോൻ ജനിച്ചത്. സിസ്റ്റർ അഭയ ജനിച്ച കോട്ടയം ജില്ലയിലെ ഉഴവൂരിനടുത്തുള്ള അരീക്കരയിൽ.

കുടുംബത്തിലെ പട്ടിണിയും കഷ്ടപ്പാടുകളും കാരണം കേവലം ആറാം ക്ലാസ്സുവരെയേ ജോമോന് പഠിക്കാൻ കഴിഞ്ഞുള്ളൂ. പിന്നെ കൂലിപ്പണിയെടുത്ത് ജീവിച്ചു. പൊതുപ്രവർത്തനത്തിൽ സജീവമായ അദ്ദേഹം നീണ്ടൂർ മണ്ഡലം യൂത്ത് കോൺഗ്രസ്സ് പ്രസിഡണ്ടായി. ഗ്രൂപ്പിസത്തിൽ മനംചത്ത ജോമോൻ സജീവരാഷ്ട്രീയം ഉപേക്ഷിച്ചു. പതിനേഴാം വയസ്സിൽ 1985 - ൽ ദൈവനിയോഗംപോലെ സ്വാതന്ത്ര്യസമരസേനാനി കെ.ഇ മാമന്റെ അടുത്തെത്തിപ്പെട്ടു.

മാമൻ സാറിന്റെ അടുത്ത് കഴിയവെയാണ്, 1992 മാർച്ച് 27 - ന് സിസ്റ്റർ അഭയ കൊല്ലപ്പെടുന്നത്. സഭാനേതൃത്വം അത് ആത്മഹത്യയാണെന്ന് വിധിയെഴുതി. സഭാചരിത്ര

ത്തിൽ ആദ്യമായി ആത്മഹത്യ ചെയ്ത ഒരാളുടെ അന്ത്യകൂദാശയ്ക്ക് ബിഷപ്പ് പങ്കെടുത്തത് ഇരുപത്തിരണ്ടുകാരനായ ജോമോനിൽ സംശയത്തിന്റെ മുള പൊട്ടിച്ചു. എന്തൊക്കെയോ മറയ്ക്കാൻ അഭിവന്ദ്യ പിതാക്കൻമാർ ശ്രമിക്കുന്നെന്ന തോന്നൽ ശക്തിപ്പെടുന്ന സമയത്താണ്, അഭയയുടെ ദുരൂഹമരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഒരു ആക്ഷൻ കൗൺസിൽ കോട്ടയം പൈകടാസ് കോളേജിൽവച്ച് മാർച്ച് 31 - ന് രൂപംകൊള്ളുന്നത്. ജോമോനെ കൺവീനറായി കൗൺസിൽ യോഗം ഏകകണ്ഠമായി തെരഞ്ഞെടുത്തു.

അവരിൽ നല്ലൊരു ശതമാനം പേർക്കും സാത്താന്റെ മുഖമായിരുന്നുവെന്ന് ജോമോൻ തിരിച്ചറിഞ്ഞു. അപൂർവ്വമെങ്കിലും യേശുവിന്റെ മുഖമുള്ളവരെയും ജോമോൻ കണ്ടു. വിരുദ്ധധ്രുവങ്ങളിൽ താൻ കണ്ടുമുട്ടിയ ശരിയുടെയും തെറ്റിന്റെയും ആൾരൂപങ്ങളെ പച്ചയ്ക്ക് തുറന്നുകാട്ടാൻ ജോമോൻ പുത്തൻപുരയ്ക്കൽ കാണിച്ച അസാമാന്യ ധൈര്യത്തിന്റെ ഉൽപ്പന്നമാണ് 'ദൈവത്തിന്റെ സ്വന്തം വക്കീൽ' എന്ന അദ്ദേഹത്തിന്റെ ആത്മകഥ. നമ്മുടെ നീതിന്യായസംവിധാനത്തിന്റെ പൊള്ളത്തരം മുഴുവൻ

അതോടെ ചിത്രം പതുക്കെ മാറാൻ തുടങ്ങി. ആക്ഷൻ കൗൺസിലിനെ നിർവീര്യമാക്കാനും അംഗങ്ങളെ പ്രലോഭിപ്പിച്ച് പിന്തിരിപ്പിക്കാനും ശ്രമം നടന്നു. ജോമോൻ ഒന്നിനും വഴങ്ങിയില്ല. ദൈവഹിതമായി അദ്ദേഹത്തിലേക്ക് സന്നിവേശിപ്പിക്കപ്പെട്ട സത്യം വെളിച്ചത്ത് കൊണ്ടുവരാനുള്ള അടങ്ങാത്ത തരയാണ് സത്യത്തിൽ അഭയാക്കേസ് പ്രതികൾ ശിക്ഷിക്കപ്പെടുന്നതിലേക്ക് നയിച്ചത്. പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ, 1994 നവംബർ 27 - ന് സ്വന്തം സഹോദരനെ ഉപയോഗിച്ച് പ്രതികൾ ഉൾപ്പെടുന്നവർ ജോമോനെ മാരകമായി വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചു. യേശുവിന്റെ കൃപയാൽ അദ്ദേഹം ആ വധോദ്യമത്തിൽനിന്ന് അൽഭുതകരമായി രക്ഷപ്പെട്ടു.

പ്രതികൂലസാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽനിന്നാണ് ജോമോൻ എന്ന പോരാളി ജനിക്കുന്നത്. പണവും പദവികളും നിരന്തരം തേടിയെത്തിയിട്ടും ജോമോനെ ആർക്കും വിലയ്ക്കെടുക്കാനായില്ല. ഉള്ള സമ്പാദ്യം വിറ്റ് നിയമപോരാട്ടത്തിന് ഇറങ്ങിത്തിരിച്ച അദ്ദേഹത്തെ സഹായിക്കാൻ നാനാതുറകളിൽനിന്നും സന്മനസ്സുള്ളവർ എത്തി. മുൻസിഫ് കോടതിമുതൽ ഇന്ത്യയുടെ പരമോന്നത നീതിപീഠംവരെ കേസുകെട്ടുകളുമായി ഒറ്റയ്ക്ക് ജോമോൻ എന്ന 'ദൈവദൂതൻ' കയറിയിറങ്ങി. 28 വർഷത്തെ നിയമപോരാട്ടം ജോമോനെ ഒരു പുതിയ മനുഷ്യനാക്കി. നീതിന്യായരംഗത്തെ ചിലരുടെ തനിനിറം അദ്ദേഹം മനസ്സിലാക്കി. കേസ് ഏൽപ്പിച്ച വക്കീലൻമാർ ഹിയറിംഗ് സമയത്ത് ഹാജരാകാതെ മുങ്ങി. ദുരനുഭവങ്ങളുടെ എണ്ണിയാലൊടുങ്ങാത്ത കയത്തിൽനിന്ന് ജോമോൻ ഉയിർത്തെഴുന്നേറ്റുകൊണ്ടേയിരുന്നു. നിയമപോരാട്ടവഴികളിൽ പലരെയും അദ്ദേഹം കണ്ടുമുട്ടി. തുറന്നുകാട്ടുന്ന ഗ്രന്ഥമാണിത്.

അഭയാക്കേസ് നടത്തിപ്പിൽ ജോമോൻ നേരിട്ടതിനെക്കാൾ വലിയ പ്രതിബന്ധങ്ങൾ വരും നാളുകളിൽ അദ്ദേഹത്തിന് നേരിടേണ്ടി വരും. പുസ്തകം ജനങ്ങളുടെ കൈകളിൽ എത്തുന്നതോടെ പല പകൽമാന്യൻമാരുടെയും മുഖമൂടി വലിച്ച് ചീന്തപ്പെടും. വിരലിലെണ്ണാവുന്നവരെങ്കിലും, ഉണ്ണിയേശുവിന്റെ മുഖമുള്ള നീതിമാൻമാരുടെ തെളിഞ്ഞ മുഖങ്ങളും സമൂഹത്തിന്റെ മുന്നിലെത്തും. ധാർമ്മികരെയും അധാർമ്മികരെയും തിരിച്ചറിയാനുള്ള കണ്ണാടിയായി ജോമോന്റെ പുസ്തകം മാറും. ഓരോ മലയാളിയുടെ വീട്ടിലും വേദഗ്രന്ഥംപോലെ സൂക്ഷിക്കേണ്ട നിധിയായി ജോമോൻ പുത്തൻപുരയ്ക്കലിന്റെ ആത്മകഥ പരിണമിക്കും; തീർച്ച.

ജസ്റ്റീസ് രാംകുമാർ 23 ചോദ്യങ്ങൾ ചോദിച്ച് വാദിയായ ജോമോനെ പ്രതിയാക്കാൻ നടത്തുന്ന കുൽസിത നീക്കവും അത് പൊളിച്ചടുക്കിയ കഥയും വിവരിച്ചുകൊണ്ടാണ് ജോമോന്റെ പുസ്തകം തുടങ്ങുന്നത്. അഭയയുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തിയ എ.എസ്.ഐ വി.വി. അഗസ്റ്റിനും കെ.ടി. മൈക്കിൾ എന്ന പോലീസുദ്യോഗസ്ഥനും നടത്തിയ നഗ്നവും ക്രൂരവുമായ നിയമലംഘനങ്ങൾ അക്കമിട്ട് പുസ്തകത്തിൽ നിരത്തുന്നു. ചാക്കോ വർഗ്ഗീസ് എന്ന ഫോട്ടോഗ്രാഫറുടെ ക്യാമറക്കണ്ണിൽ പതിഞ്ഞ സത്യത്തിന്റെ അടയാളങ്ങൾ ചവിട്ടുപടികളാക്കിയുള്ള ജോമോന്റെ നിയമയുദ്ധം അൽപമെങ്കിലും നീതിബോധം കാത്തുസൂക്ഷിക്കുന്നവരെ ആവേശഭരിതരാക്കും. കന്യാസ്ത്രീകളും പുരോഹിതരും കള്ളമൊഴികൾ സി.ബി.ഐ. ഉൾപ്പടെയുള്ള ഏജൻസികൾക്ക് കൊടുത്തപ്പോൾ, ചെറിയ കളവുകൾ തൊഴിലാക്കിയിരുന്ന അടയ്ക്കാ രാജു നൽകിയ സൂര്യനെക്കാൾ തിളക്കമുള്ള മൊഴിയും ജോമോൻ

വിശകലനവിധേയമാക്കുന്നു. അടയ്ക്കാ രാജു കളവുപേക്ഷിച്ച് വിശുദ്ധമനുഷ്യനായ സംഭവവും അദ്ദേഹം പറയുന്നു. ആക്രിക്കടക്കാരൻ ഷമീറും വാഗ്ദാനങ്ങൾ അവഗണിച്ച് സത്യത്തിന്റെകൂടെ നിന്നതിൽ ജോമോൻ ആഹ്ലാദിക്കുന്നു. നൈറ്റ് വാച്ച് മാൻ ദാസ് പറഞ്ഞ മൊഴി രേഖപ്പെടുത്തിയപ്പോൾ സി.ബി.ഐ. കാണിച്ച ഗുരുതര വീഴ്ച ഇല്ലായിരുന്നെങ്കിൽ, രണ്ടാം പ്രതി ഫാദർ പുതൃക്കയിൽ രക്ഷപ്പെടില്ലായിരുന്നു എന്നാണ് ജോമോന്റെ പക്ഷം.

ന്യായാധിപന്മാരെക്കാളും പോലീസ് ഓഫീസർമാരെക്കാളും വക്കീലന്മാരെക്കാളും ഉദ്യോഗസ്ഥരെക്കാളും എത്രയോ നല്ലവരാണ് രാഷ്ട്രീയക്കാർ എന്ന് ജോമോൻ പറയാതെ പറയുന്നുണ്ട്, തന്റെ പുസ്തകത്തിൽ. പല സമ്മർദ്ദങ്ങളുണ്ടായിട്ടും അഭയാക്കേസ് സി.ബി.ഐ - ക്ക് വിടാൻ തീരുമാനിച്ചത് കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെയാണ്. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ, മുൻമന്ത്രി

ജസ്റ്റീസ് രാംകുമാർ, ജില്ലാ ജഡ്ജ് വി.ടി. രഘുനാഥ്, അഡ്വ. കൃഷ്ണമൂർത്തി, അഡ്വ. കൃഷ്ണപ്രസാദ്, അഡ്വ. എം.ആർ. അഭിലാഷ്, അഡ്വ. കനകരാജ്, അഡ്വ. ശാസ്തമംഗലം അജിത്കുമാർ, അഡ്വ. എ.എക്സ്. വർഗീസ്, കെ.ടി. മൈക്കിൾ, ത്യാഗരാജൻ, എന്നിവർ ജോമോന്റെ പേനത്തുമ്പിൽക്കിടന്ന് പുളയുന്നുണ്ട്.

ടി.കെ. രാമകൃഷ്ണൻ, പ്രധാനമന്ത്രി ദേവഗൗഡയെ കണ്ട് നിവേദനം നൽകാൻ സാഹചര്യമൊരുക്കിയ മുൻ മന്ത്രിയും എം.പി.യുമായ എം.എ. ബേബി, മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ, മുൻ എം.പി. ടി. ഗോവിന്ദൻ, അബ്ദുസ്സമദ് സമദാനി എം.പി, പ്രധാനമന്ത്രി നരസിംഹ റാവുവിനെ കാണാൻ സഹായിച്ച അന്നത്തെ കോട്ടയം എം.പി. രമേശ് ചെന്നിത്തല, സി.ബി.ഐ. ഡയറക്ടറോട് കാര്യങ്ങൾ പറയാൻ കൂടെച്ചെന്ന മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ, മുൻ മന്ത്രി ലോനപ്പൻ നമ്പാടൻ, ഉഴവൂർ വിജയൻ, കേസ് നടത്താൻ പണമില്ലാതെ വന്നപ്പോൾ കൈയയച്ച് സഹായിച്ച മുൻ ചീഫ് വിപ്പ് പി.സി. ജോർജ് എന്നിവരുടെയെല്ലാം കൈത്താങ്ങ് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ നിയമപോരാട്ട വീഥിയിൽ തനിക്ക് കിട്ടിയിട്ടുണ്ടെന്ന് ജോമോൻ യാതൊരു പിശുക്കുമില്ലാതെ 'ദൈവത്തിന്റെ സ്വന്തം വക്കീലി'ൽ രേഖപ്പെടുത്തുന്നു.

ജസ്റ്റീസ് രാംകുമാർ, ജില്ലാ ജഡ്ജ് വി.ടി. രഘുനാഥ്, അഡ്വ. കൃഷ്ണമൂർത്തി, അഡ്വ. കൃഷ്ണപ്രസാദ്, അഡ്വ. എം.ആർ. അഭിലാഷ്, അഡ്വ. കനകരാജ്, അഡ്വ. ശാസ്തമംഗലം അജിത്കുമാർ, അഡ്വ. എ.എക്സ്. വർഗീസ്, കെ.ടി. മൈക്കിൾ, ത്യാഗരാജൻ, എന്നിവർ ജോമോന്റെ പേനത്തുമ്പിൽക്കിടന്ന് പുളയുന്നുണ്ട്.

സുപ്രീം കോടതി ചീഫ് ജസ്റ്റീസ് ആയിരുന്ന കെ.ജി. ബാലകൃഷ്ണൻ, മുൻ സി.ബി.ഐ. ഡയറക്ടർ വിജയ ശങ്കർ, സി.ബി.ഐ. മുൻ സ്പെഷ്യൽ ഡയറക്ടർ എം.എൽ. ശർമ, എറണാകുളം മുൻ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പി.ഡി. ശാരംഗ്ധരൻ, പ്രതികളെ ശിക്ഷിച്ചുകൊണ്ട് വിധി പറഞ്ഞ തിരുവനന്തപുരം സി.ബി.ഐ. കോടതി ജഡ്ജ് സനൽ കുമാർ, സി.ബി.ഐ. മുൻ എസ്.പി. നന്ദകുമാർ നായർ, സി.ബി.ഐ. മുൻ ഡി.വൈ.എസ്.പി. വർഗീസ് പി. തോമസ്, ഈയടുത്ത് മരണപ്പെട്ട പോലീസ് സർജൻ ഡോ. രമ, തുടങ്ങി നിരവധി പേർ നീതിയുടെ പുലർച്ചയ്ക്കായി നിഷ്പക്ഷമായും സത്യസന്ധമായും നിലകൊണ്ടതിന്റെ നേർ സാക്ഷ്യങ്ങളും പുസ്തകത്തിലുണ്ട്.

അഭയ കൊല്ലപ്പെട്ടതിന്റെ തുടക്കംമുതൽ ഒടുക്കംവരെ കേസ് ഒതുക്കിത്തീർക്കാനും അട്ടിമറിക്കാനും നാർക്കോ അനാലിസിസ് വിവരങ്ങൾ സ്വന്തം ഭാര്യാസഹോദരീ ഭർത്താവിന്റെ ജ്യേഷ്ഠൻ ഫാദർ കോട്ടൂരിന് ഒറ്റു കൊടുക്കാനും മുതിർന്ന സുപ്രീം കോടതി മുൻ ജഡ്ജും കർണ്ണാടക ഹൈക്കോടതി മുൻ ചീഫ് ജസ്റ്റീസും കേരള ഹൈക്കോടതി ജഡ്ജും നിലവിലെ കേരള ലോകായുക്തയുമായ സിറിയക് ജോസഫിനെ വിവസ്ത്രനാക്കി ജോമോൻ സമൂഹമധ്യത്തിൽ വിചാരണചെയ്യുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഒരു ന്യായാധിപൻ എങ്ങനെയാവരുത് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ലോകായുക്ത സിറിയക് ജോസഫെന്ന് തെളിവുസഹിതം പുസ്തകത്തിൽ ജോമോൻ സമർത്ഥിക്കുന്നു. അഭയ കൊല്ലപ്പെടുമ്പോൾ UDF സർക്കാരിന്റെ നോമിനിയായി അഡീഷണൽ അഡ്വക്കറ്റ് ജനറലായ അന്നുമുതൽ തുടങ്ങിയ പ്രതികളെ രക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ ഇടപെടൽ, ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് ജാമ്യം വാങ്ങിക്കൊടുക്കാനും, ലോകായുക്ത പദവി ദുരുപയോഗം ചെയ്ത് 70 വയസ്സിന്റെ പിൻബലത്തിൽ ഒന്നാം പ്രതിയും തന്റെ ഉറ്റ ബന്ധുവുമായ ഫാദർ കോട്ടൂരിന്റെ ശിക്ഷ ഇളവ് ചെയ്യാനും നടത്തിയ ഇടപെടലോളം നീണ്ടതാണെന്ന് പുസ്തകം സംശയലേശമെന്യേ വ്യക്തമാക്കുന്നു. നീതിബോധം ലവലേശം തൊട്ടുതീണ്ടാത്ത ഇന്ത്യൻ നീതിന്യായവ്യവസ്ഥയിലെ പുഴുക്കുത്താണ് സിറിയക് ജോസഫെന്ന് ജോമോൻ 'ദൈവത്തിന്റെ സ്വന്തം വക്കീലിൽ' മറയില്ലാതെ എഴുതുന്നു.

രാജ്യത്തിന്റെ നീതിന്യായവ്യവസ്ഥയുടെ ശക്തിയും ദൗർബല്യവും ഒരു സാധാരണ ഇന്ത്യൻ പൗരന്റെ തീക്ഷ്ണമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ജോമോൻ പുത്തൻപുരയ്ക്കൽ വെളിപ്പെടുത്തുമ്പോൾ, അത് കേരളത്തിൽ കോളിളക്കംമാത്രമല്ല മഹാസ്ഫോടനംതന്നെ ഉണ്ടാക്കുമെന്ന് ഉറപ്പാണ്. പുസ്തകം പുറത്തിറങ്ങുന്നതോടെ ഉഗ്രപ്രതാപികളായ അനീതിയുടെ അപ്പോസ്തലൻമാർ ജോമോനെ വകവരുത്താനുള്ള സാദ്ധ്യതപോലും തള്ളിക്കളയാവുന്നതല്ല. പോലീസ് ജോമോന്റെ ജീവന് സംരക്ഷണം ഉറപ്പുവരുത്തണമെന്ന് ഉത്തരവാദപ്പെട്ട നിയമസഭാ സാമാജികൻ എന്ന നിലയിൽ ഞാൻ ആവശ്യപ്പെടുന്നു.

460 പേജുകൾ വരുന്ന 'ദൈവത്തിന്റെ സ്വന്തം വക്കീൽ' തൃശൂർ കറന്റ് ബുക്സാണ് പുറത്തിറക്കുന്നത്. 499 രൂപയാണ് മുഖവില. പെൺകുട്ടികളുള്ള ഓരോ വീട്ടിലും വാങ്ങി ചില്ലിട്ട് സൂക്ഷിക്കേണ്ട ഗ്രന്ഥമാണ് ജോമോന്റെ ആത്മകഥ. വറ്റാത്ത നീതിബോധം ഹൃദയത്തിലുള്ള മുഴുവൻ മലയാളികളും ആകാംക്ഷയോടെ കാത്തിരിക്കുന്നു, 'ദൈവത്തിന്റെ സ്വന്തം വക്കീലി'നായി. ●

യേശുവിന്റെ കൊലയ്ക്കുപിന്നിൽ ആര്?
– ഒരു പുനരന്വേഷണം

ഷൈജു താക്കോൽക്കാരൻ, ലൂക്കോസ് ചുള്ളിക്കര
ഫോൺ: 9372220215, 8281721713

ഈ കൊലപാതകത്തിന്റെ ഉത്തരവാദികൾ ആരാണ്? അവർ പിടിക്കപ്പെടുമോ?അവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ? അതോ, അവർ ഇന്നും ഈ സമൂഹത്തിൽ സുരക്ഷിതരായി കഴിയുകയാണോ; പുതിയ വേഷത്തിൽ, പുതിയ പേരുകളിൽ? ആരായിരുന്നു ഈ മനുഷ്യന്റെ ശത്രുക്കൾ? ഈ മനുഷ്യനെ അനുഗമിക്കുന്നവരുടെ ഇന്നത്തെ ശത്രുക്കളും അവർതന്നെയോ?നമ്മൾ ആർക്കെതിരെയാണ് ജാഗ്രത പാലിക്കേണ്ടത് ? ആരാണ് ഈ മനുഷ്യനെ കൊലപ്പെടുത്തിയത്? എന്താണ് ഈ മനുഷ്യൻ ചെയ്ത തെറ്റ്?

രണ്ടായിരം വർഷത്തിനുശേഷം ഇന്ന് ഇതേക്കുറിച്ച് ഒരു പുനരന്വേഷണം നടത്തിയപ്പോൾ, ചില ദൃക്സാക്ഷികളുടെ സാക്ഷ്യമൊഴികളിൽനിന്നു കിട്ടിയ സുപ്രധാന തെളിവുകൾ ആരെയും ഞെട്ടിക്കുന്നതാണ്....! അതിൽനിന്നു വളരെ പ്രധാനപ്പെട്ട ചില തെളിവുകൾ താഴെ കൊടുക്കുന്നു:

ഗോത്രദൈവസങ്കൽപത്തിനും ആ വിശ്വാസത്തിന്റെ പേരിൽ ജനങ്ങളെ പിഴിഞ്ഞ് ജീവിക്കുന്ന പുരോഹിതർക്കുമെതിരെ ശബ്ദിച്ചുവെന്ന കാരണത്താൽ, വിവരമില്ലാത്ത (അടിമയായ)വിശ്വാസികളെ കൂട്ടുപിടിച്ച് ഈ നീതിമാനെ കുരിശിൽത്തറച്ചു നിഷ്കരുണം കൊന്നുകളഞ്ഞുവെന്നാണ് പ്രാഥമിക അന്വേഷണത്തിൽനിന്നു തെളിഞ്ഞത്.

തങ്ങൾ ദൈവത്തിന്റെ അടിമകളാണ് എന്നും, തങ്ങളുടെ ദൈവം പ്രസാദിക്കണമെങ്കിൽ രക്തബലി നൽകണമെന്നും വിശ്വസിച്ചിരുന്ന ഒരു സമൂഹം ബലിമൃഗത്തിന്റെ മാംസം ചുടുന്നതിന്റെ സുഗന്ധം ആസ്വദിച്ചു പ്രസാദിക്കുന്ന, മറ്റുള്ളവരെ കൊള്ളയടിക്കാൻ കൂട്ടുനിൽക്കുന്ന, പിഞ്ചുകുഞ്ഞിനെ പാറയിലടിച്ചു കൊല്ലാൻ പറയുന്ന ദൈവം! സ്വസ്ഥമായി ജീവിക്കുന്നവരെ ചതിവിലൂടെ കൊന്നൊടുക്കി, അവരുടെ സമ്പത്ത് കൊള്ളയടിച്ച്, അവരുടെ പെൺകുട്ടികളെ (പുരുഷനെ അറിയാത്തവരെമാത്രം) പങ്കുവെച്ചു കൊടുക്കുന്ന ദൈവം! മറ്റുള്ള സ്ത്രീകളെയും അവരുടെ കുട്ടികളെയും കൊന്നുതള്ളുന്ന, സമാനതകളില്ലാത്ത ക്രൂരതകൾക്ക് കൂട്ടുനിൽക്കുന്ന ദൈവം!

ഇങ്ങനെയൊരു ദൈവത്തിന്റെപേരിൽ വിശ്വാസികളെ ഭയപ്പെടുത്തി സുഖജീവിതം നയിക്കുന്ന ഒരു കൂട്ടം പുരോഹിതപ്രമാണിമാർ!

അവർക്കിടയിലേക്ക് കടന്നുവന്ന് ബലിയല്ല, കരുണയാണ് ദൈവം മനുഷ്യരിൽനിന്ന് ആഗ്രഹിക്കുന്നത് എന്ന് ഈ മനുഷ്യൻ പറഞ്ഞു 'നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്നുള്ളവരാണ്, നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു, അവനാകട്ടെ ആദിമുതൽ കൊലപാതകിയാണ്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ സത്യമില്ല. കള്ളം പറയുമ്പോൾ, സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്' എന്നും, 'മനുഷ്യൻ സാബത്തിനുവേണ്ടിയല്ല, സാബത്ത് മനുഷ്യന് വേണ്ടിയാണ്' എന്നും ഈ മനുഷ്യൻ പറഞ്ഞു. പുരോഹിതർ വിശ്വാസികളെ പീഡിപ്പിക്കുന്നതുകണ്ട്, 'വെള്ളയടിച്ച കുഴിമാടങ്ങളേ'യെന്ന് യേശുവെന്ന ഈ

മനുഷ്യൻ പുരോഹിതരെ വിളിച്ചു. കൂടാതെ, അംഗവൈകല്യ മുള്ളവരെ അകറ്റിനിർത്താൻ പറഞ്ഞ യഹോവയെന്ന ഗോത്രദൈവസങ്കൽപ്പത്തെ തകിടംമറിച്ച്, അവരെ അവൻ നെഞ്ചോട് ചേർത്തു പിടിച്ചു.

ഇതുമൂലം അവനെ വധിക്കാൻ യഹൂദ പുരോഹിതർ കൂടുതലായി പരിശ്രമിച്ചു. അതിനുവേണ്ടി, 'അവൻ സാബത്തു ലംഘിക്കുകമാത്രമല്ല, തന്നെത്തന്നെ ദൈവതുല്യ നാക്കിക്കൊണ്ട്ദൈവത്തെ തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു' (യോഹ. 5 : 17-18) എന്ന ആരോപണം അവർ ഉയർത്തി.

പുരോഹിതപ്രമുഖൻമാരും ഫരിസേയരും ആലോചനാ സംഘം വിളിച്ചുകൂട്ടി ചോദിച്ചു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കു ന്നല്ലോ. അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശിപ്പിക്കും. അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു: 'നിങ്ങൾക്ക്ഒന്നും അറിഞ്ഞുകൂടാ. ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നതു യുക്തമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുമില്ല' (യോഹ. 11 : 47-53). അന്നുമുതൽ അവനെ വധിക്കാൻ അവർ ആലോചിച്ചുകൊണ്ടിരുന്നു.

അവൻ ദേവാലയത്തിലൂടെ നടക്കുമ്പോൾ പ്രധാന പുരോഹിതൻമാരും നിയമജ്ഞരും ജനപ്രമാണികളും അവന്റെ അടുത്തെത്തി (മർക്കോ. 11 : 27). പെസഹായ്ക്കും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിനും രണ്ടു ദിവസമേ ഉണ്ടായിരുന്നുള്ളൂ. യേശുവിനെ ചതിവിൽ പിടികൂടി വധിക്കേണ്ടത് എങ്ങനെയെന്ന് പ്രധാന പുരോഹിതൻമാരും നിയമജ്ഞരും ആലോചിച്ചുകൊണ്ടിരുന്നു. അവർ പറഞ്ഞു: തിരുനാളിൽ വേണ്ട; ജനങ്ങൾ ബഹളമുണ്ടാക്കും (മർക്കോ. 14 : 1-2).

അവർ യേശുവിനെ പ്രധാന പുരോഹിതന്റെ അടുത്തേ ക്കുകൊണ്ടുപോയി. എല്ലാ പുരോഹിതപ്രമുഖൻമാരും ജനപ്രമാണികളും നിയമജ്ഞരും ഒരുമിച്ചുകൂടി (മർക്കോ. 14: 53).

അതിരാവിലെതന്നെ, പുരോഹിതപ്രമുഖൻമാർ ജനപ്രമാണികളോടും നിയമജ്ഞരോടും ന്യായാധിപസംഘം മുഴുവനോടും ചേർന്ന് ആലോചന നടത്തി. അവർ യേശുവിനെ ബന്ധിച്ചുകൊണ്ടുപോയി പീലാത്തോസിനെ ഏൽപിച്ചു (മർക്കോ.15 : 1-2). യഹൂദർ പറഞ്ഞു: 'ഞങ്ങൾക്കൊരു നിയമമുണ്ട് ആ നിയമമനുസരിച്ച് ഇവൻമരിക്കണം. കാരണം, ഇവൻ തന്നെത്തന്നെ ദൈവപുത്രനാക്കിയിരി ക്കുന്നു' (യോഹ. 19 : 7- 8).

മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് യേശു പുറത്തേക്കു വന്നു. അവനെക്കണ്ടപ്പോൾ പുരോഹിത പ്രമുഖൻമാരും സേവകരും വിളിച്ചുപറഞ്ഞു: അവനെ ക്രൂശിക്കുക! അവനെ ക്രൂശിക്കുക! പീലാത്തോസ് പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളു വിൻ; എന്തെന്നാൽ, ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല (യോഹ. 19 : 5- 6).

ക്രൂരമായ ഈ കൊലപാതകം ചെയ്ത് പ്രതിസ്ഥാനത്തു നിൽക്കുന്ന ഈ പുരോഹിതർക്കെതിരെ ശക്തമായ ഇത്തരം അനേകം തെളിവുകൾ ഉണ്ടായിട്ടും, നാളിതുവരെ ഇവർ പിടിക്കപ്പെടുകയോ മാതൃകാപരമായി ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നുമാത്രമല്ല, പ്രതികൾ പൂർവ്വാധികം ശക്തിയോടെ ഇന്നും ഈ സമൂഹത്തിൽ സമാനകുറ്റകൃത്യ ങ്ങൾ ചെയ്തുകൊണ്ട് വിരാജിക്കുകയും ചെയ്യുന്നു. ഇത്, നാം അകപ്പെട്ടിരിക്കുന്ന ഭീകരത എത്ര തീവ്രമെന്ന് നമ്മെ ബോധ്യപ്പെടുത്താൻ പര്യാപ്തമാണ്. ●

'സത്യജ്വാല' വായിക്കുക, വരിക്കാരാകുക, പ്രചരിപ്പിക്കുക!

ഫോൺ: 9495188610
9400961610

'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!
'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.
'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!
'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!
ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...
യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക

ഇന്ത്യയിൽ : വാർഷിക വരിസംഖ്യ : 300 രൂപ, 5 വർഷത്തേക്ക് : 1200 രൂപ
വിദേശത്തേക്ക് : വാർഷിക വരിസംഖ്യ : 3000 രൂപ, 5 വർഷത്തേക്ക് : 12000 രൂപ

വരിസംഖ്യയും സംഭാവനയും അയയ്ക്കാൻ

Bank: Canara Bank, Pala
A/C No: 0829201000633
A/C Name : Kerala Catholic Church, Reformation movement
IFSC Code: CNRB0000829

താമരശ്ശേരി രൂപതയിലെ പുഷ്പഗിരി ക്വാറി സംബന്ധിച്ച് CLA-യ്ക്ക് പറയാനുള്ളത്

സഭാംഗങ്ങളുടെ പൗരാവകാശ സംരക്ഷണത്തിനും സഭയിലെ അഴിമതിനിർമ്മാർജ്ജനത്തിനും മെത്രാൻ – പുരോഹിതവർഗ്ഗത്തിന്റെ തിന്മകൾക്കും മൂല്യച്യുതികൾക്കുമെതിരെ നിയമമാർഗ്ഗങ്ങളിലൂടെ പോരാടി സഭയുടെ വിശുദ്ധി സംരക്ഷിക്കുകയെന്നതാണ് CLA യുടെ ലക്ഷ്യം.

താമരശ്ശേരി രൂപതയുടെ കീഴിലുള്ള, 'പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ഇടവക ജാഗ്രതാ സമിതി'യെന്ന കടലാസു സംഘടനയുടെ ലേബലിൽ, 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' (CLA) എന്ന രജിസ്റ്റേർഡ് സംഘടനയ്ക്കും (Regd. No: 761/1998) അതിന്റെ ഭാരവാഹികൾക്കുമെതിരെ കളവായ വിവരങ്ങൾ കാണിച്ച് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും കുറ്റവാളികളായ പുരോഹിതരെ സംരക്ഷിക്കാനും വിശദീകരണ പത്രക്കുറിപ്പെന്ന തലക്കെട്ടിൽ വാർത്ത പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് അസ്സോസിയേഷന് (CLA - യ്ക്ക്) ജനങ്ങളോട് പറയുവാനുള്ളതെന്തെന്നാൽ :

പുഷ്പഗിരി പള്ളിവക ക്വാറിയിലെ അനധികൃത കരിങ്കൽ ഖനനം സംബന്ധിച്ച നടപടികൾക്കുവേണ്ടി ജില്ലാ ജിയോളജിസ്റ്റിനുംമറ്റും CLA നൽകിയ പരാതിയിൽ തുടർനടപടികൾ ഉണ്ടാകാത്തതുമൂലം, കേരള ഹൈക്കോടതിയിൽ W. P. (c) No: 16197/2019 ആയി ഫയൽ ചെയ്ത ഹർജിയിൽ താമരശ്ശേരി രൂപതാ ബിഷപ്പും പുഷ്പഗിരി പള്ളിവികാരിയും ഔദ്യോഗിക പദവിയിലും, ബിഷപ്പ് റമീജിയോസ് പോൾ ഇഞ്ചനാനിയും ഫാ. മാത്യു തകിടിയേലും വ്യക്തിപരമായും പ്രതികളാണ്. മേൽ നമ്പർ കേസ്സിൽ വാദം കേട്ട കോടതി ഹർജിക്കാരുടെ (CLA) പരാതിയിന്മേൽ രണ്ടു മാസത്തിനുള്ളിൽ അന്തിമ തീർപ്പുകൽപ്പിക്കുവാൻ 25. 04. 22- ന് ജില്ലാ ജിയോളജിസ്റ്റിനോട് കൽപ്പിച്ചുത്തരവായി. ഈ വാർത്ത പത്രമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതിനേത്തുടർന്ന്, മേൽപ്പറഞ്ഞ 'ജാഗ്രതാ സമിതി'കളവായ വാർത്താക്കുറിപ്പുമായി CLA യ്ക്കെതിരെ ദീപിക ദിനപത്രത്തിലൂടെ 04.03. 22-ന് രംഗത്തുവന്നു. മാത്രവുമല്ല, ബിഷപ്പിനെയും പള്ളി വികാരിയെയും CLA ഭാരവാഹികൾ അപകീർത്തിപ്പെടുത്തി മാനഹാനിയുണ്ടാക്കിയെന്നുംമറ്റും ആരോപിച്ച് തിരുവമ്പാടി പോലീസിൽ കള്ളപ്പരാതി കൊടുത്ത് സമ്മർദ്ദത്തിലാക്കാനും ശ്രമിച്ചു. ആ സമയത്ത് ഈ ജാഗ്രതാ സമതിയുടെ പ്രസിഡന്റ് മാത്യു P.U വും സെക്രട്ടറി അഡ്വ. ജിമ്മി ജോർജ്ജും ആയിരുന്നു.

അനാരോഗ്യംമൂലം പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരാവാൻ കഴിയാതിരുന്ന CLA സെക്രട്ടറി M.L. ജോർജ്ജ്, പ്രസ്തുത പരാതി സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് എഴുതി തിരുവമ്പാടി പോലീസ് സ്റ്റേഷനിലും കോപ്പികൾ പോലീസ് മേലധികാരികൾക്കും അയയ്ക്കുകയും ചെയ്തു. ഈ സ്റ്റേറ്റ്മെന്റിൽ, പൂവാറൻതോട് പള്ളി വികാരിയായിരുന്ന ജോമോൻ കണ്ടത്തിൽകര രൂപതയിലെതന്നെ FC കോൺവെന്റിലെ ഒരു കന്യാസ്ത്രീയെ ഗർഭിണിയാക്കുകയും അവരെ സഭയുടെ രഹസ്യ സ്ഥാപനങ്ങളിൽ ഒളിവിൽ പാർപ്പിക്കുകയും, പ്രസവിച്ച പെൺകുട്ടിയെ സഭയുടെ അനാഥാലയംവഴി, മാതൃത്വവും പിതൃത്വവും മറച്ചുവച്ച് അനാഥയാക്കി പുറന്തള്ളുന്നതിന്, സഭയുടെ ജീവകാരുണ്യഫണ്ടിൽനിന്ന് 25 ലക്ഷം രൂപാ കൊടുത്ത് പ്രശ്നം ഒതുക്കുന്നതിന് കരാറെഴുതിയ വ്യക്തിയാണ് ജാഗ്രതാസമിതി സെക്രട്ടറിയെന്ന് പോലീസിനോട് ചൂണ്ടിക്കാട്ടിയിരുന്നു.

മേൽ സൂചിപ്പിച്ച ഹൈക്കോടതി ഉത്തരവുപ്രകാരം ജിയോളജിസ്റ്റ് പരാതിക്കാരെയും പ്രതികളെയും വിളിച്ചു വരുത്തി ഹിയറിംഗ് നടത്തി, 45/21 - 22/DOZ/ M. 1220/2020 പ്രകാരം ഉത്തരവിറക്കി. ഈ ഉത്തരവ്

കാനൻ നിയമവും രൂപതാനിയമങ്ങളും അനുസരിച്ചും, മേജർ ആർച്ചുബിഷപ്പടക്കമുള്ള രൂപതാമെത്രാന്മാർ വിവിധ കോടതികളിൽ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനകൾ (അഫിഡവിറ്റ്) അനുസ്സരിച്ചും ഇടവകപ്പള്ളികളുടെ സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും ഉടമസ്ഥതയും ഭരണാധികാരവും രൂപതാമെത്രാന്മാർക്കാണ്.

പ്രകാരം പ്രതികളുടെ അനധികൃത ഖനനത്തിന് Rs. 2353013 പിഴയിടുകയും ചെയ്തു. പ്രതികൾക്ക് ഖനനാനുമതി ലഭിച്ചത് 3200 ഘനമീറ്ററിനാണെന്നിരിക്കേ, ഖനനം നടത്തിയെടുത്തത് 61900.33 ഘനമീറ്ററാണെന്ന് അളന്ന് കണ്ടെത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അനധികൃതമായി ഖനനം നടത്തി പൊതുഖജനാവിനെ വെട്ടിച്ചത് 58700.33 ഘനമീറ്റർ കരിങ്കല്ലാണെന്നും ഉത്തരവിൽ പറഞ്ഞിരിക്കുന്നു. കോടതി നിർദ്ദേശമനുസരിച്ചുള്ള ജിയോളജിസ്റ്റിന്റെ ഫൈനൽ ഉത്തരവ് സംബന്ധിച്ച മാധ്യമവാർത്തകൾ വന്നപ്പോൾ 'ജാഗ്രതാ സമിതി' വീണ്ടും വാർത്താക്കുറിപ്പ് ഇറക്കുകയും 23. 04. 2022-ലെ ദീപിക പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ പത്രക്കുറിപ്പിൽ മാധ്യമസ്ഥാപനങ്ങൾക്കെതിരെയും ജാഗ്രതാ സമിതി ആരോപണങ്ങൾ ഉന്നയിച്ചുകണ്ടു. മാധ്യമറിപ്പോർട്ടുകൾ പരിശോധിച്ചതിൽ വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് ആയത് പ്രസദ്ധീകരിച്ചിട്ടുള്ളതെന്ന് ഏവർക്കും മനസ്സിലാകുമെങ്കിലും, ജാഗ്രതാ സമിതി പുരോഹിതവർഗ്ഗത്തെ വെള്ളപൂശാൻവേണ്ടി കപടവാദങ്ങളുമായി രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ജാഗ്രതാ സമിതിയുടെ രണ്ടാമത്തെ ഈ വിശദീകരണ പത്രക്കുറിപ്പിൽ സെക്രട്ടറിയുടെ സ്ഥാനത്ത് അഡ്വ. ജിമ്മി ജോർജ്ജിനുപകരം ഒരു തോമസ് മാത്യുവാണ് അവതരിച്ചിട്ടുള്ളത്. കന്യാസ്ത്രീയുടെ അവിഹിതഗർഭം ഒതുക്കിത്തീർക്കാനും കുട്ടിയെ പുറന്തള്ളാനും രൂപതയ്ക്കുവേണ്ടി പണം കൊടുത്ത് കരാറെഴുതിയ വിവരം CLA പോലീസ് സ്റ്റേറ്റ്മെന്റിലൂടെ വെളിപ്പെടുത്തിയതാണ് ജിമ്മി ജോർജ്ജിന്റെ പിൻമാറ്റത്തിന് കാരണമെന്നാണ് അറിയുന്നത്.

അനധികൃത ഖനനത്തിന്റെ ഉത്തരവാദികൾ പള്ളിക്കമ്മറ്റിയോ മെത്രാനോ?

കാനൻ നിയമവും രൂപതാനിയമങ്ങളും അനുസരിച്ചും, മേജർ ആർച്ചുബിഷപ്പടക്കമുള്ള രൂപതാമെത്രാന്മാർ വിവിധ കോടതികളിൽ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനകൾ (അഫിഡവിറ്റ്) അനുസ്സരിച്ചും ഇടവകപ്പള്ളികളുടെ സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും ഉടമസ്ഥതയും ഭരണാധികാരവും രൂപതാമെത്രാന്മാർക്കാണ്. മാത്രവുമല്ല, ഖനനത്തിന്റെ ഉത്തരവാദിത്വം തങ്ങൾക്കല്ല, പള്ളിക്കമ്മിറ്റിക്കാണെന്ന വാദം ബിഷപ്പോ വികാരിയോ കോടതിയിലോ ജിയോളജിസ്റ്റിനു മുൻപാകെയോ ഉന്നയിച്ചിട്ടുമില്ല. വസ്തുത ഇതായിരിക്കെ, ജാഗ്രതാ സമിതിയുടെ പത്രക്കുറിപ്പിന്റെ ഗൂഢലക്ഷ്യം പ്രതികളെ സംരക്ഷിക്കുകയെന്നതാണെന്ന് വ്യക്തം.

CLA പ്രവർത്തകർ സഭാവിരുദ്ധരോ?

CLA പ്രവർത്തകർ സഭാവിരുദ്ധരാണെന്ന ബിഷപ്പിന്റെയും കൂട്ടുപ്രതികളുടെയും കൗണ്ടർ അഫിഡവിറ്റുകളും വാദങ്ങളും ഹൈക്കോടതിതന്നെ മുഖവിലയ്ക്കെടുക്കാതെ തള്ളിക്കളഞ്ഞിട്ടും, പുരോഹിതവർഗ്ഗത്തിന്റെ ആജ്ഞാനുവർത്തികളായ ജാഗ്രതാ സമിതി അത് ഏറ്റുപാടുകയാണ്.

CLA പ്രവർത്തകർ ആത്മീയ-കൗദാശിക കാര്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് സഭയുടെ നന്മയ്ക്കുവേണ്ടി അദ്ധ്വാനിക്കുകയും സാമ്പത്തികസഹകരണങ്ങൾനൽകി സഭയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന അടിയുറച്ച ക്രിസ്തീയ വിശ്വാസികൾതന്നെയാണ്.

CLA എന്തിന്?

സഭാംഗങ്ങളുടെ പൗരാവകാശ സംരക്ഷണത്തിനും സഭയിലെ അഴിമതിനിർമ്മാർജ്ജനത്തിനും മെത്രാൻ - പുരോഹിതവർഗ്ഗത്തിന്റെ തിന്മകൾക്കും മൂല്യച്യുതികൾക്കുമെതിരെ നിയമമാർഗ്ഗങ്ങളിലൂടെ പോരാടി സഭയുടെ വിശുദ്ധി സംരക്ഷിക്കുകയെന്നതാണ് CLA യുടെ ലക്ഷ്യം.

CLA വിവിധ കോടതികളിൽ മെത്രാൻമാരെയും പുരോഹിതരെയും പ്രതികളാക്കി കേസ്സുകൾ നടത്തുന്നുണ്ടോ?

ഉണ്ട്. മെത്രാന്മാരുടെ സ്ഥാപിതതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ക്രിസ്തീയതയ്ക്കും സഭാപാരമ്പര്യത്തിനും എതിരായി ഏകാധിപത്യ നിയമങ്ങൾ നിർമ്മിച്ച് സഭയിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ സംഘടന നിയമപോരാട്ടത്തിലാണ്. വിശ്വാസികൾ സ്വന്തം വിയർപ്പിൽ പടുത്തുയർത്തിയ പള്ളികളും സ്ഥാപനങ്ങളും സ്വത്തുക്കളും ജനാധിപത്യരീതിയിൽ ഭരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വിശ്വാസികൾക്കുള്ള അവകാശം വീണ്ടെടുത്തു സംരക്ഷിക്കുന്നതിന് CLA മെത്രാന്മാർക്കെതിരെ നിരന്തരമായി നിയമപോരാട്ടങ്ങൾ നടത്തുന്നുണ്ട്.

CLA എന്തുകൊണ്ട് മറ്റു കാര്യങ്ങൾക്കെതിരെ പ്രതികരിക്കുന്നില്ല....?

CLA-യുടെ സ്ഥാപിതലക്ഷ്യം, സ്വന്തം സഭയിലെ മൂല്യച്യുതികളെയും അഴിമതികളെയും സ്വാതന്ത്ര്യനിഷേധത്തെയും ജനാധിപത്യധ്വംസനത്തെയും ബോധവൽക്കരണത്തിലൂടെയും നിയമമാർഗ്ഗത്തിലൂടെയും നേരിട്ട് പരിഹാരം ഉണ്ടാക്കുകയെന്നതാണ്.

കൂടരഞ്ഞി,
26- 04- 22

CLA - യ്ക്ക് വേണ്ടി,
സെക്രട്ടറി, **M.L ജോർജ്ജ്**

കാസയുടെ ലക്ഷ്യമെന്ത്?

ഗീവർഗ്ഗീസ്, പെരുമ്പാവൂർ

അടുത്ത കാലത്ത് ലൗ ജിഹാദ് മുദ്രാവാക്യ മുയർത്തി രംഗത്തുവന്ന കാസ എന്ന സംഘടനയുടെ ലക്ഷ്യമെന്താണ് എന്ന് നാം തിരിച്ചറിയണം.

BJPക്കുവേണ്ടി RSS സ്പോൺസർ ചെയ്യുന്ന ഒരു സംഘടനയാണ് കാസ എന്നാണ് അറിയപ്പെടുന്നത്. അതുകൊണ്ടാവാം, ക്രൈസ്തവർക്കുവേണ്ടി നിലകൊള്ളുന്നു എന്നവകാശപ്പെടുന്ന ഈ സംഘടന കർണ്ണാടകയിലും ഒറീസ്സയിലും ഝാർഖണ്ടിലും ക്രിസ്ത്യാനികൾ ഹൈന്ദവ തീവ്രവാദികളാൽ ആക്രമിക്കപ്പെട്ടപ്പോൾ ബുദ്ധിപൂർവ്വം മൗനം പാലിച്ചത്.

ക്രൈസ്തവർക്കെതിരെ രാജ്യവ്യാപകമായി അതിക്രമങ്ങൾ നടത്തുന്ന ഹിന്ദുതീവ്രവാദ സംഘടനയായ RSS നെ ഒരിക്കൽപ്പോലും തള്ളിപ്പറയാതെ, ലൗ ജിഹാദിന്റെപേരിൽ ഇസ്ലാമിനെതിരെ ആക്രോശമുയർത്തുന്നത് കാസയുടെ ഇരട്ടത്താപ്പ് തുറന്നു കാണിക്കുന്നതാണ്.

RSS ന്റെ പ്രഖ്യാപിതലക്ഷ്യം ഇന്ത്യയിൽനിന്ന് മുസ്ലീമിനെയും ക്രിസ്ത്യാനിയെയും പുറത്താക്കുക എന്നതാണ്. അതിൽ ഒരു ഭാഗം അവർ വിജയിച്ചു. മുസ്ലീമിനെതിരെ രാജ്യവ്യാപകമായി അമർഷമുണ്ടാക്കാനും ശത്രുത വളർത്താനും അവർക്കായി. എന്നാൽ ക്രിസ്ത്യാനിക്കെതിരെ അത്തരമൊരു കാര്യം അവർക്ക് സാദ്ധ്യമായിട്ടില്ല. തന്ത്രപൂർവ്വം അവർ ക്രിസ്ത്യാനിക്ക് ഒരു ശത്രുവിനെ ഉണ്ടാക്കി നൽകുകയാണ്. സാവധാനം ക്രിസ്ത്യാനിയും തീവ്രവാദസ്വഭാവമുള്ള ഒരു വർഗ്ഗീയ സമുദായമായി മാറും. മറ്റു സമൂഹങ്ങൾ വെറുക്കുന്ന അപകടകാരിയായ സമൂഹമാക്കി ക്രിസ്ത്യാനിയെ മാറ്റുകയെന്നത് അങ്ങനെ സാദ്ധ്യമാവും.

സംഘപരിവാരത്തിന്റെ ഈ രഹസ്യ അജണ്ട നടപ്പാക്കാൻ അവരുപയോഗിക്കുന്ന ഉപകരണം മാത്രമാണ് കാസ എന്ന സംഘടന. തിരിച്ചറിയുക. ക്രിസ്ത്യാനിയുടെ ഉന്നമനമല്ല; മറിച്ച്, നാശമാണ് അവരുടെ ലക്ഷ്യം. ക്രിസംഘികളെ സൃഷ്ടിക്കലാണ് ലക്ഷ്യം. ക്രിസ്ത്യാനികളുടെ തല RSS തീവ്രവാദികളുടെ കക്ഷത്തിൽ വയ്ക്കണമോ എന്ന് തീരുമാനിക്കേണ്ടത് നമ്മൾ വിശ്വാസികളാണ്.

കപട മുഖംമൂടിയണിഞ്ഞ ചെന്നായയാണ് കാസ. വീണുപോകരുത്. സൂക്ഷിക്കണം.

പ്രതികരണം ***എഡിറ്റർ***

ഇന്ത്യയിൽ നൂറ്റാണ്ടുകൾ അരങ്ങുവാണ ഇസ്ലാമിക - ക്രൈസ്തവ മതരാഷ്ട്രീയാധിനിവേശങ്ങളും, ഇപ്പോഴും തുടരുന്ന കൂട്ടമതപരിവർത്തനങ്ങളും, ഹിന്ദുമതാചാരങ്ങളെയും ഭാരതസംസ്കാരത്തെത്തന്നെയും താഴ്ത്തിക്കെട്ടിയും നിന്ദിച്ചുമുള്ള മതപ്രസംഗങ്ങളുമെല്ലാംകൂടി, ഇവിടുത്തെ ഹൈന്ദവജനതയുടെ ആത്മാഭിമാനത്തിന് വരുത്തിയിട്ടുള്ള ഉണങ്ങാത്ത മുറിവുകളിൽനിന്ന് മുളപൊട്ടി വളർന്നതാണ് ഇന്നത്തെ ആർ എസ് എസ് -ഉം ബി ജെ പി- യുമെല്ലാം. സർവമതസമഭാവന എന്ന ഭാരതീയ ആദ്ധ്യാത്മിക സമീപനത്തിൽനിന്ന് ഭൂരിപക്ഷ ഹൈന്ദവരിൽ ഒരു ഭാഗത്തെ വ്യതിചലിപ്പിച്ച്, എസ് ഡി പി ഐ - യും പോപ്പുലർ ഫ്രണ്ടും പോലുള്ള മതതീവ്രവാദികളാക്കിയത് ഇവിടുത്തെ ക്രൈസ്തവ-മുസ്ലീം ന്യൂനപക്ഷങ്ങളാണ്.

ഇനിയിപ്പോൾ, ന്യൂനപക്ഷമതതീവ്രവാദികളുടെ അതേ അടവുകളും തന്ത്രങ്ങളുമാകും അവരും പ്രയോഗിക്കാൻ പോകുന്നത്. അതിന്റെ ഭാഗമായിട്ടാണ്, ന്യൂനപക്ഷങ്ങളെത്തമ്മിൽ ഭിന്നിപ്പിച്ച് രണ്ടിന്റെയും ശക്തി ക്ഷയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കൂടുതൽ ശത്രുതയുള്ള മുസ്ലീങ്ങൾക്കെതിരെ ഒരു ക്രിസ്ത്യൻ വർഗീയ ഗ്രൂപ്പ് ഉണ്ടാക്കുന്നതിൽ ബി ജെ പി - യും ആർ എസ് എസ്-ഉം താത്പര്യം കാട്ടുന്നത്. ഇപ്പോൾ മുഖ്യ ശത്രുപക്ഷത്തുള്ള മുസ്ലീം സമുദായത്തിനെതിരെ തങ്ങളുടെ രണ്ടാംനിര സൈന്യമായി ക്രൈസ്തവരെ അണിനിരത്തുന്നത് ക്രൈസ്തവരോടുള്ള സ്നേഹംകൊണ്ടല്ല എന്ന് മനസ്സിലാക്കാനുള്ള ബോധം 'കാസ'യ്ക്ക് നേതൃത്വം കൊടുക്കുന്ന അല്മായർക്കോ വൈദികർക്കോ അവരെ പ്രോത്സാഹിപ്പിക്കുന്ന മെത്രാന്മാർക്കോ ഇല്ലെന്നുവേണം കരുതൽ. അഴിമതിക്കേസുകളിലും ബലാത്സംഗക്കേസുകളിലും മുങ്ങിത്താഴ്ന്നു നിൽക്കുന്ന സഭാധികാരകേന്ദ്രങ്ങൾക്ക്, കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ സംരക്ഷണനിഴലിൽ കഴിയാനുള്ള വ്യഗ്രതയും 'കാസ'യുടെ രൂപീകരണത്തിനു പിന്നിലുണ്ടാവാം.

എന്തായാലും, നിന്നെപ്പോലെതന്നെ മറ്റുള്ളവരെയും കാണുക എന്ന, സ്വന്തം സമുദായത്തെപ്പോലെതന്നെ മറ്റു സമുദായങ്ങളെയും കാണുക എന്ന യേശുവിന്റെ അതിലളിതവും യുക്തിഭദ്രവുമായ മാർഗ്ഗദർശനത്തിൽനിന്നു വ്യതിചലിച്ചുള്ള ഒരു നീക്കമാണ് കാസയുടേത് എന്നതിൽനിന്നുതന്നെ ഇത് തികച്ചും ക്രിസ്തുവിരുദ്ധമാണെന്നു കാണാം. ഹൈന്ദവദർശനത്തിൽനിന്ന് വ്യതിചലിച്ചുണ്ടായ ആർ എസ് എസ് പോലുള്ള ഒരു പ്രസ്ഥാനവുമായി ബന്ധപ്പെടുകയെന്നാൽ, ഭൂരിപക്ഷവർഗീയതയുടെ കക്ഷത്തിൽ ഇവിടുത്തെ ക്രൈസ്തവസമൂഹത്തിന്റെ തല കൊണ്ടുപോയി വയ്ക്കുകയെന്നാണ്. അത് ഈ സമൂഹത്തെ സർവ്വനാശത്തിലേക്കേ നയിക്കൂ എന്നത് ഉറപ്പാണ്.

കേരളക്രൈസ്തവ സമൂഹത്തിൽ മൂല്യബോധവും വിവേകവും ഉണർത്താനുള്ള പ്രവർത്തനങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുള്ള ഊർജ്ജസ്വലമായ നീക്കങ്ങൾ ഉണ്ടാകട്ടെ!

'കാസ'യുടെ വർഗീയവിദ്വേഷ പ്രചാരണത്തിനെതിരെ നിയമപോരാട്ടം!

-സിറ്റിസൺസ് ഫോർ ഡെമോക്രസി

പ്രിയ സുഹൃത്തുക്കളേ,

വർഗീയ വിദ്വേഷപ്രചാരണത്തിനെതിരെ 'സിറ്റിസൺസ് ഫോർ ഡെമോക്രസി' ഒരു നിയമപോരാട്ടം ആരംഭിച്ചിരിക്കുകയാണ്.

സമാനതകളില്ലാത്ത ഇസ്ലാമോഫോബിയ പടർത്തിവിടുന്ന 'കാസ' (ക്രിസ്ത്യൻ അസ്സോസിയേഷൻ ആന്റ് അലയൻസ് ഫോർ സോഷ്യൽ ആക്ഷൻ) എന്ന ഫേസ് ബുക്ക് പേജിനും പ്രസ്തുത സംഘടനയ്ക്കുമെതിരെ, 'സിറ്റിസൺസ് ഫോർ ഡെമോക്രസി' തിരുവനന്തപുരം കരമന പോലീസ് സ്റ്റേഷനിൽ പരാതി നൽകി.

കേവലമൊരു പരാതി കൊടുത്ത് മടങ്ങാനല്ല ഞങ്ങളുടെ തീരുമാനം. പോലീസിന്റെ ഭാഗത്തുനിന്ന് നീതി ലഭ്യമായില്ലെങ്കിൽ കോടതിയെ സമീപിക്കാനാണ് തീരുമാനം.

ഒരു ഫേസ് ബുക്ക് പേജുണ്ടാക്കി അതുവഴി നുണയും വർഗീയപ്രചാരണവും നടത്തി, സാമൂഹികധ്രുവീകരണവും അതിലൂടെ വർഗീയകലാപവും ലക്ഷ്യംവയ്ക്കുന്ന ഒരു സംഘടിത ഗ്രൂപ്പ് മതേതരസമൂഹത്തിൽ സൃഷ്ടിക്കുന്ന അപകടം ബോധ്യപ്പെട്ടതുകൊണ്ടാണ്, സിറ്റിസൺസ് ഫോർ ഡെമോക്രസി 'കാസ'യ്ക്കെതിരെ ഇത്തരത്തിലൊരു നിയമപോരാട്ടത്തിന് തയ്യാറായത്.

സിറ്റിസൺസ് ഫോർ ഡെമോക്രസിയുടെ ഓരോ ജനാധിപത്യ ചുവടുവയ്പ്പിനും നിങ്ങളുടെ പിന്തുണ അനിവാര്യമാണ്.

സ്നേഹാദരപൂർവ്വം,
ശ്രീജ നെയ്യാറ്റിൻകര
(ജന. സെക്രട്ടറി, സിറ്റിസൺസ് ഫോർ ഡെമോക്രസി)

കുരിശുകൾ

ചാക്കോച്ചൻ ആറാട്ടുകുളം

ഇവിടെയൊക്കെയും കുരിശുകൾ
കപ്പേളമുത്തിക്ക്
കാക്ക കാഷ്ടിക്കും കുരിശുകൾ

പണക്കാരന്റെ പിണത്തിന്റെ
മുമ്പേയും കുരിശുകൾ
പിമ്പേയും കുരിശുകൾ

പൊന്നിൻ കുരിശുകൾ
വെള്ളിക്കുരിശുകൾ
കന്യാസ്ത്രീതൻ
നിറമാറിലും കുരിശുകൾ
തിരുമേനിതൻ
തിരുനെഞ്ചത്തും കുരിശുകൾ
നീയില്ലാക്കുരിശുകൾ

പാപിതൻ തോളിലും
ഭാരക്കുരിശുകൾ
നട്ടെല്ലൊടിച്ചവൻ
തീർത്ത കുരിശുകൾ

മരപ്പണിക്കാരന്റെ മകനേ,
നീ ചത്ത മരക്കുരിശ് ഇതിലുണ്ടോ?

നീ വരൂ,
ഈ കുരിശ്ശൊടിച്ചൊരു
കൂരയ്ക്ക് തൂണിടൂ,
വീഞ്ഞിനെ
പച്ചവെള്ളമായ് മാറ്റിടൂ,
പഞ്ചക്ഷതങ്ങളിൽ
കത്തിടുമഗ്നിയാ-
ലത്തിവൃക്ഷങ്ങളെ
ചാമ്പലായ് തള്ളിടൂ,
അംബരചുംബിക-
ളൊക്കെയുമൊക്കെയു-
മലറിക്കൊടുങ്കാറ്റായ് പിഴുതെറിഞ്ഞിടൂ...

നിന്നെ സക്രാരിയിൽ
പൂട്ടിയിട്ടൂ മതം

നിന്റെ പേരിൽ മർത്ത്യന്റെ
കുടൽമാല കീറവേ,
ചാട്ടവാറും ചുഴറ്റി
നീയെത്തിടൂ

ക്രിസ്ത്യാനിയെപ്പിടിച്ചു നീ കോർത്തിടൂ
രണ്ടു കള്ളന്മാരെ കൊന്ന കുരിശ്ശതിൽ....!

ഫാ ജയിംസ് ഏർത്തയിലിനെതിരേയുള്ള കുറ്റപത്രം റദ്ദുചെയ്തു!

ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ പരാതി നൽകിയ കന്യാസ്ത്രീകളെ സ്വാധീനിക്കാൻ ശ്രമിച്ചെന്ന കേസിലെ കുറ്റപത്രം റദ്ദാക്കി. സിഎംഐ വൈദികൻ ജയിംസ് ഏർത്തയിലിനെതിരേയുള്ള കുറ്റപത്രം നിലനിൽക്കില്ലെന്ന് പാലാ മജിസ്ട്രേറ്റ് കോടതിയാണ് വ്യക്തമാക്കിയത്. കേസിൽനിന്ന് പിന്മാറാൻ പണവും ഭൂമിയും ജയിംസ് ഏർത്തയിൽ വാഗ്ദാനം ചെയ്തുവെന്നായിരുന്നു കേസ്.

ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരേ കന്യാസ്ത്രീ പോലീസിൽ പരാതി നൽകിയതിനുപിന്നാലെ, സാക്ഷികളെ സ്വാധീനിക്കാൻ ഫാദർ ജയിംസ് ഏർത്തയിൽ ശ്രമിച്ചിരുന്നു. പ്രധാന സാക്ഷികളിൽ ഒരാളായ സിസ്റ്റർ അനുപമയെ ഫോണിൽ വിളിച്ചാണ് ഫാദർ ഏർത്തയിൽ സ്വാധീനിക്കാൻ ശ്രമിച്ചത്. കാഞ്ഞിരപ്പള്ളിയിൽ 10 ഏക്കർ സ്ഥലവും മഠവും നൽകാമെന്നായിരുന്നു വാഗ്ദാനം. എന്നാൽ ഇത് നിഷേധിച്ച കന്യാസ്ത്രീ ഫോൺ സംഭാഷണം പുറത്തുവിട്ടു. ഇതോടെയാണ് ഫാ. ഏർത്തയിലിനെതിരേ പോലിസ് കേസെടുത്തത്.

സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിക്കൽ, ഭീഷണിപ്പെടുത്തൽ തുടങ്ങി നാല് കുറ്റങ്ങളാണ് ചുമത്തിയിരുന്നത്. ഫോൺസംഭാഷണമടക്കം കുറ്റപത്രത്തോടൊപ്പം കോടതിയിൽ സമർപ്പിച്ചിരുന്നു. ഫോൺവിളി വിവാദമായതോടെ കുര്യനാട് ആശ്രമത്തിന്റെ ചുമതലയിൽ നിന്നു ഫാ. ജെയിംസ് ഏർത്തയിലിനെ ഇടുക്കിയിലേക്ക് സ്ഥലം മാറ്റിയിരുന്നു. കേസെടുത്തതിനേത്തുടർന്ന് ഒളിവിൽപ്പോയ ഏർത്തയിൽ കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് കീഴടങ്ങുകയായിരുന്നു. പിന്നീട് കോടതി ഏർത്തയിലിന് ജാമ്യം അനുവദിക്കുകയും ചെയ്തു.

(കടപ്പാട്: ThejasNews)

പ്രതികരണം

കോടതിയുടെ നീതിബോധം പൊതുജനത്തിന്റെ നീതിബോധത്തെ പരിഹസിക്കുന്നത്ര താഴാൻ പാടില്ല എന്നൊരു കാഴ്ചപ്പാട് സമൂഹത്തിലുണ്ട്. ആ നിലയിൽ, ഈ വിധി പരിഹാസ്യമാണെന്നേ പറയാനുള്ളൂ. ഫാ. ഏർത്തയിൽ സിസ്റ്റർ അനുപമയോട് പറഞ്ഞതെല്ലാം മുഴുവൻ കേരളവും പച്ചയ്ക്ക് കേട്ടതാണ്. അനുനയത്തിൽ സ്വാധീനിക്കാൻ ശ്രമിച്ചതും, മഠവും 10 ഏക്കറും വാഗ്ദാനംചെയ്തതും, കേസ് പിൻവലിച്ചില്ലെങ്കിൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ ചൂണ്ടിക്കാട്ടി ഭയപ്പെടുത്താൻ നോക്കിയതുമെല്ലാം എത്ര വ്യക്തമാണ് ആ ഫോൺ സംഭാഷണത്തിൽ! അതൊന്നും കോടതിയുടെ മുമ്പിൽ, ഫാ. ഏർത്തയിലിനെതിരെ തെളിവല്ലാതാക്കുന്നത് എങ്ങനെ?

ഫ്രാങ്കോയെ വെറുതെവിട്ട കോട്ടയം അഡീഷണൽ സെഷൻസ് കോടതിക്ക് ക്ഷീണം ഉണ്ടാകരുതെന്ന ചിന്തയാകുമോ ഇതിനുപിന്നിൽ? എന്തായാലും, അന്യായക്കോടതിയിൽനിന്നുള്ള ഒരു അന്യായവിധി എന്നേ ഇതേക്കുറിച്ച് പറയാനുള്ളൂ.

- എഡിറ്റർ

മലയാറ്റൂർ മലയിൽനിന്നുള്ള പൊൻപണമിറക്കം!

ഈ പണം ആരുടെ കൈയിലാണ് എത്തുന്നത്? മൊത്തം വരവുതുക എത്ര? ഈ തുക നിയമാനുസൃതം അന്നുതന്നെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കുന്നുണ്ടോ? ഇതിന്റെ കണക്കുകൾ വിശ്വാസികളെ കാണിക്കുന്നുണ്ടോ? ഈ വരവിന്റെ കണക്കുകൾ സർക്കാരിനെയും ഇൻകം ടാക്സ് വകുപ്പിനെയും അറിയിക്കുന്നുണ്ടോ?

മലയാറ്റൂർ മലയിൽനിന്നുള്ള പൊൻപണമിറക്കൽ ചടങ്ങ് പ്രസിദ്ധമാണ്. ഇത്തവണയും ഈ ചടങ്ങ് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. ഈ വർഷത്തെ ചടങ്ങിന്റെ പ്രത്യേകതയായി കേൾക്കുന്നത്, പൊൻപണമിറക്കൽ ഒരു നേർച്ചയാക്കിക്കൊണ്ട്, ഭക്തരെക്കൊണ്ടുതന്നെ പണം നിറച്ച ചാക്കുകെട്ടുകൾ തലച്ചുമടാക്കി പള്ളിയിലെത്തിച്ചുവെന്നാണ് (ചിത്രം കാണുക). പൊൻപണക്കെട്ടുകൾ പള്ളിയിലെത്തിച്ചു കൊടുക്കുന്ന ഭക്തജനങ്ങൾ ഭക്തിയുടെ നിർവൃതിയിൽ ആണ്ടുപോകുമ്പോൾ, പള്ളിയിലെ പുരോഹിതജന്മിമാരുടെ മനസ്സുകൾ മറ്റൊരുതരം നിർവൃതിയിൽ ചിരിച്ചാർക്കുകയായിരിക്കണം! കാലങ്ങളായി തുടരുന്നതും ഇപ്പോൾ നേർച്ചയാക്കി പരിഷ്കരിച്ചതുമായ ഈ പുരോഹിത കൊള്ളയ്ക്കെതിരെ ചിന്തിച്ചുതുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഈ പണം ആരുടെ കൈയിലാണ് എത്തുന്നത്? മൊത്തം വരവുതുക എത്ര? ഈ തുക നിയമാനുസൃതം അന്നുതന്നെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കുന്നുണ്ടോ? ഇതിന്റെ കണക്കുകൾ വിശ്വാസികളെ കാണിക്കുന്നുണ്ടോ? ഈ വരവിന്റെ കണക്കുകൾ സർക്കാരിനെയും ഇൻകം ടാക്സ് വകുപ്പിനെയും അറിയിക്കുന്നുണ്ടോ? ഈ പണം എന്തു കാര്യത്തിനാണ് ചെലവഴിക്കപ്പെടുന്നത്? ആരുടെ അഭിപ്രായമനുസരിച്ചാണ് ചെലവഴിക്കുന്നത്? ഇതിൽ നിന്നുള്ള ചെലവുകൾ നിയമാനുസൃതം ചെക്ക് മുഖേന യാണോ നടത്തുന്നത്? ഇതിൽനിന്നുള്ള വിഹിതം രൂപതാമെത്രാനും മേജർ ആർച്ചുബിഷപ്പും വസൂലാക്കുന്നുണ്ടോ?

അതോ, ഇങ്ങനെയുള്ള വരവുകൾ വിശ്വാസികളെയോ സർക്കാരിനെയോ കാണിക്കാതെ മെത്രാനും ഏതാനും പുരോഹിതരുംകൂടെ തന്നിഷ്ടപ്രകാരം ചെലവഴിക്കുകയാണോ?

ഇങ്ങനെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ കേരളത്തിലെ ജനങ്ങൾ ശരിക്കും അറിഞ്ഞിരിക്കേണ്ടതാണ്. അറിയാവുന്നവർ ദയവായി വ്യക്തമാക്കുക. കാരണം, ഇത് പൊതുധനമാണ്. ഇതിൽനിന്ന് ഒരു പൈസപോലും എടുക്കാൻ പുരോഹിതർക്ക് അവകാശമില്ല.

പൊതുധനം കൈകാര്യം ചെയ്യുന്ന തത്വമനുസരിച്ച്, ഇത് ഉടൻതന്നെ എണ്ണിത്തിട്ടപ്പെടുത്തി ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്. പിന്നീട്, ശരിയായ അധികാരമുള്ളയാൾ ചെക്കുവഴി തുക പിൻവലിച്ച് നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായിമാത്രം ചെലവ് ചെയ്യേണ്ടതാണ്. അങ്ങനെയാണ് പഞ്ചായത്തിലും സർക്കാരിലും മറ്റ് പൊതുസ്ഥാപനങ്ങളിലും നടക്കുന്നത്. അമ്പലങ്ങളിലെ വരവ്പണവും ദേവസ്വം ബോർഡ് ഇതുപോലെയാണ് കൈകാര്യം ചെയ്യുന്നത്. അതിന് സർക്കാരിന്റെ ഓഡിറ്റും ഒരു ഹൈക്കോടതി ജഡ്ജിയുടെ മേൽനോട്ടവും ഉണ്ട്.

മലയാറ്റൂർ പള്ളിയിലെ നേർച്ചപ്പണം പുരോഹിതരോ മറ്റാരെങ്കിലുമോ അന്യായമായി കൈവശപ്പെടുത്തുന്നില്ലെന്നും അത് തെറ്റായ രീതിയിൽ ചെലവഴിക്കപ്പെടുന്നില്ലെന്നും ഉറപ്പാക്കേണ്ടത് വിശ്വാസിസമൂഹത്തിന്റെ അവകാശവും ഉത്തരവാദിത്വവുമാണ്.

(കടപ്പാട്: ഒരു വാട്ട്സാപ്പ് പോസ്റ്റ്)

മത്തായി ദുർവ്യാഖ്യാനിച്ച പ്രവചനങ്ങൾ (4)

പ്രൊഫ. പി.എൽ. ലൂക്കോസ്
ഫോൺ: 9446578174

പ്രവാചകന്മാരുടെ അഗണനീയ വചനങ്ങൾ ദുർവ്യാഖ്യാനിച്ച് ക്രിസ്തുവുമായി ബന്ധിപ്പിക്കുന്ന കപടതന്ത്രത്തിന്റെ ഉപജ്ഞാതാവ് അജ്ഞാതനായ സിറിയാക്കാരൻ സുവിശേഷകനല്ല, സഭയുടെ ശില്പിയായി വാഴ്ത്തപ്പെടുന്ന പൗലോസ് ശ്ലീഹാതന്നെയാണ് എന്നാരോപിച്ചാൽ വിശ്വാസികളെല്ലാം തീർച്ചയായും ഞെട്ടും!

യഹൂദന്മാരുടെ സ്വന്തം ഭാഷയായ ഹീബ്രുവിൽ രചിക്കപ്പെട്ട ബൈബിൾ ഗ്രന്ഥങ്ങൾമാത്രം കാനോനിക ഗ്രന്ഥങ്ങളായി അംഗീകരിച്ചാൽമതിയെന്ന് യഹൂദമതനേതാക്കളുടെ പൊതുസമ്മേളനം ഏകകണ്ഠമായി തീരുമാനിച്ച കാലത്താണ് (എ.ഡി. 80–100) മത്തായി സുവിശേഷം രചിച്ചത്. എന്നിട്ടും, സ്വന്തം ഹെബ്രായഭാഷയിൽ രചിക്കപ്പെട്ട മൂലഗ്രന്ഥത്തിലെയും, അബദ്ധങ്ങൾ തിരുത്തി പ്രസിദ്ധീകരിക്കപ്പെട്ട ഗ്രീക്കു പരിഭാഷകളിലെയും 'ചെറുപ്പക്കാരിയായ സ്ത്രീ' (alma, neanis) എന്ന പ്രയോഗം തിരസ്ക്കരിച്ച്, ആദ്യം തയ്യാറാക്കിയ സെപ്ത്വാജിന്ത് പരിഭാഷയിലുണ്ടായിരുന്നതും അബദ്ധമെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടതുമായ 'കന്യക'യെ തിരഞ്ഞെടുത്ത മത്തായിക്ക് എന്തോ ദുഷ്ടലാക്കുണ്ടായിരുന്നു എന്ന് തീർച്ചയാണ്! ഉൽപത്തിപ്പുസ്തകത്തിലുള്ള യാക്കോബിന്റെയും റാഹേലിന്റെയും കഥ വള്ളിയും പുള്ളിയും തെറ്റാതെ കൃത്യമായി അറിഞ്ഞിരുന്ന സുവിശേഷകൻ ജറെമിയായുടെ അബദ്ധ പരാമർശം ഉദ്ധരിച്ചതും ദുരുപദിഷ്ടമായിരുന്നില്ലേ? ദാവീദിന്റെ വംശത്തിലും ജന്മഭൂമിയിലുമാണ് യേശു ജനിച്ചതെന്നു സ്ഥാപിക്കാനായി മത്തായിയും ലൂക്കായും കെട്ടിച്ചമച്ച കള്ളക്കഥകൾ ഇതിനു മുൻപുള്ള ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. ക്രിസ്തുമസ് ആഘോഷിക്കാൻ മനോഹരമായ പുൽക്കൂടുകളുണ്ടാക്കുന്ന ക്രിസ്ത്യാനികളും വർണ്ണപ്പകിട്ടുള്ള നക്ഷത്രങ്ങൾ കെട്ടിത്തൂക്കുന്ന നാനാജാതിമതസ്ഥരും മനസ്സിലാക്കാറില്ല, നക്ഷത്രവും പുൽക്കൂടും മത്തായിയുടെയും ലൂക്കായുടെയും ഭാവനാസൃഷ്ടികളാണെന്ന്! അതുപോലെ, യൂദന്മാർ കണ്ണിലെണ്ണയൊഴിച്ചു കാത്തിരുന്ന രക്ഷകനാണ് യേശു എന്നു സമർത്ഥിക്കാനും യേശുവിന്റെ ജീവിതത്തിലുണ്ടായ സംഭവങ്ങളെല്ലാം കാലേകൂട്ടി കൃത്യമായി പ്രവചിക്കപ്പെട്ടിരുന്നതാണ് എന്ന് മാലോകരെ ബോദ്ധ്യപ്പെടുത്താനുമായി പഴയനിയമത്തിന്റെ വിവിധ ഭാഗങ്ങൾ തുരപ്പനെപ്പോലെ തുരന്ന് മത്തായി തോണ്ടിയെടുത്ത 14 പ്രവാചകവചനങ്ങൾക്കും ക്രിസ്തുവുമായി യാതൊരു ബന്ധവുമില്ല! പുതിയ നിയമം, പഴയ നിയമത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണെന്നുള്ള സഭയുടെ വിതണ്ഡാവാദത്തിന് ശക്തിപകരാൻ മത്തായി ഉദ്ധരിച്ചിട്ടുള്ള പ്രവാചക വചനങ്ങൾ തീർച്ചയായും പ്രയോജനപ്പെട്ടിട്ടുണ്ട്. മത്തായി തെറ്റായി ഉദ്ധരിക്കുകയും അബദ്ധ വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്ത 14 പഴയനിയമ വാക്യങ്ങൾ സഭയുടെ വിശ്വാസത്തെ എത്രമാത്രം വഴിതെറ്റിച്ചിട്ടുണ്ടെന്നുള്ളത് ഗഹനമായി പഠിക്കേണ്ട വിഷയമാണ്.

മത്തായിയുടെ മുൻഗാമി പൗലോസ്!

സുപ്രധാനമായ ഒരു കാര്യം സൂചിപ്പിക്കാൻ മുഖ്യവിഷയത്തിൽനിന്ന് അല്പം വ്യതിചലിക്കുന്നതു ക്ഷമിക്കുക. പ്രവാചകന്മാരുടെ അഗണനീയ വചനങ്ങൾ ദുർവ്യാഖ്യാനിച്ച് ക്രിസ്തുവുമായി ബന്ധിപ്പിക്കുന്ന കപടതന്ത്രത്തിന്റെ ഉപജ്ഞാതാവ് അജ്ഞാതനായ സിറിയാക്കാരൻ സുവിശേഷകനല്ല, സഭയുടെ ശില്പിയായി വാഴ്ത്തപ്പെടുന്ന പൗലോസ് ശ്ലീഹാതന്നെയാണ് എന്നാരോപിച്ചാൽ വിശ്വാസികളെല്ലാം തീർച്ചയായും ഞെട്ടും! സംശയാലുക്കൾ തോമ്മാശ്ലീഹായെപ്പോലെ കണ്ടു വിശ്വസിക്കുക: എ.ഡി. 57–ൽ പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ 15–ാം അദ്ധ്യായത്തിലെ നാലാം വാക്യം നോക്കുക: "വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു." ക്രിസ്തുവിന്റെ മരണത്തെയും ഉയിർപ്പിനെയുംകുറിച്ച് ഏതോ പ്രവാചകൻ ചെമ്പുതകിടിൽ കൃത്യമായി എന്തൊക്കെയോ എഴുതിവെച്ചിട്ടുണ്ട് എന്നായിരിക്കും പൗലോസ് ശ്ലീഹായുടെ ഈ വാക്യം വായിക്കുമ്പോൾ നമ്മൾ ചിന്തിക്കുക! എന്നാൽ കണ്ടോളൂ! മൈനർ പ്രവാചകന്മാർ എന്നറിയപ്പെടുന്ന 12 പേരിൽ ഒന്നാമനായ ഹോസിയാ ബി.സി. എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് എഫ്രായിമിൽ പ്രവാചകദൗത്യം നിർവ്വഹിച്ചത്. വിശ്വാസരാഹിത്യത്തിന്റെയും മറ്റു പാതകങ്ങളുടെയുംപേരിൽ പ്രവാചകൻ ഇസ്രായേൽക്കാരെ ശാസിക്കുന്നതും, ദൈവം ഒരു സിംഹത്തെപ്പോലെ എഫ്രായിമിനെയും, യുവസിംഹത്തെപ്പോലെ യൂദാ യെയും പിച്ചിച്ചീന്തുമെന്നും വലിച്ചിഴച്ചുകൊണ്ടുപോകുമെന്നും തെറ്റുകൾ ഏറ്റുപറഞ്ഞ് തന്നെ അന്വേഷിക്കുന്നതുവരെ അവരെ ഉപേക്ഷിച്ചുപോകുമെന്നും ഭീഷണിപ്പെടുത്തുന്നതാണ് അഞ്ചാം അദ്ധ്യായത്തിന്റെ അന്ത്യഭാഗം. ആറാം അദ്ധ്യായം തുടങ്ങുന്നത് സാന്ത്വനവാക്കുകളോടെയാണ്: "വരുവിൻ, നമുക്ക് കർത്താവിങ്കലേക്ക് മടങ്ങിപ്പോകാം. അവിടുന്നു നമ്മെ ചീന്തിക്കളഞ്ഞു; അവിടുന്നുതന്നെ സുഖപ്പെടുത്തും. അവിടുന്നു നമ്മെ പ്രഹരിച്ചു; അവിടുന്നുതന്നെ മുറിവുകൾ വെച്ചുകെട്ടും. രണ്ടു ദിവസത്തിനുശേഷം

അവിടുന്നു നമുക്ക് ജീവൻ തിരിച്ചുതരും; മൂന്നാം ദിവസം അവിടുന്നു നമ്മെ ഉയിർപ്പിക്കും" (ഹോസിയാ 6:1,2). "എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം നാൾ" ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു എന്നു പൗലോസ് ശ്ലീഹാ അവകാശപ്പെടുന്നത് "മൂന്നാം ദിവസം അവിടുന്നു നമ്മെ ഉയിർപ്പിക്കും" എന്ന് ഹോസിയാ ഇസ്രായേൽക്കാരോടു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ്. (The V.C. & B.R. of Jesus - p. 16) താൻ പരുഷമായ ഭാഷയിൽ ശാസിക്കുകയും ശകാരിക്കുകയും ചെയ്ത ഇസ്രായേൽക്കാർ ഭഗ്നാശരാകാതിരിക്കാനും, ദൈവത്തിന്റെ അനന്തകൃപയിലുള്ള വിശ്വാസം അവരിൽ ജ്വലിപ്പിക്കാനുമായി ക്രിസ്തുവിന്റെ മരണത്തിന് 750 വർഷങ്ങൾ മുൻപ് ഹോസിയാ ഉപയോഗിച്ച സാന്ത്വനവാക്കുകൾ യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചുള്ള പ്രവചനമായിരുന്നെന്ന് സാമാന്യബുദ്ധിയുള്ള ആരും കരുതാനിടയില്ല! എന്നാൽ പണ്ഡിതപ്രകാണ്ഡമെന്നു വാഴ്ത്തപ്പെടുന്ന പൗലോസ് 'മൂന്നാംനാൾ', 'ഉയിർപ്പ്' എന്നൊക്കെ കണ്ടയുടനെ ഹോസിയാ പറഞ്ഞത് ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റിത്തന്നെയാണെന്നുറപ്പിച്ചു!

സത്യത്തിന് സാക്ഷ്യം വഹിക്കുകയാണ് തന്റെ ജീവിതദൗത്യം എന്നല്ലേ പീലാത്തോസിന്റെ മുൻപിൽനിന്ന് യേശു ഉറക്കെ പ്രഖ്യാപിച്ചത്? സമാധാനത്തിലും സ്നേഹത്തിലും അടിയുറച്ചുനിന്നുകൊണ്ട്, സത്യത്തിനും നീതിക്കും സർവ്വജനസാഹോദര്യത്തിനും നിസ്സഹായർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി വീറോടെ പൊരുതിയ യേശുവിനേക്കാൾ വലിയ വിപ്ലവകാരി ചരിത്രത്തിലില്ല.

മുകളിലുദ്ധരിച്ച വാക്യത്തിന്റെ ആദ്യഭാഗമാണ് രണ്ടാംഭാഗത്തെക്കാൾ അമ്പരപ്പുളവാക്കുന്നത്! "വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ , ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും...." നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ് ക്രിസ്തു മരിച്ചതെന്ന് ഏതെല്ലാം ലിഖിതങ്ങളിലാണ് പറഞ്ഞിട്ടുള്ളതെന്ന് അദ്ദേഹം വെളിപ്പെടുത്തിയില്ല! കാര്യപ്രാപ്തിയും നീതിനിഷ്ഠയുമുള്ള, അന്യനാട്ടുകാരുടെ ആധിപത്യത്തിൽനിന്നു തങ്ങളെ മോചിപ്പിക്കാൻ കഴിവുള്ള രാജാവായ രക്ഷകനുവേണ്ടിയായിരുന്നു ഇസ്രായേൽക്കാർ പ്രതീക്ഷാപൂർവ്വം കാത്തിരുന്നത്. തങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിക്കാനായി വരുന്ന രക്ഷകനെയാണ് അവർ കാത്തിരുന്നതെന്നു പറയുന്നത് എത്ര വലിയ ഭോഷ്കാണ്! പ്രവാചകഗ്രന്ഥങ്ങളിലല്ലാതെ ഉല്പത്തി, പുറപ്പാട് മുതലായ പഴയനിയമഗ്രന്ഥങ്ങളിൽ ക്രിസ്തുവിനെപ്പറ്റി പരാമർശിക്കാനുള്ള സാദ്ധ്യതയില്ലല്ലോ. പ്രവാചകന്മാർക്കു ക്രിസ്തുവിനെക്കുറിച്ചു കൃത്യമായ എന്തെങ്കിലും അറിവുണ്ടായിരുന്നു എന്നനുമാനിക്കാനുതകുന്ന യാതൊരു തെളിവുമില്ലെന്ന് ഫാ. റെയ്മണ്ട് ബ്രൗൺ അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞിട്ടുള്ളത് ഈ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അനേകവർഷക്കാലം നീണ്ടുനിന്ന ഗവേഷണംവഴി അദ്ദേഹം രൂപീകരിച്ച അഭിപ്രായം അവതരിപ്പിച്ചിട്ടുള്ള പുസ്തകം പ്രസിദ്ധീകൃതമായിട്ട് അരനൂറ്റാണ്ടോളമായി. അമേരിക്കക്കാരായ ബൈബിൾ ഗവേഷകന്മാരിൽ ഏറ്റവും വിഖ്യാതനായിരുന്ന, വത്തിക്കാനിലെ ബിബ്ലിക്കൽ കമ്മീഷൻ മെമ്പറായി നിയമിച്ച് പോൾ ആറാമൻ മാർപ്പാപ്പാ ആദരിച്ച റെയ്മണ്ട് ബ്രൗൺ വെളിപ്പെടുത്തിയ സത്യം ഔപചാരികമായി അംഗീകരിക്കാനോ, പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ അസംബന്ധം നിരാകരിക്കാനോ സഭ തയ്യാറാകുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല!

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സുവിശേഷമാണ് മൂന്നു വർഷക്കാലം യേശു പ്രസംഗിച്ചത്. സത്യത്തിന് സാക്ഷ്യം വഹിക്കുകയാണ് തന്റെ ജീവിതദൗത്യം എന്നല്ലേ പീലാത്തോസിന്റെ മുൻപിൽനിന്ന് യേശു ഉറക്കെ പ്രഖ്യാപിച്ചത്? സമാധാനത്തിലും സ്നേഹത്തിലും അടിയുറച്ചുനിന്നുകൊണ്ട്, സത്യത്തിനും നീതിക്കും സർവ്വജനസാഹോദര്യത്തിനും നിസ്സഹായർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി വീറോടെ പൊരുതിയ യേശുവിനേക്കാൾ വലിയ വിപ്ലവകാരി ചരിത്രത്തിലില്ല. യേശുവിന്റെ ജീവാർപ്പണം മനുഷ്യകുലത്തിന്റെ പാപങ്ങൾക്കുവേണ്ടിയായിരുന്നു എന്നു സൂചിപ്പിക്കുന്ന ഒരു വാക്കുപോലും ക്രിസ്തീയവിശ്വാസത്തിന്റെ മുഖ്യസ്രോതസ്സായ സുവിശേഷങ്ങളിലില്ല. 1945-ൽ ഈജിപ്തിൽ കണ്ടെത്തിയ തോമ്മായുടെ സുവിശേഷത്തിലുമില്ല. അബദ്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പരിത്രാതാക്കളായിരുന്ന യഹൂദപുരോഹിതന്മാരുടെ അധാർമ്മികതയ്ക്കും കാപട്യത്തിനും നീതിനിഷേധത്തിനുമെതിരെ നിശിതമായ വിമർശനത്തിന്റെ കൂരമ്പുകൾ നിരന്തരമായി വർഷിച്ചുകൊണ്ടിരുന്ന യേശുവിനെതിരെ പുരോഹിതപ്രമാണികൾ നടത്തിയ ഗൂഢാലോചനയും പ്രയോഗിച്ച കുടിലതന്ത്രങ്ങളുമാണ് യേശുവിനെ കുരിശിലേറ്റിയത്. സത്യത്തിനും നീതിക്കും ധർമ്മത്തിനും വേണ്ടിയാണ് സ്നേഹത്തിന്റെ പ്രവാചകനായ യേശു മരിച്ചത്. പനിനീരിന്റെ സൗരഭ്യമുള്ള ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ മാത്രം അധിഷ്ഠിതമായിരിക്കേണ്ട കത്തോലിക്കാസഭ ഇന്ന് അബദ്ധവിശ്വാസങ്ങളുടെയും അർത്ഥമില്ലാത്ത ആചാരങ്ങളുടെയും മാലിന്യക്കൂമ്പാരമായി! ക്രിസ്തു നിർവ്വഹിച്ച ദൗത്യത്തിനു പൗലോസ് ശ്ലീഹാ നൽകിയ വികലമായ വ്യാഖ്യാനമാണ് വിശ്വാസത്തിന്റെ സാരാംശമായി (sum and sutsbance) സഭ സ്വീകരിച്ചത്. ഉൽകൃഷ്ടമായ ആശയങ്ങളുടെ പേരിൽ ലോകജനത ക്രിസ്തുവിനെ ആദരിക്കുമ്പോൾ, കത്തോലിക്കാസഭയ്ക്ക് ക്രിസ്തു കേവലം പാപവിമോചകൻ മാത്രമാണ്! പാപത്തെപ്പറ്റി അത്യധികം ഊതിവീർപ്പിച്ച കാഴ്ചപ്പാടും, അഭിഷിക്തന്മാർ ചെയ്യുന്ന ഘോരപാപങ്ങളുടെ നേരെ കണ്ണടയ്ക്കുന്ന നിലപാടും കത്തോലിക്കാസഭ പരിഹസിക്കപ്പെടുന്നതിനുള്ള ന്യായമായ കാരണങ്ങളാണ്!

മതപഠനവും വിശ്വാസപരിശീലനവും സീറോ-മലബാർസഭയും

സണ്ണി മാത്യു കുന്നേൽപ്പുരയിടം
ഫോൺ: 9387473424

"സഭയെയും ഈശോയെയും കളിയാക്കുന്ന സംസാരം ഞാൻ ഇഷ്ടപ്പെടുന്നില്ല..." വാട്ട്സപ്പിൽ ഒരു സുഹൃത്തിനു ഞാൻ അയച്ച ഒരു യൂട്യൂബ് ലിങ്കിനു കിട്ടിയ രൂക്ഷമായ പ്രതികരണം ആണിത്. വിഷയം, ലൈംഗിക അതിക്രമആരോപണത്തിൽ കോടതിനടപടികൾ നേരിടുന്ന ഫ്രാങ്കോ എന്ന മേൽപ്പട്ടക്കാരന്റെ നേതൃത്വത്തിൽ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ധ്യാന പരിപാടി സംഘടിപ്പിക്കുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള വീഡിയോ. അതെങ്ങനെ സഭയെയും ഈശോയെയും കളിയാക്കുന്നു എന്ന് മനസ്സിലാക്കാൻ പറ്റാത്ത എനിക്കുണ്ടായ കുറവ് മതപഠനത്തിലെ പോരായ്മയാണോ എന്നൊരു സംശയം!

ഇന്നത്തെ മുതിർന്ന തലമുറ ഞായറാഴ്ചകളിലെ വേദപഠന ക്ലാസിൽ മതപഠനം നടത്തിയവരാണ്. എന്നാൽ ഇളം തലമുറകൾ വിശ്വാസപരിശീലനം നേടിയവരാണ്. മതപഠനവും വിശ്വാസപരിശീലനവും വ്യത്യസ്ത തലത്തിൽ ഉള്ളതാണ്. സാധാരണ ഒരു വിദ്യാലയത്തിൽ പഠിക്കുന്നതും സായുധസേനയുടെ പരിശീലനപരിപാടിയിൽ ഉണ്ടാവുന്ന പഠനവുംപോലെ രണ്ടു ധ്രുവങ്ങളിലുള്ളതാണ് മതപഠനവും വിശ്വാസപരിശീലനവും. രണ്ടും തമ്മിലുള്ള വ്യത്യാസം ഇതാണ്: പഠനം നടത്തുമ്പോൾ സ്വതന്ത്രമായി ചിന്തിക്കാം; പരിശീലനത്തിൽ പരിശീലകന്റെ നിർദ്ദേശങ്ങൾ അതേപോലെ സ്വീകരിക്കണം. പരിശീലിപ്പിക്കുന്നതിലെ യുക്തിയും യുക്തിരാഹിത്യവും പരിശീലനം നേടുന്ന ആൾക്കു പരിഗണിക്കാനാവില്ല. ഇവിടെ പരിശീലകൻ പരിശീലനം തേടുന്ന ആളിനെ പരുവപ്പെടുത്തിയെടുക്കുകയാണ്.

പണ്ട് മതപഠന ക്ലാസ്സിൽ യേശുക്രിസ്തുവിനെയും സ്വർഗസ്ഥനായ പിതാവായ ദൈവത്തെയുംപറ്റി മനസ്സിലാക്കി. യേശു മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി കുരിശിൽ മരിച്ചു എന്നു പഠിച്ചെങ്കിലും, അത് ഉൾക്കൊള്ളാൻ അൽപ്പം ബുദ്ധിമുട്ട് അന്നു തോന്നിയിരുന്നു. പിന്നീട് മതപഠന ക്ലാസ്സിൽ പഠിച്ചതിനപ്പുറം കാര്യങ്ങളുണ്ട് എന്നു വായനയിൽക്കൂടി മനസ്സിലാക്കി. ദൈവം ആറു ദിവസംകൊണ്ട് ഭൂമിയെയും അതിലെ ജീവികളെയും ഉണ്ടാക്കിയതായി പഠിച്ചത്, സഭയുടെതന്നെ കോളേജിലെ സുവോളജി ക്ലാസിൽ സൂചിയിൽ തട്ടിയ ബലൂണിലെ കാറ്റുപോലെ പുറത്തു പോയി; ആദത്തിന്റെയും അവ്വായുടെയും ആദിപാപം ശൂന്യതയിൽ അലിഞ്ഞു. അപ്പോഴും യേശുക്രിസ്തു ആരുടെ പാപപരിഹാരത്തിന് കുരിശിലേറി എന്ന ചോദ്യം മനസ്സിൽ ബാക്കി. പിന്നീട് സഭാചരിത്രവും രാജാക്കന്മാരുടെ ചരിത്രവും സഭയും രാജാക്കന്മാരുംതമ്മിലുള്ള അവിഹിതബന്ധങ്ങളും വായിച്ചപ്പോൾ, പഴയനിയമ പുസ്തകങ്ങൾ വായിച്ചപ്പോൾ, ഒരുകാര്യം വ്യക്തമായി.. യേശുക്രിസ്തു കുരിശിൽ കയറിയത് സാധാരണ ജനങ്ങളുടെ പാപം മൂലമല്ല; പുരോഹിതന്മാരുടെ പാപം മൂലമാണ് എന്ന്.

പുതിയ നിയമം പല ആവർത്തി വായിച്ചിട്ടും യേശുക്രിസ്തു ദേഷ്യപ്പെടുന്ന രണ്ടു സന്ദർഭങ്ങളേ പുതിയനിയമത്തിൽ കണ്ടുള്ളൂ. ഇതൊന്നും മനുഷ്യരുടെ പാപത്തെ ഓർത്തായിരുന്നില്ല. പുരോഹിതന്മാരുടെ സാമ്പത്തിക അതിക്രമങ്ങൾ തടയാൻ ശ്രമിച്ചതിനാണ്, അഞ്ചു ദിവസത്തിനുള്ളിൽ യേശുവിനെ കുരിശിൽ തറച്ചത്. സ്വന്തം പുരോഹിതന്മാരെ വെള്ളയടിച്ച കുഴിമാടങ്ങളോട് ഉപമിക്കുന്നതരത്തിൽ തീർത്തും മോശമായ അഭിപ്രായമാണ് യേശുവിൽനിന്നു വന്നത്. സഭയിലെ പുരോഹിതന്മാരിൽ മുമ്പ് യേശുവിന്റെ മുമ്പിലുണ്ടായിരുന്ന പുരോഹിതന്മാരെ കണ്ടത് എനിക്കു വിശ്വാസപരിശീലനം ലഭിയ്ക്കാഞ്ഞതുകൊണ്ടായിരിക്കണം. പുരോഹിതന്മാർ തെറ്റുചെയ്താൽ അതു പുതപ്പിട്ടുമൂടാനുള്ള പരിശീലനം ലഭിക്കാത്തതുകൊണ്ട്, തെറ്റു ചൂണ്ടിക്കാട്ടി ആ തെറ്റുകൾ അവർ ആവർത്തിക്കാൻ ഇടവരരുത് എന്നു ചിന്തിക്കുന്നു.

കുറ്റാരോപിതനായ മേൽപ്പട്ടക്കാരനെ മാറ്റിനിറുത്താനുള്ള വിവേകം സഭാതലവന് ഉണ്ടാകാൻ പ്രാർഥിച്ചതുകൊണ്ടുമാത്രമായില്ല; പ്രവർത്തിക്കാനും സഭാംഗങ്ങൾക്കു കടമയുണ്ട്. അതിനു സ്വബോധം പൗരോഹിത്യത്തിന് അടിമപ്പെടുത്തിയവർ ഒഴികെയുള്ളവരിലേക്ക് ഈ സന്ദേശം എത്തിക്കേണ്ടതുണ്ട്. ആ നിലയിലാണ് പ്രസ്തുത വീഡിയോ ഞാൻ എന്റെ സുഹൃത്തിനു ഫോർവേഡ് ചെയ്തു നല്കിയത്. അദ്ദേഹത്തിന്റെ പ്രതികരണത്തിൽ നിന്ന്, സ്വയം ➤

എന്റെ സുഹൃത്ത് എനിക്കയച്ച കത്ത്

പ്രിയ സണ്ണീ,

സഭയെയും ഈശോയെയും കളിയാക്കുന്ന സംസാരം ഞാൻ ഇഷ്ടപ്പെടുന്നില്ല. അങ്ങ് കരുതുന്നുണ്ടാവും അങ്ങ് പൂർണനാണെന്ന്. അതിനു പറയുന്ന വാക്കാണ് അഹങ്കാരം. മാർപ്പാപ്പമാർ വ്യഭിചരികളായിരുന്നവർ സഭയിൽ ഉണ്ടായിരുന്നു; എന്നിട്ടും ഇന്നും സഭ നിലനിൽക്കുന്നു. എന്നുപറഞ്ഞാൽ സഭയെ കൊണ്ടുപോകുന്നത് പരിശുദ്ധാത്മാവാണ്, മനുഷ്യൻ അല്ല. അങ്ങയുടെ മനസ്സിൽ അങ്ങ് ദൈവത്തെക്കാൾ വലിയവനും, അറിവുള്ളവനും ആണെന്ന് ഒരു തോന്നലുണ്ടാവും, എനിക്ക് അതില്ല. എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ.

ഡിസംബർ ലക്കം മുഖക്കുറി – ഒരു വീക്ഷണം (ഭാഗം 4)



റവ. ഡോ. വത്സൻ തമ്പു
ഫോൺ: 8848339230

മതം എന്ന വിഷയത്തെ വേണ്ടത്ര ആഴത്തിൽ പരിശോധിച്ചാൽ, പൗരോഹിത്യവും മതവും പരസ്പര വിരുദ്ധമാണെന്ന് കണ്ടെത്താനാകുമെന്ന് സത്യജ്വാല എഡിറ്റർ അനുമാനിക്കുന്നു. എന്നാൽ, എന്റെ അനുഭവം നേരേമറിച്ചാണ്. പൗരോഹിത്യം മതത്തിലുണ്ടായ ഒരു ചെറിയ വ്യതിചലനമാണെന്നു വിശ്വസിച്ചിരുന്ന ഒരു കാലം എനിക്കുണ്ടായിരുന്നു. എല്ലാ മതങ്ങളുടെയും തേജോമയമായ കാതൽ ആത്മീയമൂല്യങ്ങളും ആദർശങ്ങളും ആയിരിക്കേ, എന്തുകൊണ്ട് നാം അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പുരോഹിതരിൽനിന്ന് മാറിനിൽക്കുകയും ചെയ്യുന്നില്ല? എന്നാൽ ഇത് എന്നിൽ മറ്റൊരു ചോദ്യം ഉയർത്തുന്നു: അങ്ങനെയെങ്കിൽ, ഞാനെന്തിന് ഒരു സംഘടിതമതത്തിന്റെ ഭാഗമാകണം? പുരോഹിതരും മഹാപുരോഹിതരും ആധിപത്യം പുലർത്തുന്ന ഔപചാരികമതത്തിന്, അതുമായി ബന്ധപ്പെട്ട മൂലമതത്തിന്റെ ആത്മീയകാതൽ അട്ടിമറിക്കുന്നതിലാണു താല്പര്യമെങ്കിൽ, അതിന്റെ ഭാഗമാകുന്നതിൽ എന്തർത്ഥമാണുള്ളത്? ഈ കപടനാടകത്തിന്റെ പരിവൃത്തിക്കുള്ളിൽ ഒരു പ്രേതത്തെപ്പോലെ എന്തിനു നിലകൊള്ളണം?

സ്നേഹം, സത്യം, നീതി, അനുകമ്പ തുടങ്ങിയ ആത്മീയമൂല്യങ്ങൾ പ്രാവർത്തികമാക്കാൻ എനിക്കും നിങ്ങൾക്കും ഒരു പുരോഹിതമധ്യസ്ഥതയുടെയും ആവശ്യമില്ല. എനിക്കും നിങ്ങൾക്കും ഇക്കാര്യത്തിൽ വൈദികരിൽനിന്ന് വളരെ അപൂർവ്വമായിമാത്രമേ എന്തെങ്കിലും സഹായം ലഭിച്ചിട്ടുള്ളൂ. മറുവശത്ത്, കാലാകാലങ്ങളിൽ അവ ലംഘിക്കാനുള്ള എണ്ണമറ്റ പ്രേരണകൾക്ക് നമ്മൾ വശംവദരായിട്ടുണ്ട്. ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ടതില്ല; മുസ്ലീം സമുദായത്തെ സാമ്പത്തികമായി ബഹിഷ്കരിക്കാനും നമ്മുടെ പെൺകുട്ടികളുമായി ബന്ധപ്പെട്ട് ഹിന്ദു (ഈഴവ) യുവാക്കളെ സംശയത്തോടെ വീക്ഷിക്കാനും അടുത്തിടെ പുറപ്പെടുവിച്ച ഉദ്ബോധനം ഓർത്താൽമാത്രം മതിയാവും. ഈ ഉദ്ബോധനങ്ങളിലെ സത്യമില്ലായ്മയെക്കുറിച്ച് നമ്മുടെ വൈദികരെയും ബിഷപ്പുമാരെയും ബോധ്യപ്പെടുത്താൻ കഴിയുമെന്ന് വിചാരിക്കുന്നുവെങ്കിൽ, നിങ്ങൾ ഒരു അസാമാന്യ നിഷ്കളങ്കനായിരിക്കണം.

എല്ലാ മതങ്ങളുടെയും തേജോമയമായ കാതൽ ആത്മീയമൂല്യങ്ങളും ആദർശങ്ങളും ആയിരിക്കേ, എന്തുകൊണ്ട് നാം അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പുരോഹിതരിൽനിന്ന് മാറിനിൽക്കുകയും ചെയ്യുന്നില്ല? എന്നാൽ ഇത് എന്നിൽ മറ്റൊരു ചോദ്യം ഉയർത്തുന്നു: അങ്ങനെയെങ്കിൽ, ഞാനെന്തിന് ഒരു സംഘടിതമതത്തിന്റെ ഭാഗമാകണം?

മൂല്യങ്ങൾ പ്രാവർത്തികമാക്കാൻ, 'നാം ദൈവത്തിൽ വസിക്കുന്നു, ദൈവം നമ്മിൽ വസിക്കുന്നു' എന്ന ഉൾക്കാഴ്ച ഉണ്ടായാൽമാത്രംമതി. ദൈവവുമായുള്ള ബന്ധത്തിൽ ഇടനിലക്കാർക്ക് യാതൊരു പ്രസക്തിയുമില്ല; അവർ ഒരു തടസ്സമാണ്. എന്റെ ദൈവം പള്ളികളിൽ ഒതുങ്ങുന്നില്ല. പുരോഹിതരുടെ താളത്തിനൊത്ത് അദ്ദേഹം നൃത്തം ചെയ്യുന്നില്ല. അവൻ പ്രപഞ്ചത്തേക്കാൾ വലിയവനാണ്. എന്റെ ഹൃദയത്തെ ശുദ്ധമാക്കി, അറിയപ്പെടാത്തതും സങ്കൽപ്പിക്കപ്പെടാത്തതുമായ അനന്തസാധ്യതകളിലേക്ക് എന്റെ മനസ്സ് തുറന്നുകൊണ്ട്, ഭയത്തോടെയും വിറയലോടെയുംവേണം അവനുമായി ബന്ധപ്പെടാൻ. എന്റെ

➢ എത്രത്തോളം അദ്ദേഹം പൗരോഹിത്യനിന് അടിമപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാണ്. സഭയുടെ അഭിനവ പോരാളികൾ വിമർശിക്കുന്നവരെ വ്യക്തിപരമായി ആക്രമിക്കുന്ന സ്വഭാവം പൊതുവിൽ കാണിക്കുന്നു. ഇത്തരം അടിമമനസ്സുള്ളവർ കൂടിവരുന്നത് സഭയുടെ അടിത്തറ തകരാൻ കാരണമാകുന്നു. ഇപ്രകാരം യേശുവിനെ അറിയാതെ വിശ്വാസപരിശീലനം നേടിയവരാണ്, ഇവിടുത്തേതിലും വലിയ വിശ്വാസം അന്യമതത്തിൽ കണ്ട് സിറിയായിലുംമറ്റും എത്തിപ്പെടുന്നത്.

വിശ്വാസികളെ എങ്ങനെ അനുസരണയുള്ള ആടുകളാക്കി, അവരെ ഇടയൻ ചമഞ്ഞു മേയിക്കാമെന്ന് പഠിപ്പിക്കുന്ന സെമിനാരിയിലെ പഠനക്രമവും, സ്വതന്ത്രമായി ചിന്തിക്കാനുള്ള കഴിവ് ഇല്ലാതാക്കി വിശ്വാസികളെ വെറും ആടുകളാക്കി മാറ്റുന്ന വിശ്വാസപരിശീലനവും നിർത്തിയാലേ നമ്മുടെ സഭയ്ക്ക് യേശുക്രിസ്തുവിലേക്ക് മടങ്ങിപ്പോകാൻ സാധിക്കുകയുള്ളൂ. ●

ദൈവം സിദ്ധാന്തപ്പിടിവാശികളിലും സങ്കുചിതമായ മുൻവിധികളിലും തടവിലാക്കപ്പെട്ടിട്ടില്ല. അവൻ ലോകത്തിലെ എല്ലാ പുരോഹിതന്മാരേക്കാളും മഹാപുരോഹിതന്മാരേക്കാളും വലിയവനാണ്. ആ ദൈവത്തോടൊപ്പം നടക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ, എന്റെമേൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്ന സങ്കുചിതമായ ചങ്ങലകളിൽ നിന്ന് ഞാൻ എന്നെത്തന്നെ മോചിപ്പിക്കണമെന്നത് വ്യക്തമാണ്. അല്ലെങ്കിൽ എനിക്കെങ്ങനെയാണ് ദൈവത്തിന്റെ ഒരു കുഞ്ഞാകാൻ കഴിയുന്നത്?

'മതം', 'പുരോഹിതമതം' എന്നിവ തമ്മിലുള്ള വ്യത്യാസം കേവലം അക്കാദമികമാണ്. പ്രായോഗികമായി രണ്ടും ഒന്നാണ്, വേർതിരിക്കാൻ ആവാത്തതാണ്. അല്ലെങ്കിൽ, പുരോഹിതരില്ലാത്ത മതവും മതമല്ലാതെ മറ്റെന്താണ്? അങ്ങനെയൊന്ന് ഒരിക്കലും സംഭവിച്ചിട്ടില്ലതാനും. ക്രിസ്തുയേശുവിലൂടെ, അവനിലൂടെമാത്രം, നാം ദൈവത്തെ അനുഗമിക്കുന്നെങ്കിലല്ലാതെ അങ്ങനെയൊന്ന് തുടർന്നും നിലവിൽ വരാൻ സാധ്യതയില്ല.

ശരിയാണ്, 'പുരോഹിതരില്ലാത്ത' മതത്തെക്കുറിച്ച് സങ്കൽപ്പിക്കാൻ കഴിയുന്ന ഒരു അവസ്ഥയുണ്ട്. അത്, മതം എല്ലാ വിശ്വാസികളുടെയും പൗരോഹിത്യത്തിനുകീഴിൽ വരുമ്പോഴാണ്. ഓർക്കുക, അത്തരം ഒരു സഭയോ മതമോ എങ്ങനെയായിരിക്കുമെന്നോ അത് എങ്ങനെ പ്രവർത്തിക്കുമെന്നോ പത്രോസ് ഒരക്ഷരംപോലും പറയുന്നില്ല. ഒരു കാര്യം തീർത്തും ഉറപ്പാണ് – അത് സംഘടിതക്രിസ്തുമതവുമായി ബന്ധപ്പെട്ടതല്ല. അത് പത്രോസിന്റെ കാലത്ത് വിഭാവനം ചെയ്തിരുന്നതുമല്ല. റോമിന്റെ ബിഷപ്പ് ആകേണ്ടി വന്നില്ല എന്നതിൽ പത്രോസ് ദൈവത്തോട് നിരന്തരം നന്ദിപറയുകയും അവിടുത്തെ സ്തുതിക്കുകയും ചെയ്യുന്നുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ക്രിസ്ത്യൻ സമൂഹത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങളുമായി ബന്ധപ്പെട്ട് തുടർന്നുകൊണ്ടേയിരിക്കേണ്ട ഒരു സംവാദത്തിന് തുടക്കംകുറിക്കേണ്ടതുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

1. യേശുവിന്റെ 'വഴി'ക്ക് ശ്രേണീബദ്ധമായ അധികാരഘടനയോടുകൂടിയ ഒരു ഔപചാരിക സംഘടിത മതസ്ഥാപനമാകാൻ കഴിയുന്നതെങ്ങനെ?

2. യേശുവിന്റെ പഠിപ്പിക്കലുകൾ ഒരു മതമെന്ന നിലയിൽ ഔപചാരികമാക്കപ്പെടുമ്പോൾ, ആത്മീയമായ വികലമാക്കൽ പ്രക്രിയ ഒഴിവാക്കാൻ ആകുമോ? വിട്ടുവീഴ്ച ചെയ്യേണ്ടിവരുകയോ ആത്മീയതയെ ആകെമൊത്തം ഉപേക്ഷിക്കേണ്ടിവരുകയോ ചെയ്യില്ലേ?

3. പൗരോഹിത്യത്തെ ആത്മീയമായി സാധുതയുള്ള ഒന്നായി യേശു അംഗീകരിക്കാതിരുന്നിട്ടുപോലും, അതെങ്ങനെയാണ് ഉയർന്നുവന്ന് ക്രിസ്ത്യാനിറ്റിയുടെ പൂർണ്ണ നിയന്ത്രണം ഏറ്റെടുത്തത്?

ഇത്തരം ചോദ്യങ്ങളിൽ ഒരു സംഭാഷണത്തിനോ തുറന്ന മനസ്സോടെയുള്ള ഒരു സംവാദത്തിനോ തിരശ്ശീലയുയർത്താനുദ്ദേശിച്ചാണ് ഈ പ്രതികരണത്തിൽ ഞാൻ എന്റെ വാദമുഖങ്ങൾ രൂപപ്പെടുത്തുകയും അവതരിപ്പിക്കുകയും ചെയ്യുന്നത്.

ജർമൻ ആത്മീയ ചിന്തകനും ഹിറ്റ്ലറുടെ ഇരയായി തടങ്കൽപ്പാളയത്തിൽ കിടന്ന ആളുമായ ഡയട്രിച്ച് ബോൺഹെഫർ (Dietrich Bonheoffer), ഒരു പള്ളിരഹിത ക്രിസ്തുമതത്തിനായി വാദിച്ചിരുന്നു. അത് പുരോഹിതരില്ലാത്ത ക്രിസ്ത്യാനിറ്റിയേക്കാൾ വിവേകപൂർണവും പ്രാപ്യവുമാണ്. പുരോഹിതരില്ലാത്ത സഭ അസാധ്യമാണ്. എങ്കിലും, പുരോഹിതരില്ലാത്ത ക്രിസ്തുമതത്തെ ഒരു ആദർശമായി സങ്കൽപിക്കാവുന്നതേയുള്ളൂ. ആളുകൾ വ്യക്തികളായും ചെറിയ ഗ്രൂപ്പുകളായും അനൗപചാരിക തലത്തിൽ അടിസ്ഥാന സഭാസമൂഹങ്ങ (Basic Ecclesial Communities - BECs) ളായി യേശുക്രിസ്തുവിലേക്ക് മടങ്ങുന്ന പ്രക്രിയയാണ് യാഥാർത്ഥ്യമാക്കാൻ കഴിയുന്നത്.

എന്നെ സംബന്ധിച്ചിടത്തോളം, നമ്മുടെ കഴുത്തിൽനിന്ന് അടിച്ചമർത്തലിന്റെ നികൃഷ്ടമായ പുരോഹിതനുകം

മൂല്യങ്ങൾ പ്രാവർത്തികമാക്കാൻ, 'നാം ദൈവത്തിൽ വസിക്കുന്നു, ദൈവം നമ്മിൽ വസിക്കുന്നു' എന്ന ഉൾക്കാഴ്ച ഉണ്ടായാൽമാത്രംമതി. ദൈവവുമായുള്ള ബന്ധത്തിൽ ഇടനിലക്കാർക്ക് യാതൊരു പ്രസക്തിയുമില്ല; അവർ ഒരു തടസ്സമാണ്. എന്റെ ദൈവം പള്ളികളിൽ ഒതുങ്ങുന്നില്ല. പുരോഹിതരുടെ താളത്തിനൊത്ത് അദ്ദേഹം നൃത്തം ചെയ്യുന്നില്ല. അവൻ പ്രപഞ്ചത്തേക്കാൾ വലിയവനാണ്.

വലിച്ചെറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധത്തിൽ, പശ്ചാത്തപിച്ച് സ്വഗൃഹത്തിലേക്ക് തിരിച്ചെത്തിയ ഉപമയിലെ ധൂർത്തപുത്രനെപ്പോലെ, യേശുവിലേക്ക് മടങ്ങിവരുന്ന തരത്തിലുള്ള ഒരു ക്രിയാത്മകലക്ഷ്യം നാം ഏറ്റെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ, അതു നമ്മെ എവിടേക്കും നയിക്കില്ല.

അതുതന്നെയാണ് നല്ല വാർത്തയും; നമുക്ക് തിരിച്ചുവരാൻ ഒരു വീടുണ്ട്. അതിന്റെ വാതിലുകൾ വിശാലമാണ്. സ്വീകരണത്തിന് വിരുന്ന് ഒരുങ്ങിയിരിക്കുന്നു. അന്തരീക്ഷത്തിൽ അതിന്റെ സുഗന്ധം തങ്ങിനിൽക്കുന്നു...

പൗരോഹിത്യ നുഴഞ്ഞുകയറ്റത്തിനും അഴിമതിക്കും ഇത്രമേൽ സാധ്യതയുള്ള ഒന്നാണ് മതമെങ്കിൽ, അതെന്തുകൊണ്ടുണ്ടായി എന്ന് നിങ്ങൾ ചോദിച്ചേക്കാം. മതം അനാവശ്യവും നിർഭാഗ്യകരമായ ഒരു കാര്യമാണെന്നാണോ ഞാൻ പറയുന്നത്? തീർച്ചയായും അല്ല. മതത്തിന് ജീവിതത്തിൽ വളരെ ഉപകാരപ്രദമായി, അഗാധമായി പങ്കുവഹിക്കാൻ കഴിയുമെന്ന എഡിറ്ററുടെ അഭിപ്രായത്തോട് എനിക്കും യോജിപ്പാണുള്ളത്. മതപരമായ ശൂന്യതയിൽ നിലകൊള്ളുന്നത് ഒട്ടും അഭികാമ്യമല്ല. ഏറ്റവും കുറഞ്ഞത്, അത് മനുഷ്യജീവിതത്തിന്റെ സാമൂഹികമാനത്തെ ദരിദ്രമാക്കും. സഭ ശരിക്കും യേശുക്രിസ്തുവിന്റെ ശരീരമായി വർത്തിക്കുമെങ്കിൽ അതൊരു മഹാ അനുഗ്രഹമാകും. 'യേശുക്രിസ്തുവിന്റെ ശരീരം' എന്നതിന്റെ ശരിയായ അർത്ഥം ഇവിടെ ഗ്രഹിക്കേണ്ടതുണ്ട്.

ശരീരം എന്ന വാക്ക് അതിന്റെ യഹൂദ അർത്ഥത്തിൽ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു. യേശുവിന്റെ വ്യക്തിത്വത്തെ സന്ദർഭങ്ങൾക്കനുസരിച്ച് അവതരിപ്പിക്കുക എന്നതാണ് സഭയുടെ നിയോഗം. സഭയെക്കുറിച്ച് ബോധവാന്മാരാകുകയോ അതുമായി ബന്ധപ്പെടുകയോ ചെയ്യുന്നവർക്കു യേശുവിനെ അനുഭവിക്കാനാകണം.

ജീവിതത്തിന്റെ പൂർണതയിലേക്കുള്ള വിളിയാണ് യേശു. ഓരോ മനുഷ്യനും നൽകപ്പെട്ടിരിക്കുന്ന സാധ്യതകളുടെ പൂർണതയിലേക്കു വളരാനുള്ള ഓരോരുത്തരുടെയും കടമയാണ് ഇവിടെ മുഖ്യമായി വരുന്നത്. ദൈവം അവന്റെ നീതിയിൽ, കഴിവുകൾ ഒരു വ്യക്തിയിലോ തെരഞ്ഞെടുത്ത ചിലരിലോ കേന്ദ്രീകരിക്കുന്നില്ല. കഴിവില്ലാത്തവരായി ആരുമില്ല. ഓരോ വിശ്വാസിയും ഒന്നു സങ്കൽപ്പിച്ചു നോക്കുക: താൻ യേശുവിലും യേശു തന്നിലും വസിച്ചുകൊണ്ട് തന്റെ വ്യക്തിപരമായ പൂർണത കൈവരിക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം, നമ്മുടെ കഴുത്തിൽനിന്ന് അടിച്ചമർത്തലിന്റെ നികൃഷ്ടമായ പുരോഹിതനുകം വലിച്ചെറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധത്തിൽ, പശ്ചാത്തപിച്ച് സ്വഗൃഹത്തിലേക്ക് തിരിച്ചെത്തിയ ഉപമയിലെ ധൂർത്തപുത്രനെപ്പോലെ, യേശുവിലേക്ക് മടങ്ങിവരുന്ന തരത്തിലുള്ള ഒരു ക്രിയാത്മകലക്ഷ്യം നാം ഏറ്റെടുക്കേണ്ടതുണ്ട്.

ആ അവസ്ഥയിൽ ഒരു വ്യക്തി വെളിച്ചമായി മാറുന്നു. അത്തരം വ്യക്തികളുടെ കൂട്ടായ്മ എന്ന നിലയിൽ സഭ വിളക്കുകളുടെ ഒരു ദീപാവലിയായി മാറുന്നു. അങ്ങനെയുള്ള ഒരു സ്വപ്നംമാത്രമാണ്, ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിന്റെ ശരീരം. ഇതിലും കുറഞ്ഞ എന്തിനെയും – ആളുകളെ വ്യക്തിപരമായി അതിസാധാരണത്വത്തിലും ആത്മീയമരവിപ്പിലുമാക്കി തളർത്തുന്ന ഏത് പദ്ധതിയെയും – മറ്റേതെങ്കിലും വാക്കോ ശൈലിയോ ഉപയോഗിച്ചാണ് വിളിക്കേണ്ടത്.

ശാശ്വതമായിത്തന്നെ വിശ്വാസികളുടെ വളർച്ചയെ മുരടിപ്പിക്കുന്നതിനും അവരെ ആത്മീയമായി തളർത്തുന്നതിനുമുള്ള നിക്ഷിപ്തതാല്പര്യം പുരോഹിതവർഗ്ഗത്തിനുണ്ട്. സർവ്വസാധാരണത്വത്തിന്റെ യും കാപട്യത്തിന്റെയും മൂർത്തഭാവങ്ങളുൾക്കൊണ്ടുകൊണ്ട്, അവർ തങ്ങളുടെ ജാതി-വർഗ്ഗതാൽപര്യങ്ങൾ സംരക്ഷിക്കുന്നത് അല്മായ സമൂഹത്തിന്റെ മധ്യവർത്തിത്വത്തെയും ആത്മീയവൈകല്യത്തെയും കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. അതുകൊണ്ടാണ്, മതപരമായ അപകർഷതാബോധം അനുഭവിക്കുന്ന പുരോഹിതർക്ക് അൽമായരുടെമേൽ തങ്ങളുടെ ആധിപത്യം അടിച്ചേൽപ്പിക്കാനും ശാശ്വതമാക്കാനുമുള്ള ഞരമ്പുരോഗപരമായ ആവശ്യം (neurotic need) ഉണ്ടാകുന്നത്. അത്യാഗ്രഹസംബന്ധിയായ മനശ്ശാസ്ത്രത്തിലെ നിയന്ത്രണ – ഓറിയന്റേഷൻ പ്രശ്നങ്ങളാണവ. അത്യാഗ്രഹം പണത്തോടുള്ള സ്നേഹത്താൽ ജനങ്ങളോടുള്ള സ്നേഹത്തെ മാറ്റിക്കളയുന്നു. പുരോഹിതമതങ്ങളുടെ കേന്ദ്രസിദ്ധാന്തം, ദൈവത്തിന്റെയും ദൈവപ്രീതിയുടെയും വിൽപനയാണ്; അതിന്റെ അംഗീകൃത ഏജന്റുമാരും വിതരണക്കാരും പുരോഹിതരാണ്.

അക്കൂട്ടരുടെ മതബോധത്തിന് ആത്മീയതയുടെ വെളിച്ചം ഉൾക്കൊള്ളാൻ കഴിയില്ല. തന്മൂലം, ആ മതബോധം കൂലിക്കാരായ പുരോഹിതരെ ഛർദ്ദിച്ചിടുന്നു. അവർ ആട്ടിൻകൂട്ടത്തിന്റെ ഇടയന്മാരായി നടിക്കുകയും ചെയ്യുന്നു. അത്, അവർ ആടുകളെ സ്നേഹിക്കുന്നതുകൊണ്ടല്ല; മറിച്ച്, അവരുടെ ഉപജീവനത്തിനും സാമൂഹികപദവി ഉയർത്തിപ്പിടിക്കുന്നതിനുമുള്ള മാർഗ്ഗം അതായതുകൊണ്ടാണ്.

(അവസാനിച്ചു.)

പ്രതികരണം ***എഡിറ്റർ***

വത്സൻ തമ്പു സാറിന്റെ സുദീർഘമായ പ്രതികരണ ലേഖനത്തിന്റെ ഈ അവസാനഭാഗത്ത് കുറെ അവ്യക്തതകളും പരസ്പരവൈരുദ്ധ്യങ്ങളും കടന്നുകൂടിയതായി അനുഭവപ്പെടുന്നു. 'എല്ലാ മതങ്ങളുടെയും തേജോമയമായ കാതൽ ആത്മീയമൂല്യങ്ങളും ആദർശങ്ങളുമാണ്' എന്നും, 'പുരോഹിതമതങ്ങളുടെ കേന്ദ്രസിദ്ധാന്തം, ദൈവത്തിന്റെയും ദൈവപ്രീതിയുടെയും വിൽപ്പനയാണ്' എന്നും, 'അതിന്റെ അംഗീകൃത ഏജന്റുമാരും വിതരണക്കാരും പുരോഹിതരാണ്' എന്നുമെല്ലാം അദ്ദേഹം പറയുന്നുണ്ട്. അങ്ങനെ ഇവിടെ, അദ്ദേഹംതന്നെ യഥാർത്ഥ മതങ്ങളെയും പുരോഹിത മതങ്ങളെയും കൃത്യമായി വ്യവച്ഛേദിച്ച് കാണിച്ചിരിക്കുന്നുവെന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കാരണം, കാതലിൽ അഥവാ ഉള്ളടക്കത്തിൽ, വിരുദ്ധധ്രുവങ്ങളിലായ യഥാർത്ഥ മതങ്ങളെയും പുരോഹിതമതങ്ങളെയും വേർതിരിച്ചു കാണേണ്ടതുണ്ട് എന്നതുമാത്രമായിരുന്നുവല്ലോ, 2021 ഡിസംബർ ലക്കം മുഖക്കുറിയിൽ ഞാൻ വാദിച്ചത്. 'പുരോഹിതരും മഹാപുരോഹിതരും ആധിപത്യം പുലർത്തുന്ന ഔപചാരികമതത്തിന്, അതുമായി ബന്ധപ്പെട്ട മൂലമതത്തിന്റെ ആത്മീയകാതൽ അട്ടിമറിക്കുന്നതിനാണ് താല്പര്യം' എന്ന അദ്ദേഹത്തിന്റെ പരാമർശത്തിലും, 'ഔപചാരികമത'ത്തെയും 'മൂലമത'ത്തെയും അദ്ദേഹം വേർപ്പെടുത്തിത്തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്. 'പൗരോഹിത്യത്തെ ആത്മീയസാധുതയുള്ള ഒന്നായി യേശു അംഗീകരിക്കാതിരുന്നിട്ടുപോലും, അതെങ്ങനെയാണ് ഉയർന്നുവന്ന് ക്രിസ്ത്യാനിറ്റി യുടെ പൂർണ്ണനിയന്ത്രണം ഏറ്റെടുത്തത്' എന്നദ്ദേഹം ചോദിക്കുമ്പോഴും, യേശുവിന്റെ 'വഴി'(മതം)യും നിലവിലുള്ള ക്രൈസ്തവ പുരോഹിത മതവുംതമ്മിലുള്ള വേർതിരിവും വൈരുദ്ധ്യവുംതന്നെയാണ് അദ്ദേഹം എടുത്തുകാട്ടുന്നത്.

ഇതിലൂടെയെല്ലാം, ഞാൻ സമർത്ഥിക്കാൻ ശ്രമിച്ചിരുന്ന വാദമുഖത്തെ അദ്ദേഹം ഊട്ടിയുറപ്പിക്കുമ്പോൾത്തന്നെ, മറുവശത്ത് നേർവിരുദ്ധമായ വാദങ്ങളും അദ്ദേഹം ഉയർത്തിയിരിക്കുന്നുവെന്നതുകൊണ്ടാണ്, അദ്ദേഹത്തിന്റെ ഈ ലേഖനഭാഗത്ത് അവ്യക്തതയും പരസ്പരവൈരുദ്ധ്യവും കടന്നു കൂടിയിട്ടില്ലേ എന്നു ഞാൻ സംശയിക്കുന്നത്. അതായത്, യഥാർത്ഥ മതവും പുരോഹിതമതവും

പരസ്പരവിരുദ്ധമാണെന്നു സമർത്ഥിച്ച അദ്ദേഹംതന്നെ, 'മതം', 'പുരോഹിത മതം' എന്നിവതമ്മിലുള്ള വ്യത്യാസം കേവലം അക്കാദമികമാണെ'ന്നും, 'പ്രയോഗികമായി രണ്ടും ഒന്നാണെ'ന്നും, 'വേർതിരിക്കാനാവാത്തതാണെ'ന്നും, 'പുരോഹിതരില്ലാത്ത മതവും മതമല്ലാതെ മറ്റൊന്നുമല്ലെ'ന്നും, 'അങ്ങനെയൊന്ന് ഒരിക്കലും നിലനിന്നിട്ടില്ലെ'ന്നുമൊക്കെ അതേ ശ്വാസത്തിൽ വാദിച്ചിരിക്കുന്നു! യഥാർത്ഥ മതത്തെയും പുരോഹിതമതത്തെയും അവയുടെ വ്യത്യസ്ത ഉള്ളടക്കങ്ങളെയുംപറ്റി കൃത്യമായി വേർതിരിച്ചു കാട്ടിത്തന്നതിനുശേഷം, അവ രണ്ടും ഒന്നാണെന്നും വേർതിരിക്കാനാവാത്തതാണെന്നും പറയുന്നത് എങ്ങനെ എന്ന് ഞാൻ അത്ഭുതപ്പെടുന്നു.

പുരോഹിതരില്ലാത്ത ഒരു മതം ഒരിക്കലും നിലനിന്നിട്ടില്ല എന്ന് പറഞ്ഞ ഉടനെതന്നെ, 'ക്രിസ്തുയേശുവിലൂടെ, അവനിലൂടെമാത്രം, നാം ദൈവത്തെ അനുഗമിക്കുന്നുവെങ്കിലല്ലാതെ, അങ്ങനെയൊന്ന് (പുരോഹിതരഹിത മതം) തുടർന്നും നിലവിൽ വരാൻ സാധ്യതയില്ല' എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു! അതിനർത്ഥം, ക്രിസ്തുയേശുവിലൂടെ അങ്ങനെയൊന്ന് സാധ്യമാണെന്നുതന്നെയാണല്ലോ. അങ്ങനെ, 'മതം', 'പുരോഹിതമതം' എന്നിവതമ്മിലുള്ള വ്യത്യാസം കേവലം അക്കാദമികമല്ല എന്ന് അദ്ദേഹംതന്നെ സ്ഥാപിക്കുകയാണ് ഇവിടെ.

വിഷയത്തോട് നേരിട്ട് ബന്ധമില്ലെങ്കിലും, അദ്ദേഹത്തിന്റെ 'ക്രിസ്തുയേശുവിലൂടെമാത്രം' എന്ന നിഷ്കർഷയോടു തോന്നിയ ഒരു അഭിപ്രായവ്യത്യാസംകൂടി ഇവിടെ പ്രകടിപ്പിക്കുകയാണ്. 'യേശുവിലൂടെമാത്രം' എന്ന നിലപാട് ഒരുതരം മൗലികവാദമല്ലേ എന്നതാണ് ചോദ്യം. 'ദൈവവുമായുള്ള ബന്ധത്തിൽ ഇടനിലക്കാർക്ക് യാതൊരു പ്രസക്തിയുമില്ല' എന്ന് തമ്പു സാർതന്നെ പറഞ്ഞിരിക്കേ, 'ക്രിസ്തുയേശുവിലൂടെമാത്രമേ ദൈവത്തെ അനുഗമിക്കാനാവൂ' എന്ന വാദത്തിന്റെ പ്രസക്തിയെന്താണ്? അതിലൂടെ യേശുവിനെ ഒരു ഇടനിലക്കാരനാക്കുകയല്ലേ അദ്ദേഹം ചെയ്യുന്നത്? ദൈവികതയിലെത്താൻ, മനുഷ്യർക്ക് വഴികാട്ടികളായ ഗുരുക്കന്മാരുടെ ആവശ്യം ഉണ്ടാകാം. പക്ഷേ, മുഴുവൻ മനുഷ്യർക്കുമായി ക്രിസ്തുയേശുവെന്ന ഒരേയൊരു വഴികാട്ടിയേ ഉള്ളൂ എന്നു പറയുമ്പോൾ, അതിലൂടെ മറ്റ് ആധ്യാത്മികഗുരുഭൂതരെയെല്ലാം നിഷേധിക്കുകയല്ലേ ചെയ്യുന്നത്? പുരോഹിതക്രിസ്തുമതത്തിന്റെ, 'യേശു ഏക രക്ഷകൻ' എന്ന മതമൗലികവാദമുദ്രാവാക്യത്തിന്റെ ആവർത്തനമല്ലേ, അത്? 'മൂല്യങ്ങൾ പ്രാവർത്തികമാക്കാൻ (യഥാർത്ഥ മതം ആചരിക്കാൻ) നാം ദൈവത്തിൽ വസിക്കുന്നു; ദൈവം നമ്മിൽ വസിക്കുന്നു' എന്ന ഉൾക്കാഴ്ച ഉണ്ടായാൽ മാത്രംമതി' എന്നു പഠിപ്പിക്കുന്ന വത്സൻ തമ്പു സാറിലൂടെപ്പോലും, ഒരാൾക്ക് ദൈവത്തെ അനുഗമിക്കാനാകും എന്നതല്ലേ വാസ്തവം?

ഇത്തരം അവ്യക്തതകളുടെയും പരസ്പരവൈരുദ്ധ്യങ്ങളുടെയുമെല്ലാം മൂലകാരണം, മതത്തെയും പുരോഹിതമതത്തെയും സൂക്ഷ്മമായി വേർതിരിച്ചു കാണാൻ ശ്രമിക്കാത്തതാണ് എന്നാണ് എന്റെ എളിയ അഭിപ്രായം. അവയെ വേർതിരിച്ചു കാണാൻ കഴിഞ്ഞാൽ, മനുഷ്യന് അനുഗ്രഹമായി ലഭിച്ച വിശേഷബുദ്ധിയുടെ സർഗ്ഗാത്മക കൊടുമുടിയിൽനിന്നുള്ള മനുഷ്യന്റെ സമഗ്രദർശനമാണു മതമെന്നും, പുരോഹിതമതം ഈ സർഗ്ഗാത്മക പർവ്വതാരോഹണത്തിൽനിന്ന് മനുഷ്യനെ വിലക്കുന്ന മതവിരുദ്ധ പ്രസ്ഥാനമാണെന്നും കാണാനാകും; മതത്തിന് ഒരിക്കലും ഒരു സംഘടിതശക്തിയാകാൻ ആവില്ലെന്നും, അത് വ്യക്തികളിൽ ഉൽപ്പാദിപ്പിക്കുന്ന മൂല്യങ്ങളുടെ സാമൂഹിക ഫലമായി ഉണ്ടാകുന്ന കൂട്ടായ്മാസമൂഹം സ്നേഹോദാരശൈലിയിലുള്ളതായിരിക്കും എന്നുകൂടി നമുക്ക് കാണാനാവും. ഇതിനുദാഹരണമായി, അപ്പോ. പ്രവ. 2: 44 മുതൽ 47 വരെയുള്ള വാക്യങ്ങളിലെ ആദിമസഭയുടെ ചിത്രം നമുക്കുമുമ്പിൽ തെളിഞ്ഞു നിൽപ്പുണ്ട്. ആദിമസഭ പുരോഹിതരഹിതമായിരുന്നുവെന്ന വസ്തുതകൂടി ഈ ചർച്ചയിൽ എടുത്തു കാണേണ്ടതുണ്ട്.

അതുകൊണ്ട്, നിലവിൽ നാം ആയിരിക്കുന്ന പുരോഹിത ക്രൈസ്തവമതത്തിൽനിന്ന് യേശുവിന്റെ യഥാർത്ഥ മതത്തിലേക്കുള്ള ധീരമായ ഒരു മടങ്ങിപ്പോക്കിനെക്കുറിച്ചാണ് നാമെല്ലാം ഗൗരവമായി ആലോചിക്കേണ്ടത് എന്നാണ് എനിക്കു പറയാനുള്ളത്. വത്സൻ തമ്പു

ഇത്തരം അവ്യക്തതകളുടെയും പരസ്പരവൈരുദ്ധ്യങ്ങളുടെയുമെല്ലാം മൂലകാരണം, മതത്തെയും പുരോഹിത മതത്തെയും സൂക്ഷ്മമായി വേർതിരിച്ചു കാണാൻ ശ്രമിക്കാത്തതാണ് എന്നാണ് എന്റെ എളിയ അഭിപ്രായം. അവയെ വേർതിരിച്ചു കാണാൻ കഴിഞ്ഞാൽ, മനുഷ്യന് അനുഗ്രഹമായി ലഭിച്ച വിശേഷബുദ്ധിയുടെ സർഗ്ഗാത്മക കൊടുമുടിയിൽനിന്നുള്ള മനുഷ്യന്റെ സമഗ്രദർശനമാണു മതമെന്നും, പുരോഹിതമതം ഈ സർഗ്ഗാത്മക പർവ്വതാരോഹണത്തിൽനിന്ന് മനുഷ്യനെ വിലക്കുന്ന മതവിരുദ്ധ പ്രസ്ഥാനമാണെന്നും കാണാനാകും;

സാർതന്നെ, 'പശ്ചാത്തപിച്ച് സ്വഗൃഹത്തിലേക്ക് തിരിച്ചെത്തിയ ഉപമയിലെ ധൂർത്തപുത്രനെപ്പോലെ, യേശുവിലേക്ക് മടങ്ങിവരുന്ന തരത്തിലുള്ള ക്രിയാത്മകമായ ലക്ഷ്യം നാം ഏറ്റെടുക്കേണ്ടതുണ്ട്' എന്ന് ആഹ്വാനംചെയ്തും, അതിനെ ഒരു 'നല്ല വാർത്ത'യായി അവതരിപ്പിച്ചും ഇക്കാര്യം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട് എന്നത് ഏറെ സന്തോഷകരമാണ്.

തുടർന്നുകൊണ്ടേയിരിക്കേണ്ട ഒരു സംവാദത്തിന് തുടക്കംകുറിക്കാനുദ്ദേശിച്ച് വത്സൻ തമ്പു സാർ എഴുതിയ, 4 ലക്കങ്ങൾ നീണ്ട, ഈ ദീർഘപ്രതികരണത്തിന്റെ അനുരണനങ്ങൾക്കായി സത്യജ്വാലയുടെ താളുകൾ നീക്കിവയ്ക്കുന്നു. ●

ഓർമ്മക്കുറിപ്പുകൾ

*[കാപ്പനച്ചൻ തന്റെ അവസാനകാലത്തെഴുതിയ, പൂർത്തിയാക്കാൻ കഴിയാതെപോയ, കുറിപ്പുകൾ. അദ്ദേഹത്തിന്റെ സവിശേഷവ്യക്തിത്വം രൂപപ്പെട്ടതിന്റെ വഴിത്താരകൾ അടയാളപ്പെടുത്തുന്ന ഈ കുറിപ്പുകൾ സമാഹരിച്ച് തയ്യാറാക്കിയത്, **പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം**. അടുത്ത രണ്ട് ലക്കങ്ങൾകൊണ്ട് അവസാനിക്കും.]*

ഫാദർ സെബാസ്റ്റ്യൻ കാപ്പൻ

ഏപ്പോൾ വേണമെങ്കിലും ഉള്ളിൽനിന്നോ പുറത്തുനിന്നോ ഒരു പ്രകോപനവുമില്ലാതെ എനിക്ക് മറ്റൊരു ഹൃദയാഘാതം ഉണ്ടായേക്കാമെന്ന് എന്റെ കാർഡിയോളജിസ്റ്റ് കരുതുന്നു. മരണം ഇപ്പോൾ എന്റെ നിഴൽപോലെ എന്നോടൊപ്പമുണ്ട്, ആരുടെ നിഴലാണോ അയാളെയും തന്നെത്തന്നെയും അനിവാര്യമായും വിഴുങ്ങുന്ന നിഴൽ. സമീപവർഷങ്ങളിൽമാത്രമാണ് ഞാൻ ഈ നിഴലിനെക്കുറിച്ച് ബോധവാനാകുന്നത്. നേരത്തെ എനിക്ക് അതിൽ നിന്ന് ഓടിപ്പോകാമായിരുന്നു; ജോലിയിൽ അഭയം പ്രാപിക്കുകയും എന്റെ ദൗത്യമെന്ന് ഞാൻ കരുതിയതിനെ പിന്തുടരുകയും ചെയ്തുകൊണ്ട്. അജ്ഞാതത്തെക്കുറിച്ചുള്ള ഭയത്താൽ ഞാൻ ഇടയ്ക്കിടെ വിറയ്ക്കുന്നു. എന്നാൽ, അധികം താമസിയാതെ ഞാൻ അജ്ഞാതത്തിൽ ദിവ്യതയെ തിരയുകയും കണ്ടെത്തുകയും ചെയ്യുന്നു; എല്ലാറ്റിനെയും വിരിയിക്കുന്ന, ഒടുവിൽ തന്റെ ഉള്ളിലേക്കു തിരികെ കൊണ്ടുപോകുന്ന, നാമരൂപങ്ങളില്ലാത്ത ദിവ്യതയെ.

എന്റെ മൂത്ത സഹോദരിയുടെ മരണത്തിലാണ് മരണം എന്ന യാഥാർത്ഥ്യം ആദ്യമായി എനിക്ക് പ്രത്യക്ഷപ്പെട്ടത്. ദുഃഖിതരായ ബന്ധുക്കളാൽ ചുറ്റപ്പെട്ട ചേച്ചിയുടെ മരണക്കിടക്ക ഞാൻ ഇപ്പോഴും ഓർക്കുന്നു; വിടവാങ്ങലിനുള്ള പ്രാർത്ഥനകൾ ചേച്ചിയുടെ ചെവികളിൽ ഭക്തിനിർഭരമായി പതിക്കുന്നു. സങ്കടംകൊണ്ട് ഞാൻ തളർന്നില്ല, കരഞ്ഞില്ല. എനിക്ക് ചേച്ചിയോട് പ്രത്യേകിച്ച് അടുപ്പമൊന്നുമില്ലായിരുന്നു എന്നാണു തോന്നുന്നത്. മരണം പിടികൂടുമ്പോൾ ചേച്ചി 23-ഓ 24-ഓ വയസ്സ് പ്രായമുള്ള സുന്ദരിയായ ഒരു യുവതിയായിരുന്നു, ദൈവകൃപയും സൗന്ദര്യവും നിറഞ്ഞവൾ. ഇന്ന് അവളുടെ അവസാന നാളുകൾ ഓർക്കുമ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞു വരുന്നത് അവളുടെ ആത്മാവിന്റെ രക്ഷയെക്കുറിച്ച് എനിക്കുണ്ടായ ഉൽക്കണ്ഠയാണ്. അവളുടെ സന്തോഷകരമായ മരണത്തിനായി അന്ത്യകൂദാശ നടത്തുന്നതിന് ഒരു വൈദികനെ കൊണ്ടുവരേണ്ടത് അത്യാവശ്യമാണെന്ന് എനിക്കറിയാമായിരുന്നു. പ്രാദേശിക ഇടവക വികാരി സ്ഥലത്തില്ലായിരുന്നു. അതിനാൽ ഞാൻ നാലോ അഞ്ചോ കിലോമീറ്റർ അകലെയുള്ള കർമ്മലീത്താ ആശ്രമത്തിലേക്ക് ഓടി. അവിടെയും പുരോഹിതൻ ലഭ്യമായിരുന്നില്ല. ഭ്രാന്തമായ ക്രോസ്കൺട്രി ഓട്ടത്തിനൊടുവിൽ ഞാൻ വീട്ടിൽനിന്ന് മൈലുകൾ അകലെയുള്ള ഒരു ഇടവകവികാരിയുടെ അടുത്തെത്തി. അദ്ദേഹം വരാമെന്നു സമ്മതിച്ചു. എനിക്കാശ്വാസം തോന്നി. സ്വർഗത്തിന്റെ താക്കോൽ പുരോഹിതന്റെ കൈവശമുണ്ടെന്ന വിശ്വാസം അക്കാലത്ത് എന്നിൽ ആഴത്തിൽ വേരൂന്നിയിരുന്നു. അതെന്തായാലും, എന്റെ ചെറുപ്പത്തിൽ, മരണം എന്നതു ശരീരത്തിൽ നിന്ന് ആത്മാവിന്റെ വേർപാടായിരുന്നു. ജീവിതത്തെക്കുറിച്ചുള്ള ഈ ദ്വന്ദ്വസങ്കൽപ്പം വർഷങ്ങളോളം എന്നിൽ നിലനിന്നിരുന്നു.

നിർഭാഗ്യവശാൽ, പ്രകൃതിയുമായുള്ള കൂട്ടായ്മയുടെ കാലഘട്ടം അധികകാലം നീണ്ടുനിന്നില്ല. 1944-ൽ ഞാൻ ഈശോസഭയിൽ ചേർന്നതോടെ അത് അവസാനിച്ചു. ദാരിദ്ര്യത്തിന്റെയും വിശുദ്ധിയുടെയും അനുസരണത്തിന്റെയും പിൻബലത്തിൽ ഭൂമിയമ്മയെ മറന്നു...

പഴയ തിരുവിതാംകൂറിലെ ഒരു വിദൂര ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. തൊടുപുഴയ്ക്കും കാളിയാറിനും ഇടയിൽ സ്ഥിതി ചെയ്യുന്ന കോടിക്കുളം ഗ്രാമത്തിൽ. ഇന്ന്, നാം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ വെളിച്ചത്തിൽ, ഞാൻ എന്റെ ബാല്യത്തിലേക്കും കൗമാരത്തിലേക്കും തിരിഞ്ഞുനോക്കുമ്പോൾ, എന്റെ അസ്തിത്വവും മാംസവും ആത്മാവും എന്റെ ഗ്രാമത്തിലെ മണ്ണുമായി എത്ര മാത്രം അടുത്ത് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചെറിയൊരു ഗൃഹാതുരത്വത്തോടെ ഞാൻ മനസ്സിലാക്കുന്നു. ഓരോ ചെടിയും വള്ളിച്ചെടികളും കുറ്റിക്കാടുകളും മരങ്ങളും, പേരുകൊണ്ടു മാത്രമല്ല, തൊട്ടും മണത്തും രുചിച്ചും ഞാൻ അറിഞ്ഞിരുന്നു. ഞങ്ങളുടെ വസ്തുവകകളിൽ ഒന്നിലധികം സ്ഥലങ്ങളിൽ, മരങ്ങൾ നിറഞ്ഞ കാടുകളുണ്ടായിരുന്നു, സൂര്യപ്രകാശം കടക്കാത്ത പച്ച മേലാപ്പുകളായി പടർന്നുപന്തലിച്ച്. അതിനടിയിലുണ്ടായിരുന്നു തലമുറകളുടെ ജനനമരണങ്ങളുടെ സന്തോഷങ്ങളുടെയും സങ്കടങ്ങളുടെയും സാക്ഷികളായി പഴയ വീടുകളുടെ അവശിഷ്ടങ്ങൾ. ഭയവും നടുക്കവുമില്ലാതെ ഒരാൾക്ക് ഈ നിഗൂഢസ്ഥല

ങ്ങളിലേക്ക് പോകാനാകുമായിരുന്നില്ല. എങ്ങും വ്യാപിച്ചിരുന്ന നിശബ്ദത ഭീതിജനകമായിരുന്നു. അത്തരം സന്ദർഭങ്ങളിൽ, പ്രകൃതി നമ്മോടു സംസാരിക്കുന്നതുപോലെ തോന്നുമായിരുന്നു - ചിലപ്പോൾ ആശ്വാസിപ്പിക്കുന്നതുപോലെയും, ചിലപ്പോൾ സുഖപ്പെടുത്തുന്നതുപോലെയും, മറ്റു ചിലപ്പോൾ സ്വന്തം ഉയരങ്ങളും ആഴങ്ങളും അപാരതയും വെളിപ്പെടുത്തുന്നതുപോലെയും. ആ ദിവസങ്ങളിൽ, പച്ച മണ്ണിനോടും ഉഴുതുമറിച്ച മണ്ണിനോടും, ഞങ്ങളുടെ നെൽവയലുകളിൽകൂടി ഒഴുകുന്ന തോടുകളോടും എനിക്കൊരു അടുപ്പം തോന്നിയിരുന്നു. നിങ്ങൾ നഗ്നമായ മണ്ണിലിരിക്കുമ്പോൾ, അരുവിയിലെ സ്ഫടികസമാനമായ വെള്ളത്തിൽ മുങ്ങുമ്പോൾ, മഴനനഞ്ഞു കുതിരുമ്പോൾ, സൂര്യന്റെ ചൂടുപൊള്ളുന്ന രശ്മികളേൽക്കുമ്പോൾ, നിങ്ങളുടെ ഉണ്മ ഭൗമികമായ, മൃൺമയമായ (telluric) രതിമൂർച്ഛയിൽ ത്രസിക്കും. മണ്ണുമായുള്ള സമ്പർക്കംതന്നെ എനിക്ക് ഒരു അനുഗ്രഹമായിരുന്നു, കൃപയുടെ പ്രവാഹമായിരുന്നു. മണ്ണിൽ പണിയെടുക്കുന്നതിലൂടെയുള്ള സമ്പർക്കത്തിൽ ഇത് പ്രത്യേകിച്ചും സത്യമായിരുന്നു. പണിയെടുക്കുക എന്നതു കളിയും അഭിനിവേശവുമായി അനുഭവിച്ച ഒരാളായിരുന്നു എന്റെ പിതാവ്. പിതാവിനോടൊപ്പം ഞാനെന്നും വയലിൽ പോയി, ഉഴുതുമറിച്ചു, നട്ടുപിടിപ്പിച്ചു; ചൂടുള്ള ദിവസങ്ങളിൽ, എന്റെ മുതുകിൽ ഉപ്പുകണങ്ങൾ രൂപം കൊള്ളുന്നതുവരെ. ഞാനും പിതാവുമതിൽ അഭിമാനംകൊണ്ടു. ഉച്ചയാകുമ്പോഴേക്കും ഞാൻ തളർന്ന്, ചെളിയിൽ പുതച്ച്, വിയർപ്പിൽ കുളിച്ചിരിക്കും. എന്നെ സംബന്ധിച്ചിടത്തോളം അത് വലിയ സംതൃപ്തിയുടെ നിമിഷങ്ങളായിരുന്നു. ഞാൻ ഉണ്മയുടെ ലഹരിയും സൗഖ്യവും അനുഭവിച്ചു. അതുകൊണ്ടാണ് ശാരീരിക അധ്വാനം പരമാവധി കുറയ്ക്കാൻ ശ്രമിക്കുന്ന തരത്തിലുള്ള വികസനത്തിന് സാരമായ എന്തോ കുഴപ്പം ഉണ്ടെന്നു ഞാൻ കരുതുന്നത്.

നിർഭാഗ്യവശാൽ, പ്രകൃതിയുമായുള്ള കൂട്ടായ്മയുടെ കാലഘട്ടം അധികകാലം നീണ്ടുനിന്നില്ല. 1944-ൽ ഞാൻ ഈശോസഭയിൽ ചേർന്നതോടെ അത് അവസാനിച്ചു. ദാരിദ്ര്യത്തിന്റെയും വിശുദ്ധിയുടെയും അനുസരണത്തിന്റെയും പിൻബലത്തിൽ ഭൂമിയമ്മയെ മറന്നു....

എന്റെ ഭൂതകാലത്തെ മനുഷ്യരിൽ വർത്തമാനസാന്നിധ്യമേറ്റവുമനുഭവപ്പെടുന്നത് എന്റെ പിതാവിന്റേതാണ്. അദ്ദേഹം എന്നെ വലയംചെയ്യുന്നതും എന്റെ സിരകളിലൂടെ ഒഴുകുന്നതുമായി എനിക്ക് ഇപ്പോഴും അനുഭവപ്പെടുന്നു. എത്ര അസ്സാധാരണവും ജൈവികവുമായിരുന്നു പിതാവുമായുള്ള എന്റെ ബന്ധം എന്ന് എനിക്കു വെളിപ്പെട്ടത് അദ്ദേഹം ഇല്ലാതായപ്പോൾ മാത്രമാണ്. ആ ബന്ധമറ്റുപോയത് ഒന്നിലേറെ അർത്ഥങ്ങളിൽ എന്നെ പിടിച്ചുലച്ചു. 1983-ൽ ബാംഗ്ലൂരിലെ നാരായണപ്പ ബ്ലോക്കിൽ താമസിക്കുമ്പോഴാണ് അത് സംഭവിച്ചത്. ഞാനും മോളും (മേഴ്സി കാപ്പൻ) അടുക്കളയിൽ ചായ ഉണ്ടാക്കുകയായിരുന്നു. തിളച്ച ചായ ഗ്ലാസുകളിലേക്ക് പകരുന്നതിനിടയിൽ, എന്റെ വിരലുകൾ ഒരു ഗ്ലാസിൽ തൊട്ടു. ഒരു കാരണവുമില്ലാതെ അത് രണ്ടായി പിളർന്നു. നാട്ടുവിശ്വാസപ്രകാരം, കുടുംബത്തിലെ ഒരാളുടെ മരണമാണ് ആ സംഭവം സൂചിപ്പിക്കുന്നതെന്ന് മോൾ എന്നെ ഓർമ്മിപ്പിച്ചു. അതുതന്നെയാണ് സംഭവിച്ചത്. അന്ന് രാത്രി വൈകി സിസ്റ്റർ ജോസും മറ്റൊരു സിസ്റ്ററുംകൂടി വന്ന് പറഞ്ഞു, കോഴിക്കോട്ടുള്ള എന്റെ പിതാവ് മരിച്ചെന്ന്. എന്നെ സംബന്ധിച്ചിടത്തോളം അത് ഉടലിന്റെ, ആത്മീയതയുടെ, മാംസത്തിന്റെ, അതീതതയുടെ വെളിപാടായിരുന്നു. മരണത്തിലേക്കുള്ള അദ്ദേഹത്തിന്റെ ഉണ്മയുടെ ഉൾസ്ഫോടനം(implosion) തന്റെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ എന്നിലും പ്രതിഫലിച്ചു. പരസ്പരം അകന്ന് കഴിയുമ്പോഴും ഞങ്ങൾതമ്മിൽ ഒരു ജൈവ-ആത്മീയ അനുസ്യൂതി രൂപപ്പെട്ടിരുന്നു. ഇന്നും അതേ അനുസ്യൂതി, ചെറിയ തോതിലെങ്കിലും നിലനിൽക്കുന്നതായി ചിലപ്പോൾ എനിക്ക് തോന്നാറുണ്ട്, എന്നെ പോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്തുകൊണ്ട്.

എന്റെ ഭൂതകാലത്തെ മനുഷ്യരിൽ വർത്തമാനസാന്നിധ്യമേറ്റവുമനുഭവപ്പെടുന്നത് എന്റെ പിതാവിന്റേതാണ്. അദ്ദേഹം എന്നെ വലയംചെയ്യുന്നതും എന്റെ സിരകളിലൂടെ ഒഴുകുന്നതുമായി എനിക്ക് ഇപ്പോഴും അനുഭവപ്പെടുന്നു. എത്ര അസ്സാധാരണവും ജൈവികവുമായിരുന്നു പിതാവുമായുള്ള എന്റെ ബന്ധം എന്ന് എനിക്കു വെളിപ്പെട്ടത് അദ്ദേഹം ഇല്ലാതായപ്പോൾ മാത്രമാണ്. ആ ബന്ധമറ്റുപോയത് ഒന്നിലേറെ അർത്ഥങ്ങളിൽ എന്നെ പിടിച്ചുലച്ചു.

വിചിത്രമെന്നു പറയട്ടെ, അമ്മയെക്കാൾ അടുപ്പം എനിക്ക് അപ്പനോടായിരുന്നു. ആർക്കും അളക്കാനാവാത്ത ആഴങ്ങളുള്ള ഒരു സമുദ്രംപോലെയായിരുന്നു അമ്മ. അമ്മ എപ്പോഴും ആത്മബോധമുള്ളവളും അചഞ്ചലയും ഞങ്ങളെ പരിപാലിക്കുന്നതിൽ കരുതലുള്ളവളുമായിരുന്നു. അമ്മയുടെ കരസ്പർശത്താൽ രോഗശാന്തിയുണ്ടാകുമെന്ന അവ്യക്തമായ ഒരു വിശ്വാസം അയൽക്കാർക്കുണ്ടായിരുന്നു. വയറിളക്കമോ മലബന്ധമോ ബാധിച്ച കുട്ടികളെ തിരുമ്മി സുഖപ്പെടുത്താൻ അവർ അമ്മയുടെ അടുത്തു കൊണ്ടുവരുമായിരുന്നു. വികാരപ്രകടനങ്ങളിൽ അപ്പനെ പോലെ ആയിരുന്നില്ല അമ്മ. സന്തോഷമായാലും സങ്കടമായാലും പ്രകടിപ്പിക്കുന്നതിൽ അമ്മ മിതത്വം പാലിച്ചിരുന്നു. അമ്മ കലിതുള്ളുന്നതു ഞാൻ കണ്ടിട്ടില്ല. വിശ്വാസത്തിനു പോലും അനക്കാൻ പറ്റാത്ത ഒരു പർവ്വതം പോലെയായിരുന്നു അമ്മ.

അപ്പൻ അതിനു നേർവിപരീതമായിരുന്നു; ഓരോ കാറ്റിലും ആടിയുലയുന്ന വള്ളിച്ചെടി പോലെയായിരുന്നു. അപ്പൻ പെട്ടെന്ന് കോപിക്കുകയും അതുപോലെ തണുക്കുകയും ക്ഷമിക്കുകയും ചെയ്യുമായിരുന്നു. ഇടയ്ക്കിടെ അമ്മയുമായുള്ള ചെറിയ വഴക്കുകൾക്കുശേഷം അപ്പൻ കരയുന്നതുപോലും ഞാൻ കണ്ടിട്ടുണ്ട്. അതവരെ കൂടുതൽ അടുപ്പിക്കുകയാണുണ്ടായത്. എന്നാൽ അപ്പനെ എനിക്ക് എല്ലാവരിലും പ്രിയങ്കരനാക്കിയത് അദ്ദേഹത്തിന്റെ മായാത്ത ➤

ദൈവചിന്തയിലെ പൊരുത്തക്കേടുകൾ

വി. എം. ഫ്രാൻസീസ് വിലങ്ങുപാറ
ഫോൺ: 9446307979

സർ, പ്രായം കൂടുന്നതോടുകൂടി മരണാനന്തരചിന്ത അലോസരപ്പെടുത്തുന്നു. ശുദ്ധീകരണസ്ഥലത്തെപ്പറ്റി ആകുലപ്പെടേണ്ടന്ന് ആശ്വസിപ്പിച്ചും സ്വർഗ്ഗപ്രവേശനം ആശംസിച്ചും അങ്ങയുടെയും മറ്റുപല സുമനസ്സുകളുടെയും പ്രതികരണം ലഭിച്ചു. നന്ദി! (സത്യജ്വാല, 2021 നവം. ലക്കം, പേജ് 38.)

എങ്കിലും കൺഫ്യൂഷൻ തീരുന്നില്ല, സാർ. മതാചാര്യന്മാർ കഴിഞ്ഞ എൺപതുവർഷമായി എന്റെ തലച്ചോറിൽ നിക്ഷേപിച്ച ദൈവചിന്തകൾക്കു കാലവും വിദ്യാഭ്യാസവും പകർന്നുതന്ന വിമോചനാശയങ്ങളുമായി പൊരുത്തക്കേടുകൾ ഉണ്ടാകുന്നു.

വില്യം ഷേക്സ്പിയർ King Lear എന്ന നാടകത്തിൽ Act 4, Scene I-ൽ നിരാശനായി വിലപിക്കുന്നു. "As Wanton boys are we to the Gods; They kill us for their mere sports".

വയലുകളിൽ വിളയാടുന്ന വികൃതിക്കുട്ടികൾ തുമ്പികളെപ്പിടിച്ച്, അവയുടെ വാൽമുറിച്ചു അതിൽ വയൽപ്പൂല്ലിന്റെ പൂങ്കുല കുത്തിക്കയറ്റി പറക്കാൻ വിടുന്നു. പ്രാണവേദനയോടെ പറന്നകലുന്ന ആ നിരാശ്രയ ജീവി എവിടെയോ മറയുന്നു. അതുപോലെ ദൈവങ്ങളുടെ വിനോദ-വികൃതിയുടെ ബലിവസ്തുക്കളാണ് മനുഷ്യർ.

നർമ്മമായിരുന്നു. രസകരമായ സംഭവങ്ങളുടെ വറ്റിപ്പോകാത്ത ഒരു ശേഖരം അദ്ദേഹത്തിനുണ്ടായിരുന്നു. അത് വളരെ ആലങ്കാരികമായി അദ്ദേഹം വിവരിക്കുമായിരുന്നു. ഞങ്ങളതു കേൾക്കാനോടിക്കൂടിയിരുന്നു. സംഭവങ്ങൾ വിവരിക്കുമ്പോൾ ആ മുഖത്ത് വശ്യമായ ഒരു സിനിക്കൽ പുഞ്ചിരി വിരിയുമായിരുന്നു. ആവേശം കൂടുമ്പോളദ്ദേഹം കൂട്ടിലടച്ച വെരുകിനെ പോലെ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുമായിരുന്നു. തുടക്കത്തിൽ അരുവിപോലൊഴുകുന്ന നർമ്മം ഒരു ഗ്ലാസ് കള്ള് ഇന്ധനമായി ഉള്ളിൽ ചെന്നാൽ പെട്ടെന്നൊരു വെള്ളച്ചാട്ടമായി മാറും. അപ്പന് മദ്യപാനം പാവനമായ ഒരനുഷ്ഠാനമായിരുന്നു; ആദ്യം ഗ്ലാസ് നിറയ്ക്കും, എന്നിട്ട് വലിയൊരു പ്രഖ്യാപനം നടത്താനെന്ന മട്ടിൽ എഴുന്നേറ്റു നിന്ന് ഒറ്റയടിക്ക് മുഴുവൻ മദ്യവും അകത്താക്കും. ഈ ചടങ്ങ് ഒരിക്കലും ഒരേ ദിവസം ആവർത്തിക്കില്ല. സത്യത്തിൽ, അപ്പൻ മദ്യപിച്ചു മത്തുപിടിക്കുന്നതു ഞാൻ കണ്ടിട്ടില്ല.

കാപ്പന്മാർ പൊതുവേ ഭക്തിയുള്ളവരായിരുന്നില്ല. ഭക്തിക്കും ഭക്തിരാഹിത്യത്തിനുമിടയിലുള്ള അതിർത്തിപ്രദേശത്തെവിടെയോ അപ്പൻ നിലയുറപ്പിച്ചു. ഒരിക്കലും ഞായറാഴ്ചക്കുർബാന മുടക്കിയില്ല. പക്ഷേ, പള്ളിക്കകത്തല്ല, പുറത്തു പള്ളി മുറ്റത്ത് നിറഞ്ഞുനിന്ന ഒരു പ്ലാവിന്റെ വേരിൽ കുത്തിയിരിക്കും. വൈദികരോടും കന്യാസ്ത്രീകളോടും അദ്ദേഹത്തിനു വലിയ ആദരവൊന്നുമുണ്ടായിരുന്നില്ല. സ്വന്തം അമ്മാവൻ അറിയപ്പെടുന്ന ഒരു വൈദികനായിരുന്നു. വല്ലപ്പോഴുമൊരിക്കൽ, അദ്ദേഹം തന്റെ സ്വകാര്യ പാചകക്കാരനോടൊപ്പം ഞങ്ങളുടെ ഗ്രാമത്തിൽ വന്നിറങ്ങും. ഗ്രാമം മുഴുവൻ അദ്ദേഹത്തിന്റേതാണെന്നും എന്റെ പിതാവ് ഉൾപ്പെടെയുള്ള സഹോദരപുത്രന്മാർക്ക് ഭൂമി വീതിച്ചുതന്നത് അദ്ദേഹമാണെന്നും കേട്ടിരുന്നു. എല്ലാ ബന്ധുക്കളും അദ്ദേഹത്തെ പ്രീതിപ്പെടുത്താൻ പരസ്പരം മത്സരിച്ചതിൽ അതിശയിക്കാനില്ല. ഈ സീനിയർ ഫാദർ കാപ്പൻ നാടൻ മദ്യത്തിൽ അതീവ തൽപരനായിരുന്നു. എതിർപ്പിന്റെ സ്വഭാവം അദ്ദേഹത്തിന്റെ രക്തത്തിലുണ്ടായിരുന്നു. എറണാകുളത്തെ ആർച്ച് ബിഷപ്പിനെതിരെ അമ്മാവന്റെ ധിക്കാരത്തെക്കുറിച്ച് എന്റെ പിതാവ് അനുഭാവപൂർവം പറയാറുണ്ടായിരുന്നു. അദ്ദേഹമൊരിക്കൽ ബിഷപ്പിനോടു പറഞ്ഞത്രേ, "എന്നെപ്പോലെതന്നെ ഒരു സ്ത്രീയിൽ നിന്നാണ് നിങ്ങളും ജനിച്ചതെന്ന് നിങ്ങൾക്കറിയാമെങ്കിൽ, നിങ്ങളെന്തിനാണ് എന്നോടു തട്ടിക്കയറുന്നത്?" അദ്ദേഹം തന്റെ ജീവിതത്തിന്റെ അവസാനഭാഗം സഭാപരമായ സസ്പെൻഷനിൽ ജീവിച്ചതിൽ അതിശയിക്കാനില്ല.

എന്റെ പിതാവിൽനിന്ന് ഞാൻ പഠിച്ച ഒരുപാട് കാര്യങ്ങളുണ്ട് - തൊഴിലിലൂടെയുള്ള മാനവീകരണം, പ്രകൃതിയുമായുള്ള സംസർഗ്ഗത്തിന്റെ രോഗശമനശേഷി, മതം പറയുന്ന പലതും വ്യാജവും കപടവും ആണെന്നുള്ള സത്യം, എന്നിങ്ങനെ. അതിലും പ്രധാനമായി, പ്രയത്നത്തിന്റെ നിഗൂഢത അപ്പനെനിക്കു പകർന്നുതന്നു. 1944-ൽ എന്നെ എന്നെന്നേക്കുമായി വീട്ടിൽനിന്ന് യാത്രയാക്കുന്നതിനുള്ള കാളവണ്ടിയിൽ കയറുമ്പോൾ, ബന്ധുക്കളുടെയും അയൽക്കാരുടെയും സാന്നിധ്യത്തിൽ, അപ്പന് ഇതുമാത്രമേ എന്നോടു പറയാനുണ്ടായിരുന്നുള്ളൂ, "എവിടെ പോയാലും മികവ് പുലർത്താൻ ശ്രമിക്കുക." ആ ഉപദേശം ആത്മീയതയുടെ അന്വേഷണത്തിലായാലും മാനവികവിഷയങ്ങളുടെ പഠനത്തിലായാലും തത്ത്വചിന്തയിലായാലും ഞാൻ ആത്മാർത്ഥമായി പിന്തുടർന്നു. ആ ഉപദേശത്തിനു വളരെ മുമ്പുതന്നെ, കരിമണ്ണൂർ മിഡിൽ സ്കൂളിൽ ഞാൻ മികവ് തെളിയിച്ചിരുന്നു. ഒരു വാർഷികാഘോഷവേളയിൽ, പൊതുപ്രാവീണ്യം, നല്ല പെരുമാറ്റം, പ്രസംഗം, കവിതാപാരായണം, ലോംഗ് ജമ്പ്, ഹൈജമ്പ്, സ്പ്രിന്റിംഗ് എന്നിവ ഉൾപ്പെടെ 13 ഒന്നാം സമ്മാനങ്ങൾ ഞാൻ നേടിയിരുന്നു. ഈശോസഭയിലും ഞാൻ മികവ് പുലർത്തി, പക്ഷേ, അത് ഒരു വിയോജിപ്പുകാരനായിട്ടായിരുന്നു. അതിന്റെ അനന്തരഫലങ്ങൾ എന്റെ പിതാവിന് അറിയില്ലെങ്കിലും, ഇതുവരെ പര്യവേഷണം ചെയ്യപ്പെടാത്തതും ചോദ്യം ചെയ്യപ്പെടാത്തതുമായ ഇടങ്ങളിലേക്കുള്ള എന്റെ സാഹസികയാത്രകളെ അദ്ദേഹത്തിലെ വിമതൻ അംഗീകരിക്കുമെന്ന് എനിക്കുറപ്പുണ്ട്. (തുടരും)

യുക്തിബോധം മതമൗലികചിന്തകൾക്കു പണയം കൊടുത്തിട്ടില്ലാത്ത എല്ലാവർക്കും ഇവിടെ ഒരു രൂപകധ്വനി കേൾക്കാൻ കഴിയും.

ഉൽപ്പത്തിയിലേക്കു ഒന്നു എത്തിനോക്കുക.

ആദം ആവശ്യപ്പെടാതെ സ്വന്തം അധികാരം പ്രയോഗിച്ച് ദൈവം ചപലയായ ഹൗവ്വായെ സൃഷ്ടിച്ച് കൂട്ടിനുകൊടുത്തു, വിഷലിപ്തമായ പാമ്പിന്റെ പ്രവേശനം അനുവദിച്ചു; ദൈവംതന്നെ നട്ടു വളർത്തിയ വൃക്ഷത്തിന്റെ പഴംതീറ്റിച്ചു; അവനെയും അവന്റെ പിൻതുടർച്ചയെയും 'പാപികൾ' എന്നു മുദ്രയടിച്ചു. എന്നിട്ടയാളോടു പറയുന്നു, "നിന്നോട് എനിക്കു അപാരമായ സ്നേഹമുണ്ട്. നിന്നെ പാപവിമുക്തമാക്കാൻ എന്റെ സ്വന്തം പുത്രനെ ബലിയാക്കി സമർപ്പിക്കും..." സാർ, എന്തിന് ഈ ചതിയുടെ അഭ്യാസങ്ങൾ!!

വീണ്ടും കൺഫ്യൂഷൻ! സാർ, ലോകജനസംഖ്യയിൽ 31.2– 33 % മാത്രമാണ് ക്രിസ്ത്യാനികൾ. അവർക്കുമാത്രമേ മാമോദീസായിൽക്കൂടി പാപവിമോചനം ലഭിക്കുന്നുള്ളു. ബാക്കി 2/3 ജനങ്ങൾ, അതായത് 7.9 ബില്യൺ (ഒൻപതു പൂജ്യങ്ങൾ) ജനങ്ങളെ സ്വന്തം താൽപര്യപ്രകാരം ജനിപ്പിച്ചു നൂറു വർഷം ഭൂമിയിൽ ജീവിക്കാൻ വിട്ടിട്ട് ബാക്കിയുള്ള അനന്തമായ കാലത്തേക്കു ശിക്ഷിക്കുകയാണു ചെയ്യുന്നതെങ്കിൽ, ആ അധികാരി ക്രിസ്തു പഠിപ്പിച്ച "ആബാ, പിതാവാണോ?"

പിന്നെയും കൺഫ്യൂഷൻ! ദൈവത്തിന് ഒരു പുത്രനോ? വിവാഹവാഗ്ദാനം കഴിഞ്ഞ ഒരു പാവം പെൺകുട്ടിയെ, സ്വന്തം റൂഹായെ വിട്ടു ഗർഭിണിയാക്കുന്നു. റൂഹായ്ക്കു പ്രജയുടെ പൈതൃകത്വം അനുവദിക്കുന്നില്ല. മഹാഭാരതത്തിലെ കുന്തിക്കുപോലും ഗർഭധാരണത്തിൽ ഈ ഗതികേടുകൾ അനുഭവിക്കേണ്ടി വന്നിട്ടില്ല, സാർ, സൃഷ്ടിയുടെ നാഥനെയാണ് നാം പിതാവ് എന്നു വിളിക്കുന്നതെങ്കിൽ ആദത്തിന്റെ പിതാവും ദൈവമല്ലേ? പിന്നെയെന്തിനു മറ്റൊരു 'സ്വന്തം പുത്രൻ' വിവാദം?

യേശുക്രിസ്തു താൻ ദൈവപുത്രനാണെന്നു അവകാശപ്പെട്ടതായി വിശുദ്ധ പുസ്തകങ്ങളിൽ കാണുന്നില്ല. എന്നാൽ അദ്ദേഹം 'മനുഷ്യപുത്രൻ' എന്നു പല തവണ ആവർത്തിച്ചിട്ടുണ്ട്. "ആബാ പിതാവേ" എന്ന് ദൈവത്തെ വിളിക്കുവാൻ അദ്ദേഹം മനുഷ്യമക്കളോടു ഉപദേശിച്ചു. അദ്ദേഹത്തിനെ ലോകത്തിനറിയാം, ഒരു യുഗപ്രഭാവനായ ചരിത്രപുരുഷൻ! അദ്ദേഹം മാനുഷികവും അമാനുഷികവുമായ സിദ്ധികളുടെ ഉടമയായിരുന്നു. ഇത് പൈതൃകസിദ്ധിയാണോ; അത് സ്വയം അർജ്ജിച്ചതാണോ എന്നറിയില്ല. അദ്ദേഹം അന്നത്തെ ദുഷിച്ച ഭരണാധിപന്മാരെ, അവരുടെ പീഡനത്തെ, മതത്തിന്റെപേരിലുള്ള ചൂഷണത്തെ എതിർത്തു. തങ്ങളുടെ നിലനിൽപ്പിനുവേണ്ടി മതപുരോഹിതർ അദ്ദേഹത്തെ വധിച്ചു. അദ്ദേഹം മരണം സ്വീകരിച്ചത് മനുഷ്യന്റെ പാപപരിഹാരബലിയായിട്ടല്ല, സത്യത്തിൽ ചൂഷിതരുടെ വിമോചനത്തിനു വേണ്ടിയായിരുന്നില്ലേ?

സാർ, വീണ്ടും കൺഫ്യൂഷൻ: ദൈവത്തിന്റെ സ്വന്തം പുത്രൻ മനുഷ്യരുടെ പാപത്തിന്റെ ഭാരം വഹിച്ചു ബലിവസ്തു ആയെങ്കിൽ പിന്നെയും പാപത്തിന് ലോകത്തു നിലനിൽക്കാനാകുമോ? നരകം അന്നുതന്നെ പിരിച്ചുവിടാമായിരുന്നില്ലേ?

സർ, ഒരിക്കൽ എന്റെ കൈയിൽ ഒരു ഉറുമ്പു കടിച്ചതായിത്തോന്നി. നഗ്നനേത്രങ്ങൾക്കു ഗോചരമല്ലാതിരുന്ന അവനെ ഞാൻ ചൂണ്ടുവിരലിന്റെ നഖത്തിനടിയിൽ കോർത്തു വലിച്ചു പെരുവിരലും നടുവിരലും ചേർത്തു ശക്തിയായി തിരുമ്മി. കരടുപോലെ ഇരുന്ന ആ വസ്തുവിനെ മേശപ്പുറത്തെ ഗ്ലാസിൽ ഇട്ടു. തുടർന്ന്, സൂക്ഷ്മ വസ്തുകളെ കാണാവുന്ന കണ്ണാടി എടുത്തുവച്ചു നോക്കി.

ആ കരട് വീണിടത്തു കിടന്ന് ഒന്നുരുണ്ട് പിടച്ചെഴുന്നേറ്റു നേരേ വടക്കോട്ടു യാത്രയായി. ഒരു മൊട്ടുസൂചിമുനയിൽ അതിനെ ഒളിപ്പിക്കാം. സത്യത്തിൽ എന്റെ പെരുവിരലിന്റെ സൂക്ഷ്മരേഖയുടെ വിടവിൽ അവൻ മർദ്ദനത്തിൽ നിന്നു രക്ഷപ്പെട്ടതായിരുന്നു. അത്രയ്ക്കുണ്ട് അവന്റെ വലുപ്പം.

സാർ, അതിനും ജീവനുണ്ട്; ഭക്ഷണം വേണം, ദഹനപ്രക്രിയവേണം. അനന്തര തലമുറയ്ക്കുവേണ്ട ഉല്പാദനശേഷി വേണം. ടൺകണക്കിനു ഭാരമുള്ള പസഫിക്കിലെ തിമിംഗലത്തിനും ജീവനുണ്ട്. വടവൃക്ഷമായി ഒരു പ്രദേശം മുഴുവൻ ശാഖോപശാഖകളാകുന്ന വടവൃക്ഷം ഒളിഞ്ഞിരിക്കുന്ന കുരുവിനും ജീവനുണ്ട്.

സാർ, ഈ ജീവൻ എല്ലായിടത്തും വ്യാപിച്ചിരിക്കുകയാണോ, അതോ ഒരു കേന്ദ്രത്തിൽനിന്ന് ഉല്പാദിപ്പിക്കപ്പെടുകയാണോ?

സാർ, ഭൂമിയിൽ ദ്രവ്യം (Matter) അല്ലാത്ത എല്ലാത്തിനും ജീവനുണ്ട്. മനുഷ്യനും ജീവനുണ്ട്. ചില മനുഷ്യരിൽനിന്നു നിമിഷങ്ങൾകൊണ്ടു പോകുന്ന ജീവൻ മറ്റു ചിലരിൽനിന്ന് വർഷങ്ങൾ കിടപ്പുരോഗികളായാലും വിട്ടുപോകുന്നില്ല!

എന്നാൽ മനുഷ്യജീവന്റെ സഹയാത്രികനായി ആത്മാവ് ഉണ്ടെന്നു പറയുന്നു. മറ്റൊന്നിനും അതില്ലേ? മനുഷ്യനിൽ എപ്പോഴാണ്, ആത്മാവ് ഈ അധിനിവേശം നടത്തുന്നത്? ബീജമായി മാതാവിന്റെ ഗർഭപാത്രത്തിൽ രൂപംകൊണ്ട ജീവനിൽ ആത്മാവുണ്ടോ? ഗർഭസ്ഥശിശുവിന് ആത്മാവുണ്ടോ? ഏതു നിമിഷത്തിലായിരിക്കും ആത്മാവിന്റെ ഈ ശരീരത്തിലേക്കുള്ള വരവ്?

ഈ ആത്മാവ് ആരുടെ വരുതിയിലാണ്? ആത്മാവ് ദൈവാരൂപിയിലുള്ളതാണെങ്കിൽ അതിനു പാപം ചെയ്യാനാകുമോ? വിധി ദിവസം ശരീരം ഭൂമിയിലല്ലേ? ആത്മാവാണോ ശരീരം ചെയ്ത തെറ്റിന്റെ ശിക്ഷ അനുഭവിക്കേണ്ടത്. അതു ദൈവനീതിയാണോ?

സാർ, കൂടുതൽ ആലോചിക്കുംതോറും കൂടുതൽ കൺഫ്യൂഷൻ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കുമാരാനാശൻ പറയുന്നു:

"തിരയുന്നു മനുഷ്യനെന്തിനോ, തിരിയാ ലോകരഹസ്യമാർക്കുമേ." ആകയാൽ, 1976–ൽ വയലാർ രചിച്ചു ദേവരാജൻ ഈണം പകർന്നു എസ്. പി. ബാലസുബ്രഹ്മണ്യം മലയാളി മനസ്സിന്റെ ആഴത്തിൽ ഇൻജക്ട് ചെയ്ത വരികൾ. **"നമ്മൾ വിധിയുടെ ബലിമൃഗങ്ങൾ"** എന്നു വിശ്വസിച്ച് വരുന്നതു വരട്ടെ എന്നു വിചാരിച്ചാൽ കൺഫ്യൂഷൻ ഇല്ലാതാകും; അല്ലേ, സാർ?

മറുപടി

എനിക്കൊന്നുമറിയില്ലേ എന്ന കപടഭാവത്തിൽ, ഉത്തരങ്ങളിൽ പൊതിഞ്ഞുള്ള ഈ ചോദ്യങ്ങൾ നമ്മുടെ വേദപാരംഗതർക്ക് അയച്ചുകൊടുത്താൽ നന്നായിരിക്കും. അവരുടെ തലയിൽ വെളിച്ചം കയറാനും നമ്മുടെ വേദപാഠഗ്രന്ഥങ്ങൾ തിരുത്തപ്പെടാനും അങ്ങനെ ഇടയാകട്ടെ!

എഡിറ്റർ

ബിഷപ്പ് ധർമ്മരാജ് റസാലം ഇരുട്ടിന്റെ മറവിൽ കാട്ടിയ കന്നംതിരിവ്!

[അഡ്മിഷന് കോഴ വാങ്ങിയതുൾപ്പെടെയുള്ള നിരവധി കേസുകളിൽ പ്രതിസ്ഥാനത്തുള്ള സി എസ് ഐ ദക്ഷിണകേരള മഹായിടവകാധ്യക്ഷനും, 'ചർച്ച് ഓഫ് സൗത്ത് ഇന്ത്യ'യുടെ മോഡറേറ്ററുമായ ബിഷപ്പ് ധർമ്മരാജ് റസാലം, സി എസ് ഐ സഭയുടെ തിരുവനന്തപുരത്തുള്ള എം എം ചർച്ച് കൈയേറി തന്റെ കത്തീഡ്രൽ പള്ളിയാക്കിയ സംഭവത്തെക്കുറിച്ച്, 'I 2 I News' പുറത്തുവിട്ട വീഡിയോയിൽനിന്ന് തയ്യാറാക്കിയത്]

കേരളചരിത്രത്തിൽത്തന്നെ ഏറെ പ്രാധാന്യമുള്ളതാണ്, തിരുവനന്തപുരം പട്ടണത്തിൽ സ്ഥിതിചെയ്യുന്ന എം എം ചർച്ച്, അഥവാ 'മാറ്റീർ (Mateer) മെമ്മോറിയൽ സിഎസ്ഐ ചർച്ച്'. 1906-ലാണ് ഈ ചർച്ച് ഇവിടെ സ്ഥാപിച്ചതെന്ന് ചരിത്രം പറയുന്നു. ഇംഗ്ലണ്ടുകാരനായ റവ. സാമുവൽ മാറ്റീർ ജനാധിപത്യരീതിയിലായിരുന്നു, ചർച്ചിന്റെ ഭരണകാര്യങ്ങൾ വിഭാവനംചെയ്തിരുന്നത്. അന്നുമുതൽ എം എം ചർച്ചിന്റെ ഭരണം, ജനാധിപത്യമാതൃകയിൽ ട്രസ്റ്റ് വഴിയായിരുന്നു.

പക്ഷേ കഴിഞ്ഞ കുറച്ചു നാളുകളായി കഴുകൻ കണ്ണുകളുമായി, പേരിൽ 'ധർമ്മം' ഉണ്ടെങ്കിലും യാതൊരു ധർമ്മവും പ്രവൃത്തിയിലും ജീവിതത്തിലുമില്ലാത്ത ബിഷപ്പ് ധർമ്മരാജ് റസാലവും സംഘവും ഈ പള്ളിയെ ലക്ഷ്യമിട്ടു പറക്കുകയായിരുന്നു. ഇടവക ട്രസ്റ്റി ഭരണത്തിനുകീഴിലുള്ള പള്ളി ഗുണ്ടായിസത്തിലൂടെ പിടിച്ചടക്കിയിരിക്കുക യാണ്, 16-ഓളം കേസുകളിൽ പ്രതിയായ ബിഷപ്പ് ധർമരാജ് റസാലം എന്ന അധർമ്മ ഗുണ്ടാത്തലവൻ.

തിരുവനന്തപുരത്ത് ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന എം എം ചർച്ചിന് കോടികളാണ് വരുമാനം. ബഹുഭൂരിപക്ഷം വിശ്വാസികളും സർക്കാർ ജീവനക്കാരാണ്. അവരാണ് ട്രസ്റ്റി ഭരണവും പള്ളിക്കാര്യങ്ങളും കൃത്യതയോടെ മുന്നോട്ടു കൊണ്ടുപോകുന്നത്. ഇതിൽ കൈകടത്താൻ അവകാശ മില്ലാതെ വന്നപ്പോൾ, ബിഷപ്പ് റസാലം ഭരണഘടന തിരുത്തി, ട്രസ്റ്റ് സംവിധാനത്തെയും പള്ളിഭരണത്തെയും തകർക്കാൻ കച്ചകെട്ടി ഇറങ്ങി. പി.ടി പ്രവീൺ എന്ന ബോംബ് കേസിലെ പ്രതിയെ മുൻനിർത്തി മതിലുകൾ ഇടിച്ചുനിരത്തി. ബിഷപ്പിന്റെ അധീനതയിലുണ്ടായിരുന്ന അവിടുത്തെ ചെറിയപള്ളി - ചാപ്പൽ - അയാൾ ആ രാത്രിയിൽത്തന്നെ ബുൾഡോസർ ഇറക്കി ഗുണ്ടകളെ ഉപയോഗിച്ച് ഇടിച്ചു തകർക്കുകയും, അവിടെയുണ്ടായിരുന്ന എം എം ചർച്ച് എന്ന ബോർഡ് പിഴുതെറിഞ്ഞ്, 'MM CSI Cathedral' എന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്തു.

ആത്മീയാചാര്യനായ ഒരു ബിഷപ്പ് ഇരുട്ടിന്റെ മറവിൽ നടത്തിയ ഈ കന്നംതിരിവ് നിങ്ങൾ കാണാതെ പോകരുത്. അവിടുത്തെ 120- ഓളം വീട്ടുകാർക്ക് ആരാധനാലയം ഇല്ലാതാക്കി അഴിഞ്ഞാടുകയായിരുന്നു, ഈ 'അധർമ്മരാജ്' റസാലം...

ജനലക്ഷങ്ങളുടെ ആരാധ്യനായ ഒരു മേലധ്യക്ഷൻ ഗുണ്ടകളെ ഉപയോഗിച്ച് ഒരു ഗ്യാങ്സ്റ്റർ ആയി അഴിഞ്ഞാട്ടം നടത്തുമ്പോൾ വിശ്വാസികൾ എന്തുചെയ്യും? കോടികൾ വരുന്ന സ്വത്തുവകകളും വരുമാനവും ലക്ഷ്യംവെച്ച്, ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ അഭിപ്രായങ്ങൾക്ക് പുല്ലുവിലകൽപിച്ച് അഴിഞ്ഞാട്ടം നടത്തുന്ന ഇവനൊക്കെ എന്തു വിലയിടണം എന്ന ആശങ്കയിലാണ് വിശ്വാസികൾ.

അങ്ങനെ, 2022 ഏപ്രിൽ 29-ന് സർക്കാരിന്റെയും മ്യൂസിയം പോലീസിന്റെയും കാവലിൽ, ഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് ബിഷപ്പ് അധർമ്മരാജ് റസാലം, എം എം ചർച്ചിനെ കത്തീഡ്രൽ ആക്കി തന്റെ അധികാര വരുതിയിലാക്കിയിരിക്കുന്നു. തുടർന്നുവന്ന ഞായറാഴ്ച മറ്റൊരു ഹാളിലാണ് വിശ്വാസികൾ വിശുദ്ധ കുർബാന അർപ്പിച്ചത്.

സി എസ് ഐ സഭയുടെ വിവിധ ഇടവകകളിൽ വമ്പിച്ച പ്രതിഷേധമാണ് വിശ്വാസികൾ നടത്തുന്നത്. ധനനേട്ടംമാത്രം ലക്ഷ്യംവച്ചുകൊണ്ട്, വർഷങ്ങളായി നിലനിന്നിരുന്ന എം എം ചർച്ചിന്റെ ജനാധിപത്യ പ്രക്രിയയെ മർക്കടമുഷ്ടി കൊണ്ട് തകർത്ത് ഏകാധിപത്യം സ്ഥാപിച്ചിരിക്കുകയാണ് ബിഷപ്പ് റസാലം. ഇനി ഈ പണമൊക്കെ എവിടെപ്പോകും എന്ന് കണ്ടറിയുകതന്നെ വേണം. ഇത് ഇവിടംകൊണ്ടൊന്നും അവസാനിക്കുമെന്ന് തോന്നുന്നില്ല. വിശ്വാസികൾ കഷ്ടപ്പെട്ട് ഉണ്ടാക്കിയെടുത്ത സ്വത്താണ്, ഒരു നാൾകൊണ്ട് ഒരു സ്വേച്ഛാധിപതി പിടിച്ചുപറിച്ചത്! പണ്ട്, എംഎം മണിയെ പേടിച്ച് ഓടിയൊളിച്ച സി. പി രാമസ്വാമി അയ്യരുടെ അവസ്ഥ യായിരിക്കും ധർമ്മരാജ് റസാലത്തെയും കാത്തിരിക്കുന്നത്.

– അങ്ങനെ, ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ മോഡറേറ്റർ, സീറോ-മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിനെ മലർത്തിയടിച്ച്, ഇത്തരം കാര്യങ്ങളിൽ താനാണ് ഒന്നാമൻ എന്നു തെളിയിച്ചിരിക്കുന്നു.!

– എഡിറ്റർ



പുന്നയ്ക്കൽ സ്കൂൾ വിഷയത്തിൽ സർക്കാർ ഉത്തരവിന് ഹൈക്കോടതി സ്റ്റേ!

എം.എൽ ജോർജ് മാളിയേക്കൽ
(ജന. സെക്രട്ടറി, CLA) ഫോൺ: 9400953632

കോഴിക്കോട്: പുന്നയ്ക്കൽ സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ താമരശ്ശേരി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ലയിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തു. പ്രസ്തുത ഹൈസ്കൂൾ വിളക്കാംതോട് സെൻറ് സെബാസ്റ്റ്യൻസ് ഇടവകസമൂഹം 1983-ൽ സ്ഥാപിച്ച, നൂറു ശതമാനം വിജയത്തോടെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന, ഇടവക കോർപ്പറേറ്റ് മാനേജ്മെന്റായുള്ള സ്കൂളാണ്. ഈ ഹൈസ്കൂൾ, അഴിമതിരഹിതമായും സുതാര്യമായും ഇടവകയുടെ മാനേജ്മെന്റിൽത്തന്നെ നിലനിർത്തിയാൽമതി എന്നുള്ള ഇടവക സമൂഹത്തിന്റെ തീരുമാനത്തെ വെല്ലുവിളിച്ചുകൊണ്ടാണ് രൂപതാ കോർപ്പറേറ്റിലേക്ക് മാറ്റാനുള്ള ശ്രമം താമരശ്ശേരി രൂപതാ 2012-ൽ ആരംഭിച്ചത്. കോർപ്പറേറ്റ് അധ്യാപകനിയമനങ്ങൾക്ക് രൂപത 25 മുതൽ 40 ലക്ഷം വരെ രൂപ കൈക്കൂലി വാങ്ങിക്കൊണ്ടാണ് ഇപ്പോൾ നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നേട്ടം കൊയ്യുന്നതിനു വേണ്ടി, രൂപതാ ബിഷപ്പ്, രൂപതാ കോർപ്പറേറ്റ് മാനേജർ എന്നിവർ താമരശ്ശേരി DEO-യെയും ഭരണകർത്താക്കളെയും കൂട്ടുപിടിച്ച് വ്യാജ വിവരങ്ങൾ കാണിച്ചുള്ള മാനേജ്മെൻറ് ട്രാൻസ്ഫറിന് അപേക്ഷ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, കേരള പൊതുവിദ്യാഭ്യാസ സെക്രട്ടറി വഴി ഇടവക കോർപ്പറേറ്റ് ഉടമസ്ഥതയിലുള്ള ഹൈസ്കൂൾ രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടേതാക്കി ഉത്തരവിറക്കുകയാണ് ചെയ്തത്.

ഈ ഉത്തരവിനെ ചോദ്യംചെയ്ത്, 'കാത്തലിക് ലേമെൻസ് അസോസിയേഷ'(CLA)ന്റെ വിളക്കാംതോട് സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ് ഭാരവാഹി എം.ഡി. ഡൊമിനിക് ഹർജിക്കാരനായും, കേരള വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, താമരശ്ശേരി DEO, താമരശ്ശേരി രൂപതാ ബിഷപ്പ്, താമരശ്ശേരി രൂപതാ കോർപ്പറേറ്റ് മാനേജർ, വിളക്കാംതോട് ഇടവക വികാരി, കൂറുമാറിയ ഇടവക കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാറ്റത്തിനെതിരെ നിയമനടപടികൾ നടത്തി അനുകൂല വിധി സമ്പാദിച്ച കൂറുമാറിയ ഇടവകാംഗം വിൻസെൻറ് ജോൺ എന്നിവർ പ്രതികളായും, കേരള ഹൈക്കോടതിയിൽ W.P. (c) No.15879/2022 (H) ആയി ഫയൽചെയ്ത റിട്ട് ഹർജിയിലാണ് ഹൈക്കോടതി ജഡ്ജി ടി.ആർ രവി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത് ഓർഡർ പുറപ്പെടുവിച്ചത്.

പ്രതികരണം **എഡിറ്റർ**

ഒരു പതിറ്റാണ്ടിലേറെ നീണ്ട ഈ നിയമയുദ്ധത്തിന് നീറുപോലെനിന്ന് നേതൃത്വംകൊടുക്കുന്ന 'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'ന്റെയും പുന്നയ്ക്കൽ വിളക്കാംതോട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകസമൂഹത്തെയും എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല.

കോർപ്പറേറ്റ് അധ്യാപകനിയമനങ്ങൾക്ക് രൂപത 25 മുതൽ 40 ലക്ഷം വരെ രൂപ കൈക്കൂലി വാങ്ങിക്കൊണ്ടാണ് ഇപ്പോൾ നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നേട്ടം കൊയ്യുന്നതിനുവേണ്ടി, രൂപതാ ബിഷപ്പ്, രൂപതാ കോർപ്പറേറ്റ് മാനേജർ എന്നിവർ താമരശ്ശേരി ഉജ്ജ്വല-യെയും ഭരണ കർത്താക്കളെയും കൂട്ടുപിടിച്ച് വ്യാജ വിവരങ്ങൾ കാണിച്ചുള്ള മാനേജ്മെൻറ് ട്രാൻസ്ഫറിന് അപേക്ഷ നൽകിയിരുന്നു.

വാസ്തവത്തിൽ, ഈ കേസ് വിജയിക്കേണ്ടത് കേരള സഭയിലെ മുഴുവൻ ഇടവകകളുടെയും വിശ്വാസിസമൂഹത്തിന്റെയും ആവശ്യമാണ്. കാരണം, മുമ്പ് ഓരോ ഇടവക ക്കമ്മിറ്റിയും സുതാര്യമായും കാര്യക്ഷമതയോടെയും നടത്തിക്കൊണ്ടിരുന്ന സ്കൂളുകളെല്ലാം ഒറ്റയടിക്ക്, ആരോടും ചോദിക്കാതെ, തങ്ങളുടെ കീഴിൽ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റുകൾ രൂപീകരിച്ച് അവയുടെ ഉടമസ്ഥത സ്വന്തമായി സ്ഥാപിച്ചെടുക്കുകയായിരുന്നു, മെത്രാന്മാർ. മലബാർഭാഗത്തുള്ള ചില സ്കൂളുകൾമാത്രമാണ് അതിൽ പ്പെടാതെപോയത്. പിന്നീട് അവയിൽ പലതും ബലംപ്രയോഗിച്ച് രൂപതാ കോർപ്പറേറ്റ് സംവിധാനത്തിന് കീഴിലാക്കി. ഇതിനെതിരെ പുന്നയ്ക്കൽ സ്കൂൾ മാത്രമാണെന്നു തോന്നുന്നു, വിജയകരമായി ഇപ്പോഴും ചെറുത്തു നിൽക്കുന്നത്.

വ്യാജരേഖയുണ്ടാക്കി രൂപതാ കോർപ്പറേറ്റിനു കീഴിലാക്കിയ ഞാറയ്ക്കൽ സ്കൂൾ തിരിച്ചുപിടിക്കാൻ അവിടുത്തെ കന്യാസ്ത്രീകൾ നടത്തിയ ഐതിഹാസിക നിയമപോരാട്ടത്തിന്റെ കഥ സത്യജ്വാല വായനക്കാർക്ക് അറിവുള്ളതാണല്ലോ. അത്രയുമോ, അതിലേറെയോ പ്രാധാന്യമുള്ളതാണ് പുന്നയ്ക്കൽ സ്കൂളുമായി ബന്ധപ്പെട്ട ഈ കേസ് എന്ന് എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്. കാരണം, ഈ കേസ് എല്ലാ ഇടവകക്കാർക്കും തങ്ങളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ രൂപതാ കോർപ്പറേറ്റ് എന്ന സ്വേച്ഛാധിപത്യസംവിധാനത്തിൽനിന്ന് മോചിപ്പിക്കാനുള്ള ഉത്തമമാതൃകയായി നിലകൊള്ളുന്നു.

അതുകൊണ്ടുതന്നെ, ഈ കേസിന്റെ മുന്നോട്ടുള്ള നടത്തിപ്പിൽ എല്ലാ പിന്തുണയും സഹായങ്ങളും 'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'നു നൽകാൻ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട് എന്ന് ഓർമ്മിപ്പിക്കട്ടെ. **-എഡിറ്റർ** ●

കെ.സി.ആർ.എം വിതരണം ചെയ്യുന്ന പുസ്തകങ്ങൾ

	പുസ്തകത്തിന്റെ പേര്	ഗ്രന്ഥകാരന്റെ പേര്	മുഖവില	വില്പനവില
01.	ആദ്ധ്യാത്മികത ഉണർത്തുന്ന ചോദ്യങ്ങൾ	ജോർജ് മൂലേച്ചാലിൽ	120 രൂപാ	100 രൂപാ
02.	**KCRM:** ചരിത്രം, ഇടപെടലുകൾ, പഠനങ്ങൾ	ജോർജ് മൂലേച്ചാലിൽ	350 രൂപാ	250 രൂപാ
03.	ഫാദർ ബനഡിക്ടും മറിയക്കുട്ടികൊലപാതകവും	പി.കെ. മാത്യു ഏറ്റുമാനൂർ	150 രൂപാ	100 രൂപാ
04.	കാട്ടിലച്ചന്റെ അതിജീവന കഥകൾ	ഹക്കോബ സ്നേഹ	250 രൂപാ	150 രൂപാ
05.	നവകൊളോണിയലിസത്തിന്റെ നാല്ക്കവലയിൽ	ജോർജ് മൂലേച്ചാലിൽ	100 രൂപാ	80 രൂപാ
06.	പ്രതിസംസ്കൃതിയിലേക്ക് (ഫാ. കാപ്പന്റെ ചിന്തകളിലൂടെ)	സെബാസ്റ്റ്യൻ വട്ടമറ്റം	100 രൂപാ	70 രൂപാ
07.	നാളത്തേക്കൊരു ലൈംഗികസദാചാരം	ഫാ. എസ് കാപ്പൻ	95 രൂപാ	90 രൂപാ
08.	ദൈവനാമത്തിൽ	ഡേവിഡ് യാലപ്	360 രൂപാ	300 രൂപാ
09.	യേശുവിനെ ക്രൂശിക്കുന്നവർ	ജോസഫ് കാലായിൽ	130 രൂപാ	100 രൂപാ
10.	യേശുസൂക്തങ്ങളും യോഗസൂത്രങ്ങളും	യോഗാചാര്യ **N.P** ആന്റണി	70 രൂപാ	50 രൂപാ
11.	മതാധിപത്യം കത്തോലിക്കാസഭയിൽ	ചാക്കോ കളരിക്കൽ	80 രൂപാ	50 രൂപാ
12.	സഭാനവീകരണത്തിലേക്ക് ഒരു വഴി	ചാക്കോ കളരിക്കൽ	150 രൂപാ	100 രൂപാ
13.	ഇടയൻ (നോവൽ)	ചാക്കോ കളരിക്കൽ	110 രൂപാ	60 രൂപാ
14.	പാപ്പായുടെ പരസ്യകുമ്പസാരവും പറയാത്ത ചരിത്രസത്യങ്ങളും	പി. കെ. മാത്യു, ഏറ്റുമാനൂർ	150 രൂപാ	150 രൂപാ
15.	അവബോധത്തിലേക്ക് വാല്യം 1	സക്കറിയാസ് നെടുങ്കനാൽ	100 രൂപാ	50 രൂപാ
16.	അവബോധത്തിലേക്ക് വാല്യം 2	സക്കറിയാസ് നെടുങ്കനാൽ	100 രൂപാ	50 രൂപാ
17.	ഏകം സത്	ഇമ്മാനുവൽ സത്യാനന്ദ്	320 രൂപാ	200 രൂപാ
18.	ഡിങ്കന്റെ അരുളപ്പാടുകൾ	ബേബി കുഴിയാനിമറ്റം	250 രൂപാ	150 രൂപാ
19.	ഭൂതജീവിതത്തിലെ വഴിയോരക്കാഴ്ചകൾ	സെബാസ്റ്റ്യൻ വട്ടമറ്റം	100 രൂപാ	80 രൂപാ
20.	അടിമകളെ സ്നേഹിച്ച ചാവറയച്ചൻ	ജോസഫ് പനമൂടൻ	100 രൂപാ	80 രൂപാ
21.	അപ്രിയയാഗങ്ങൾ (നൂറോളം ഗാനങ്ങളടങ്ങുന്ന സി. ഡി. സൗജന്യം)	സാമുവൽ കൂടൽ	150 രൂപാ	100 രൂപാ
22.	കത്തോലിക്കാ സഭയുടെ അബദ്ധവിശ്വാസങ്ങൾ	പ്രൊഫ. പി. എൽ ലൂക്കോസ്	150 രൂപാ	100 രൂപാ
	ഓശാന (IICS) യിൽ നിന്നുള്ള പുസ്തകങ്ങൾ			
23.	യേശുവും സഭയും	ജോർജ് മൂലേച്ചാലിൽ	80 രൂപാ	60 രൂപാ
24.	Acts & Decrees of the Synod of Diamper	Editor, Dr. Scaria Zacharia	150 രൂപാ	120 രൂപാ
25.	ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ	എഡി. സ്കറിയ സക്കറിയ	100 രൂപാ	70 രൂപാ
26.	വർത്തമാനപുസ്തകം (ആധുനിക ഭാഷാന്തരം)	പാറേമ്മാക്കൽ ഗോവർണ്ണദോർ (പ്രൊഫ. മാത്യു ഉലകുംതറ)	125 രൂപാ	100 രൂപാ
27.	മാനിക്കേയൻ കുരിശു വിവാദം	ജോസഫ് പുലിക്കുന്നേൽ	50 രൂപാ	40 രൂപാ
28.	ഉദയംപേരൂർ സുനഹദോസ് – ഒരു ചരിത്രവിചാരണ	ഒരു സംഘം ലേഖകർ	50 രൂപാ	40 രൂപാ
29.	പ്രൈവറ്റ് കോളജ് അധ്യാപകന്റെ സ്മരണകൾ	ജോസഫ് പുലിക്കുന്നേൽ	80 രൂപാ	60 രൂപാ
30.	കാനോൻ നിയമത്തിലെ കാണാച്ചരടുകൾ	ജോസഫ് പുലിക്കുന്നേൽ	80 രൂപാ	60 രൂപാ
31.	Identity of Nazrani Church of Kerala	Joseph Pulikunnel	75 രൂപാ	60 രൂപാ
32.	ആരാധനക്രമ വിവാദം ഓശാനയുടെ ഇടപെടലുകൾ	ജോസഫ് പുലിക്കുന്നേൽ	125 രൂപാ	100 രൂപാ
33.	പേഷ്സി – ചരിത്രപരമായ ഒരു പഠനം	ജോസഫ് പുലിക്കുന്നേൽ	50 രൂപാ	40 രൂപാ

KCRM പ്രതിമാസപരിപാടി – ജൂൺ

തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ?-ഒരു പുനരന്വേഷണം

ചർച്ചാസമ്മേളനം

2022 ജൂൺ 18, മൂന്നാം ശനി, ഉച്ചയ്ക്ക് 2 മുതൽ, പാലാ ടോംസ് ചേംബർ ഹാളിൽ

അധ്യക്ഷൻ : **കെ ജോർജ് ജോസഫ്** (ചെയർമാൻ)

വിഷയവതരണം : വിവിധ മേഖലകളിൽ തന്റെ പ്രതിഭ തെളിയിച്ച **ശ്രീ സണ്ണി മാത്യു, കുന്നേൽപുരയിടം** (വനവികസനകോർപ്പറേഷൻ മുൻ ഡിവിഷണൽ മാനേജർ, ചരിത്രപഠിതാവ്, ശില്പി, 'ഗ്രാമഫോൺ മ്യൂസിയം ആൻഡ് റിക്കോർഡ്സ് ആർക്കൈവ്' ഉടമ).

പ്രതികരിച്ചു സംസാരിക്കുന്നവർ :

കെ കെ ജോസ് കണ്ടത്തിൽ
പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം
മാത്യു എം തറക്കുന്നേൽ (ട്രഷറർ)
ഡോ. എം കെ മാത്യു ആന്റോ മാങ്കൂട്ടം (സെക്രട്ടറി)
ജോർജ് മൂലേച്ചാലിൽ (സത്യജ്വാല എഡിറ്റർ)

ബഹുമാന്യരേ,

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിലുള്ള ശക്തമായ ഒരു പാരമ്പര്യമാണ്, നസ്രാണി സഭയ്ക്ക് തുടക്കമിട്ടത് തോമ്മാശ്ലീഹായാണ് എന്നത്. എന്നാൽ ഏതാനും പതിറ്റാണ്ടുകളായി, തോമ്മാശ്ലീഹാ ഇവിടെ വന്നിട്ടില്ലെന്ന വാദം ഉയർന്നുവരുന്നു; മാർപാപ്പമാർ ഉൾപ്പെടെ അതിൽ പങ്കുവഹിക്കുന്നു! കേരളസഭയുടെ അപ്പോസ്തോലികപൈതൃകം നിഷേധിച്ച്, ഈ സഭ പൂർണ്ണമായും കൽദായമാണെന്ന് വരുത്തിത്തീർക്കാനുള്ള പൗരസ്ത്യതിരുസംഘത്തിന്റെ രാഷ്ട്രീയം ഇതിനുപിന്നിലുണ്ടോ എന്നു സംശയിക്കണം.

ഈ സാഹചര്യത്തിലാണ്, പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന നിരവധി ചരിത്രരേഖകളുടെ തുമ്പുകൾ കൂട്ടിവച്ച് ചരിത്രപഠനം നടത്തുന്ന ശ്രീ സണ്ണി മാത്യുവിന്റെ, ഈ വിഷയം സംബന്ധിച്ചുള്ള നിഗമനങ്ങൾ (കാണുക: സത്യജ്വാല ഏപ്രിൽ, മെയ് ലക്കങ്ങൾ) ശ്രദ്ധേയമാകുന്നത്.

ഈ ചർച്ചാപരിപാടിയിലേക്ക്, ഏവരെയും ഹാർദ്ദമായി ക്ഷണിക്കുന്നു!

ആന്റോ മാങ്കൂട്ടം (സെക്രട്ടറി)
ഫോൺ: 9447136392

സദസ്

➢ യേശുവിനെയും യേശുവിന്റെ സ്നേഹ സന്ദേശത്തെയും മാറ്റിനിർത്തി, പൗലോസിന്റെ 'സുവിശേഷ'മാണ് സഭകളെല്ലാം ഇന്ന് പ്രഘോഷിക്കുന്നത്.

ഈ സത്യം തിരിച്ചറിഞ്ഞ്, യേശുവിനെയും ഈ ലോകത്ത് സംസ്ഥാപിക്കേണ്ട ദൈവ രാജ്യത്തെക്കുറിച്ചുള്ള പ്രബോധനങ്ങളെയും സഭയിലേക്ക് തിരികെ കൊണ്ടുവരുകയെന്നത് കണ്ണുതുറന്നുകിട്ടിയവരുടെ ഉത്തരവാദിത്വമാണ്, അദ്ദേഹം പറഞ്ഞുനിർത്തി.

വിഷയാവതരണത്തിനുശേഷം പ്രതികരണപ്രസംഗങ്ങൾ നടന്നു. കെ കെ ജോസ് കണ്ടത്തിൽ, ജെ പി ചാലി, പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, ഡോ. എം കെ മാത്യു, ആന്റോ മാങ്കൂട്ടം, ജോർജ് മൂലേച്ചാലിൽ, ജോഷി പോൾ, ഒ ഡി കുര്യാക്കോസ് എന്നിവർ സംസാരിച്ചു.

ചർച്ചാസമ്മേളനത്തിന് സെക്രട്ടറി ആന്റോ മാങ്കൂട്ടം സ്വാഗതം പറയുകയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ജോ. സെക്രട്ടറി കെ വി ജെയിംസിന്റെ നന്ദി പ്രകാശനത്തോടെ പരിപാടി 5.30-ന് പര്യവസാനിച്ചു.

ആന്റോ മാങ്കൂട്ടം (സെക്രട്ടറി)
ഫോൺ: 9447136392

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 25 - 05 - 2022

JUNE 2022
Sathyajwala
Price Rs. 30.00

Registered: KL/KTM/133/2020-22
Licence No. KL/CR/KTM/WPP-10/2020-22
Licensed to Post Without Prepayment.

KCRM പ്രോഗ്രാം റിപ്പോർട്ട്

"പൗലോസ് അബദ്ധസിദ്ധാന്തങ്ങളുടെ ഉപജ്ഞാതാവ് "-ശ്രീ. സ്കറിയാ കുര്യൻ

കെ സി ആർ എം - ന്റെ മെയ് മാസ ചർച്ചാസമ്മേളനം ഇരുപത്തിയൊന്നാം തീയതി പാലാ ടോംസ് ചേംബർ ഹാളിൽ നടന്നു. ചെയർമാൻ കെ ജോർജ് ജോസഫ് ആധ്യക്ഷ്യംവഹിച്ചു.

ശ്രീ സ്കറിയാ കുര്യൻ

ശ്രീ കെ കെ ജോസ് കണ്ടത്തിൽ

'യേശുവിന്റെ ദർശനവും പൗലോസിനെ ദർശനവും - വൈരുദ്ധ്യങ്ങൾ' എന്നതായിരുന്നു ചർച്ചാ വിഷയം. പ്രശസ്ത പത്രപ്രവർത്തകനും ബൈബിൾ പണ്ഡിതനും ഗ്രന്ഥകാരനുമായ സ്കറിയാ കുര്യൻ പാമ്പാടിയാണ് വിഷയം അവതരിപ്പിച്ച് സംസാരിച്ചത്.

യേശുവിന്റെ ദർശനവും പൗലോസിനെ ദർശനവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾമാത്രമല്ല, ബൈബിളിലാകെ നിരന്നുകിടക്കുന്ന നിരവധി വൈരുധ്യങ്ങളിലേക്കുകൂടി വെളിച്ചംവീശുന്നതായിരുന്നു, ശ്രീ സ്കറിയാ കുര്യന്റെ വിഷയാവതരണം. യേശുവിന്റെ പിതാവ് ആരെന്നു ചോദിച്ചാൽ അതിന് യഹോവ എന്ന് ചിലർ ഉത്തരം പറയും; അതല്ല, പരിശുദ്ധാത്മാവാണെന്ന് ചിലർ പറയും; ദാവീദിന്റെ പുത്രനാണ് യേശു എന്നു പറയുന്നവരും ഉണ്ട്! മറിയത്തിന്റ ഭർത്താവായ ജോസഫിനെ മാറ്റിനിർത്തിക്കൊണ്ടാണ് യേശുവിന്റെ പിതൃത്വം ഇങ്ങനെ പലരിലും കെട്ടിവയ്ക്കുന്നത്, അദ്ദേഹം പറഞ്ഞു.

യേശു ഒരിക്കലും യഹോവ എന്ന യഹൂദരുടെ ഗോത്രദൈവത്തെ പരാമർശിക്കുകപോലും ചെയ്തിട്ടില്ല. എന്നാൽ, യേശു ഉദ്ഘോഷിക്കുന്ന പിതാവായ ദൈവം യഹോവയാണെന്ന് വരുത്തിത്തീർക്കാനാണ് പൗരോഹിത്യം എന്നും ശ്രമിച്ചുപോരുന്നത്. അസഹിഷ്ണുവും പകപോക്കുന്നവനും ജനതകളെ കൊന്നൊടുക്കാൻ ആജ്ഞാപിക്കുന്നവനുമായ ഒരു ഗോത്രദൈവത്തിനെങ്ങനെ, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തിയായ യേശുവിന്റെ പിതാവായ ദൈവമാകാനാകും? യേശുവിന്റെ പിതാവായ ദൈവം പ്രപഞ്ചസത്തതന്നെയാണ്, അദ്ദേഹം അഭിപ്രായപ്പെട്ടു.

പൗലോസ് സൂത്രശാലിയാണെന്ന്, മിന്നൽ വെളിച്ചത്തിൽ നിലത്തു വീണ അദ്ദേഹത്തോട്, "നീയെന്നെ ഉപദ്രവിക്കുന്നത് എന്ത്?" എന്ന ശബ്ദം കേട്ടതേ, "നീ ആരാകുന്നു കർത്താവേ?" എന്നുചോദിച്ചു എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ വ്യക്തമാണ്. ഒരിക്കൽപ്പോലും കാണുകയോ കേൾക്കുകയോ അറിയുകയോ അംഗീകരിക്കുകയോ ചെയ്യാത്ത യേശുവിനെ 'കർത്താവേ' എന്നു വിളിച്ചെന്ന കഥയുണ്ടാക്കി രംഗത്തുവന്നത്, നേതൃനിരയിലേക്ക് കടന്നുവന്ന് സഭയുടെ കടിഞ്ഞാൻ കൈയിലെടുക്കുവാനായിരുന്നു എന്ന് വേണം കരുതാൻ.

പുരോഹിതർ കൊലചെയ്ത യേശുവിന്റെ ക്രൂശുമരണത്തെ ബലിയായി അവതരിപ്പിച്ച്, യേശുവിന്റെ രക്തത്താലുള്ള പാപപരിഹാരം, വിശ്വാസത്താലുള്ള രക്ഷ, യേശു ഏക മധ്യസ്ഥൻ മുതലായ, യേശു ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലാത്ത സിദ്ധാന്തങ്ങൾ അവതരിപ്പിക്കുകയാണ് പൗലോസ് ചെയ്തത്. ഈ സിദ്ധാന്തങ്ങളിൽ, പരസ്പരസ്നേഹത്തിലും പങ്കുവയ്ക്കലിലും ഉദയംകൊള്ളുന്ന ദൈവരാജ്യത്തിന്റെ സുവിശേഷം സഭയിൽ മുങ്ങിപ്പോവുകയാണുണ്ടായത്. കോൺസ്റ്റൻറൈൻ ചക്രവർത്തിയെപ്പോലെതന്നെ പൗലോസും, സഭയെ തനിക്കാക്കി വെടക്കാക്കുകയായിരുന്നു.

അദ്ധ്യക്ഷപ്രസംഗം-കെ. ജോർജ് ജോസഫ്

ആന്റോ മാങ്കൂട്ടം

Printed & Published by George Moolechalil, Vallichira P.O, Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Kottaramattom, Pala, Pala P.O., Kottayam-686 575. Editor: George Moolechalil, Vallichira P.O., Kottayam, Kerala-686 574.